# ജീവമൊഴികൾ

വാല്യം 5 ജനുവരി 2007 ലക്കം 1

## എഡിറ്റോറിയൽ

# ദൈവസ്നേഹം നമ്മിലൂടെ



**ദൈ**വം ആരാണ്?- മനുഷ്യന്റെ അന്വേഷണം. ദൈവം സ്നേഹമാണ്- ബൈബിൾ നൽകുന്ന മറുപടി (1 യോഹന്നാൻ 4:8, 16).

സ്നേഹത്തിന്റെ ഏറ്റവും ഉദാത്തമായ അവസ്ഥ, ത്യാഗപരമായ സ്നേഹം (Agape Love). അതാണ് ദൈവമെന്നു ബൈബിൾ പറയുന്നു. ഈ സ്നേഹമാണ് ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ ശക്തി; ഇതിലൂടെയാണ് ഈ ലോകത്തെ നിയന്ത്രിച്ചുനയിക്കേണ്ടതെന്നു ദൈവം നിശ്ചയിച്ചു. എന്നാൽ ലൂസിഫർ, സാത്താൻ, ദൈവത്തിന്റെ ഈ നിലപാടിനെതിരായിരുന്നു. മത്സരം, നിഗളം, വെറുപ്പ്, പക, അധികാരം- ഇവ നൽകുന്ന ശക്തിയാണ് ത്യാഗപരമായ സ്നേഹത്തിന്റെ ശക്തിയെക്കാൾ തീക്ഷ്ണമെന്ന് അവൻ കരുതി.

ഇന്നും ഈ ലോകത്ത് ഈ രണ്ടു ശക്തികളും സമാന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ദൈവം ത്യാഗപരമായ സ്നേഹത്തിന്റെ ശക്തിയാണ് വലുതെന്നു തെളിയിച്ചുകൊണ്ടിരിക്കുന്നു. വെറുപ്പും പകയും മത്സരവും നൽകുന്ന ശക്തിയാണ് മെച്ചമെന്നു തെളിയിക്കാൻ സാത്താൻ അത്യദ്ധ്വാനം ചെയ്യുന്നു. നാം നമ്മുടെ പ്രവൃത്തികൾ കൊണ്ട് ഇവരിൽ ആരുടെ ഭാഗത്താണ്?

'സ്നേഹത്തിന്റെ ആറ്റംബോബ്' എന്ന പ്രസിദ്ധമായ ഒരു പുസ്തകമുണ്ട്. കൊറിയയിൽ നടന്ന ഒരു സംഭവകഥയാണ് അതിന്റെ പ്രമേയം. അവിടെ ഒരു ക്രിസ്തീയസഭാശുശ്രൂഷകനു രണ്ട് ആൺമക്കളാണുണ്ടായിരുന്നത്. ഇരുവരും കൗമാരം വിട്ടു യൗവ്വനത്തിലേക്കു കാലൂന്നിയ സമയം. പൊടുന്നനെ രാജ്യത്ത് ഒരു കമ്മ്യൂണിസ്റ്റുവിപ്ലവവും അട്ടിമറിശ്രമവും അരങ്ങേറി. സഭാശുശ്രൂഷകൻ മറ്റൊരു സ്ഥലത്തേക്കു പോയിരുന്ന സന്ദർഭത്തിലാണു വിപ്ലവകാരികൾ അവരുടെ ഗ്രാമത്തിലെത്തിയത്. അവർ ക്രിസ്തീയ ശുശ്രൂഷകന്റെ വീട്ടിലുമെത്തി. വീടാകെ അരിച്ചു പെറുക്കി. രണ്ടാൺമക്കളെയും വീട്ടിനുള്ളിൽ നിന്നു വലിച്ചിഴച്ചു പുറത്തുകൊണ്ടുവന്നു. തോക്കേന്തിയ ചെറുപ്പക്കാരനായ ഒരു വിപ്ലവകാരി ക്രിസ്തീയവിശ്വാസം ത്യജിച്ചു പറഞ്ഞാൽ അവരെ മോചിപ്പിക്കാമെന്നും ഇല്ലെങ്കിൽ കൊല്ലുമെന്നും ആക്രോശിച്ചു. പക്ഷേ ആൺകുട്ടികൾ ഇരുവരും യേശുവിനോടുള്ള സ്നേഹത്തെ തള്ളിപ്പറയാൻ തയ്യാറായില്ല. ഫലം ഇരുവരും ആ ചെറുപ്പക്കാരന്റെ തോക്കിനിരയായി. ഭീഷണികളും ആക്രോശങ്ങളും മുഴക്കി അക്രമികൾ സ്ഥലം വിട്ടു. ....ഗ്രാമത്തെ മുഴുവൻ നടുക്കിക്കളഞ്ഞ ഒരു സംഭവമായിരുന്നു അത്.

ക്രമേണ സ്ഥിതിഗതികൾ നിയന്ത്രണാധീനമായി. വിപ്ലവശ്രമം അടിച്ചമർത്തപ്പെട്ടു. അക്രമികൾ പിടിയിലായി. അവരെ ഒരോരുത്തരെയായി വിസ്തരിച്ച് ശിക്ഷയ്ക്കു വിധിച്ചു. അറസ്റ്റിലായ കൂട്ടത്തിൽ ക്രിസ്തീയ സഭാശുശ്രൂഷകന്റെ ആൺമക്കളെ കൊലചെയ്തവനും ഉണ്ടായിരുന്നു. കോടതി വിസ്തരിച്ച് അവനെ വധശിക്ഷയ്ക്കു വിധിച്ചു.

അങ്ങുഗ്രാമത്തിൽ ആ വാർത്ത അറിഞ്ഞു. മക്കളില്ലാതായിത്തീർന്ന ആ ശുശ്രൂഷകൻ ഉടനെ തലസ്ഥാന നഗരിയിലേക്കു യാത്രയായി. അവിടെ എത്തി അദ്ദേഹം രാജ്യത്തെ പ്രസിഡന്റിനെക്കണ്ടു വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു ജയിലിൽ കഴിയുന്ന ആ ചെറുപ്പക്കാരനുവേണ്ടി ദയാഹർജി സമർപ്പിച്ചു. വിവരങ്ങൾ ചോദിച്ചറിഞ്ഞപ്പോൾ പ്രസിഡന്റ് അത്ഭുതപ്പെട്ടുപോയി. തന്റെ കുഞ്ഞുങ്ങളെ അരുംകൊല ചെയ്തവനുവേണ്ടി ഒരു പിതാവു കരുണയ്ക്കായി അപേക്ഷിക്കുക. മാത്രമല്ല വിട്ടയച്ചാൽ അവനെ ദത്തെടുക്കാനും അദ്ദേഹം തയ്യാറായി.

പ്രസിഡന്റ് തന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് അവന്റെ വധശിക്ഷ റദ്ദുചെയ്തു. പിന്നീടു തടവിൽ നിന്നു വിട്ടയയ്ക്കുയും ചെയ്തു. ആ ശുശ്രൂഷകൻ തന്റെ മക്കളുടെ ഘാതകനെ ഗ്രാമത്തിലെ സ്വന്തംവീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. അവനെ സ്വന്തം മകനായി സ്വീകരിച്ചു. ആ വൃദ്ധപിതാവു വെളിപ്പെടുത്തിക്കൊടുത്ത കാൽവറിയിലെ ദൈവസ്നേഹം അവന്റെ ഹൃദയത്തെ സ്പർശിച്ചു. അവനും ഒരു ക്രിസ്ത്യാനിയായി മാറി. ക്രമേണ ആ ശുശ്രൂഷകന്റെ സ്ഥാനത്ത് ഒരു സുവിശേഷകനായിത്തീർന്നു.

ഇതൊരു കഥയല്ല. നടന്ന സംഭവം. ആ പിതാവിന് എങ്ങനെ തന്റെ മക്കളുടെ ഘാതകനോട് ക്ഷമിക്കാൻ കഴിഞ്ഞു? അവനെ സ്വന്തമകനായി ദത്തെടുക്കാൻ ആ പിതാവിനെ പ്രേരിപ്പിച്ച ശക്തി എന്താണ്? തീർച്ചയായും അത് തന്റെ ഏകജാതനായ പുത്രന്റെ ഘാതകരെ സ്വന്തമക്കളായി സ്വീകരിച്ച ആ സ്വർഗ്ഗീയ പിതാവിന്റെ ത്യാഗധന്യമായ സ്നേഹത്തിന്റെ ശക്തിതന്നെയാണ്. ഒരു 'ആറ്റംബോംബിനെ'ക്കാൾ ശക്തമല്ലേ ആ സ്നേഹം? ഈ സ്നേഹം ഇന്നു ശത്രുക്കളെപ്പോലും സ്നേഹിക്കാൻ നമ്മെയും ശക്തീകരിക്കും.

സ്നേഹത്തിന്റെ അധ്യായമെന്ന് അറിയപ്പെടുന്ന 'ഒന്നു കൊരിന്ത്യർ 13'ൽ ഈ സ്നേഹത്തെ പൗലോസ് ഇങ്ങനെയാണു വിവരിക്കുന്നത്: "സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല. അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല. കോപിക്കുന്നില്ല. വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല. സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു. സകലതും വിശ്വസിക്കുന്നു. സകലതും പ്രത്യാശിക്കുന്നു. സകലത്തേയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (4-8).

ഈ സ്നേഹം നമുക്കുണ്ടോ? സത്യത്തിൽ ഈ സ്നേഹം ഇതിന്റെ പൂർണമായ അർത്ഥത്തിൽ നമുക്ക് എന്നെങ്കിലും എത്തിപ്പിടിക്കുവാൻ കഴിയുമോ? ഇല്ലെ

ങ്കിൽ പിന്നെ ഈ സ്നേഹം ആരുടെ സ്നേഹമാണ്? 'സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല' എന്ന വരി നമുക്ക് ഒരു സൂചന തരുന്നു. ഉവ്വ്, ഇതു നിത്യ സ്നേഹമാണ്. നിത്യജീവന്റെ ലക്ഷണമാണിത്. യേശുവിന്റെ ദിവ്യജീവന്റെ ഒരു വിവരണമാണിത്.

ഈ ഭൂമിയിൽ ജീവിക്കുമ്പോൾ യേശുവിന്റെ ഈ ജീവന്റെ പങ്കാളിത്തം നമുക്കും നേടാൻ കഴിയും. മുന്തിരിവള്ളിയിൽ വസിക്കുന്ന കൊമ്പിലേക്കു ആ രസം ഒഴുകിയെത്തുന്നതുപോലെ അവനിൽ വസിച്ചാൽ സ്വാഭാവികമായി ഈ ജീവൻ നമ്മിലേക്കും ഒഴുകിയെത്തും.

ഈ സ്നേഹം സഹജീവികൾക്കും നമുക്കു പകർന്നുകൊടുക്കുവാൻ കഴിയും. വെളിച്ചം അന്ധകാരത്തിലാണു പ്രകാശിക്കുന്നതെന്നു പറയുന്നതുപോലെ എതിർ ശക്തികളുടെ മുൻപിലാണ് സ്നേഹം വെളിപ്പെടുത്താൻ കഴിയുന്നത്. ഉദാഹരണത്തിനു ക്ഷമിക്കാൻ സ്വാഭാവികമായി കഴിയാത്ത ഒരു സാഹചര്യത്തിലാണ് ദീർഘമായി ക്ഷമിച്ച് സ്നേഹം പ്രദർശിപ്പിക്കാൻ സാധിക്കുന്നത്. അസൂയപ്പെടുകയും അഹങ്കരിക്കുകയും സ്വാർത്ഥം അന്വേഷിക്കുകയും കോപിക്കുകയും ചെയ്യേണ്ട രംഗത്താണ് അങ്ങനെ ചെയ്യാതെ സ്നേഹം വെളിപ്പെടുത്താവുന്നത്.

ഉവ്വ്, എതിർ സാഹചര്യങ്ങളുടെ മുൻപിൽ ക്ഷമിക്കാനും സഹിക്കാനും എല്ലാം ഉള്ള ശക്തിക്കായി യേശുവിന്റെ സ്നേഹത്തെ നമുക്കു കൈ നീട്ടി സ്പർശിക്കാൻ കഴിയും. തന്നെ തിക്കിത്തിരക്കുന്ന പുരുഷാരത്തിനു മദ്ധ്യത്തിൽ വിറയാർന്ന വിരലുകൾകൊണ്ട് രക്തസ്രവക്കാരി സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടു സൗഖ്യമായ രംഗം ഓർക്കുക. അതുപോലെ ഇന്ന് ക്ഷമിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വിശ്വാസത്തിന്റെ വിരൽ നീട്ടി യേശുവിന്റെ സ്നേഹത്തെ നമുക്ക് സ്പർശിക്കുവാൻ കഴിയും. തന്നിൽ നിന്നു ശക്തിപുറപ്പെടും. നാം സൗഖ്യമാകും. ഒപ്പം തന്നെ തൊട്ടത് ആരെന്ന് അവിടുന്ന് തിരിച്ചറിയുകയും ചെയ്യും.

യേശുവിനെ ഇന്നും ഒരു പുരുഷാരം തിക്കിത്തിരക്കുകയാണ്. പക്ഷേ ആ കൂട്ടത്തിൽ ദിവ്യജീവനെ സ്പർശിക്കുന്നവരെ മാത്രമേ അവിടുന്നു തിരിച്ചറിയുന്നുള്ളു. ഈ കാലഘട്ടത്തിൽ യേശു നമ്മെ അങ്ങനെ തിരിച്ചറിയുന്നുണ്ടെങ്കിൽ അത് എത്ര വലിയ ധന്യതയാണ്!





സന്ദേശം

# ദൈവസ്നേഹം നമ്മോടും നമ്മിലും

എച്ച്. എൽ. റൗഷ്



അറിയപ്പെടുവാനും അംഗീകരിക്കപ്പെടുവാനും സ്നേഹിക്കപ്പെടുവാനുമുള്ള വഞ്ച്ഛയോടെ നമ്മുടെ ഒളിവിടങ്ങളുടെ കമ്പിയഴികൾക്കിടയിലൂടെ നാം പുറത്തേക്കു നോക്കുന്നു. ചിലപ്പോൾ നമ്മുടെ യഥാർത്ഥരൂപം മനുഷ്യർക്കു കാണിച്ചു കൊടുക്കുവാനുള്ള ധൈര്യം നാം പ്രദർശിപ്പിക്കുന്നു.

**ദൈ**വം ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ചശേഷം അവർ തമ്മിൽത്തമ്മിലും ദൈവത്തോടും ബന്ധപ്പെട്ട് ജീവിതം നയിച്ചു. താൻ നഗ്നനായിരുന്നെങ്കിലും നാണം തോന്നാതെ ശാന്തചിത്തനായി തന്നെത്തന്നെയും ഹവ്വയെയും സന്തോഷപൂർവ്വം കൈക്കൊണ്ട് അയാൾ നാൾ കഴിച്ചുപോന്നു. താൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണെന്നുള്ള തർക്കമറ്റ വസ്തുതയിൽ ആദാം വിശ്രമം കണ്ടെത്തി. എന്നാൽ ആദാമും ഹവ്വയും എപ്പോൾ ദൈവത്തോട് അനുസരണക്കേടു കാണിച്ചുവോ അപ്പോൾ മുതൽ അവർക്ക് പരസ്പരമുണ്ടായിരുന്ന ഒരുമ നഷ്ടപ്പെട്ടു. അവരുടെ കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്നുള്ള യാഥാർത്ഥ്യം അവർ മനസ്സിലാക്കി. ആ നഗ്നതയെപ്പറ്റി അവർക്കു നാണം തോന്നി. അതോടെ പരസ്പരം സ്വീകരിച്ചിരുന്ന അവർ പരസ്പരം നിരസിക്കുന്നവരായി മാറി. തന്മൂലം അത്തിയിലകൾ കൂട്ടിത്തുന്നി നാണം മറയ്ക്കുവാൻ അവർ തിടുക്കം

കൊണ്ടു. ഓരോരുത്തർക്കും തങ്ങൾ ഏതവസ്ഥയിലായിരുന്നുവോ ആ അവസ്ഥയിൽ മറ്റേവ്യക്തിയുടെ മുമ്പിൽ ജീവിക്കുവാനുള്ള അനുഗ്രഹകരമായ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. തങ്ങളിൽ മറ്റുള്ളവർക്കു കാണുവാനും കൈക്കൊള്ളുവാനും യോഗ്യമായ ഭാഗം മാത്രം പ്രദർശിപ്പിച്ചുകൊണ്ട് ശേഷമെല്ലാം മറയ്ക്കുവാൻ അവർ വെമ്പൽ കൊണ്ടു. തങ്ങളിലും മറ്റുള്ളവരിലുമുള്ള നന്മതിന്മകൾ വിവേചിച്ചുകൊണ്ടും, ഒരു മുഖമൂടിയണിഞ്ഞുകൊണ്ടും, ഒരുതരം അഭിനയജീവിതം നയിക്കുവാൻ അവർ ആരംഭിച്ചു.

ആദാമിനെപ്പോലെതന്നെ ആദമിന്റെ സന്തതിപരമ്പരകളും തങ്ങളുടെ ദുരവസ്ഥയ്ക്കു കാരണക്കാർ മറ്റുള്ളവരാണെന്നു കുറ്റപ്പെടുത്തുന്ന ഒരവസ്ഥയിലാണ് ഇന്നുവരെയും ജീവിക്കുന്നത്. (ഉൽപത്തി 3:12) ദൈവത്തിൽ നിന്നും മറ്റുള്ളവരിൽ നിന്നും തങ്ങളെത്തന്നെ ഒളിക്കുന്ന ഒരു പ്രവണതയും പണ്ടെന്നപോലെ ഇന്നും അവരിൽ കുടികൊള്ളുന്നു. (ഉൽപത്തി 3:8) നാം എന്തായിരിക്കുന്നുവോ അതിൽ നാണംപൂണ്ടും ദൈവത്തിൽ നിന്നും മറ്റുള്ളവരിൽ നിന്നും നമ്മെത്തന്നെ മറയ്ക്കുന്ന ഒരു ഒളിച്ചുകളിയിലേർപ്പെട്ടുകൊണ്ടും നാം ജീവിതം നയിക്കുകയാണ്. സ്വയം സൃഷ്ടിച്ച ഒരു മുഖംമൂടിയണിഞ്ഞുകൊണ്ട് ഉള്ളിലുള്ള യഥാർത്ഥവ്യക്തിത്വത്തെ മറ്റുള്ളവർക്കു തുറന്നുകാട്ടാതെ അവരെ അകറ്റി നിറുത്തുവാനുള്ള മതിൽക്കെട്ടുകൾ നാം നമുക്കു ചുറ്റും പണിതുയർത്തുന്നു. നാമായിരിക്കുന്ന അവസ്ഥയിൽ ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നു വിശ്വസിക്കുവാൻ നമുക്കു സാധിക്കുന്നില്ല. അതിനാൽ അവിടുത്തെ അംഗീകാരം നേടുവാനായി പല നാട്യങ്ങളും നടത്തിക്കൊണ്ട് നാം ജീവിതം നയിക്കുന്നു. മറ്റു മനുഷ്യർ നമ്മെ നാമായിരിക്കുന്ന അവസ്ഥയിൽ കൈക്കൊള്ളുമെന്നും നമുക്കു വിശ്വാസമില്ല. അതിനാൽ അവരുടെ സ്നേഹവും അംഗീകാരവും സമ്പാദിക്കുവാനാഗ്രഹിച്ചുകൊണ്ടും, നമ്മുടെ ലജ്ജ മറച്ചുവച്ചുകൊണ്ടും അവരെ പ്രീതിപ്പെടുത്തുവാൻ പലതരം അത്തിയിലകളിൽ അഥവാ നാട്യങ്ങളിൽ നാമാശ്രയിക്കുന്നു. ആദാമിനുണ്ടായിരുന്ന അടിസ്ഥാനപരമായ വൈകാരികപ്രശ്നങ്ങളാണ് ഇന്ന് നമുക്കും ഉള്ളതെന്ന് നമ്മുടെ പെരുമാറ്റം തെളിയിക്കുന്നു. ഭയം, അപകർഷബോധം (നാം താണവരാണെന്ന ചിന്ത), നിത്യവും നമ്മെ അലട്ടുന്ന കുറ്റബോധം ഇവയാണ് ആ പ്രശ്നങ്ങൾ. ഇവയുടെ പരിഹാരത്തിനായി നാം ദൈവത്തിൽനിന്നും മനുഷ്യരിൽ നിന്നും നമ്മെത്തന്നെ മറച്ച് ഒരുതരം ഒളിവിൽ ജീവിക്കുവാൻ ഒരുമ്പെടുന്നു.

**നമ്മെത്തന്നെ, അതായത് നമ്മുടെ യഥാർത്ഥ അവസ്ഥയെ, ദൈവത്തിന്റെ ദൃഷ്ടിയിലൂടെ കാണുവാനുള്ള ഒരു അടിയന്തിരാവശ്യമാണ് നമുക്കുള്ളത്. ആ നിലയിൽ ദൈവം നമ്മെ ക്രിസ്തുവിൽ കൈക്കൊണ്ടിരിക്കുന്നു എന്നറിയുന്നതോടെ നാം സ്വതന്ത്രരായിത്തീരുന്നു.**

അറിയപ്പെടുവാനും അംഗീകരിക്കപ്പെടുവാനും സ്നേഹിക്കപ്പെടുവാനുമുള്ള വഞ്ഛയോടെ നമ്മുടെ ഒളിവിടങ്ങളുടെ കമ്പിയഴികൾക്കിടയിലൂടെ നാം പുറത്തേക്കു നോക്കുന്നു. ചിലപ്പോൾ നമ്മുടെ യഥാർത്ഥരൂപം മനുഷ്യർക്കു കാണിച്ചു കൊടുക്കുവാനുള്ള ധൈര്യം നാം പ്രദർശിപ്പിക്കുന്നു. നമ്മുടെ യഥാർത്ഥനില വെളിപ്പെടുത്തി





യാൽ നമ്മെ കൈവെടിയാതെ നാമായിരിക്കുന്നതുപോലെ കൈക്കൊള്ളുന്ന ഒരാളെയെങ്കിലും കണ്ടുപിടിക്കുവാൻ നാം ബദ്ധപ്പെടുന്നു. ക്രിസ്ത്യാനികൾക്കിടയിൽ സ്നേഹത്തെപ്പറ്റി പലരും സംസാരിക്കുന്നതുകേട്ട് ആശയോടെ നാമതു ശ്രദ്ധിക്കുന്നു. എന്നാൽ അതിന്റെ ഫലമായി നമുക്കു ലഭിക്കുന്നതു നിരാശത മാത്രം. മുഖത്തോടു മുഖം നോക്കി ആശയങ്ങൾ കൈമാറുവാൻ ഈ ലോകത്തിൽ നമുക്കു മാത്രം സാധിക്കുന്നില്ല. പകരം മുഖംമൂടികൾ തമ്മിലുള്ള ആശയവിനിമയം മാത്രമേ നമുക്കു സാധിക്കുന്നുള്ളൂ.

നാം ആയിരിക്കുന്ന നിലയിൽ നമ്മെ നാം തന്നെ കൈക്കൊള്ളണമെങ്കിൽ അതിനുള്ള ഒരേയൊരു മാർഗ്ഗം ദൈവം നമ്മെ കൈക്കൊള്ളുന്നതിലൂടെയാണ് ലഭിക്കുന്നത്. നമ്മെത്തന്നെ, അതായത് നമ്മുടെ യഥാർത്ഥ അവസ്ഥയെ, ദൈവത്തിന്റെ ദൃഷ്ടിയിലൂടെ കാണുവാനുള്ള ഒരു അടിയന്തിരാവശ്യമാണ് നമുക്കുള്ളത്. ആ നിലയിൽ ദൈവം നമ്മെ ക്രിസ്തുവിൽ കൈക്കൊണ്ടിരിക്കുന്നു എന്നറിയുന്നതോടെ നാം സ്വതന്ത്രരായിത്തീരുന്നു.

ദൈവം സ്നേഹം തന്നെ. അവിടുത്തെ സ്വഭാവത്തിന്റെയും വ്യക്തിത്വത്തിന്റെയും പ്രകാശനമാണ് (വെളിപ്പെടലാണ്) സ്നേഹം. ഭയം നമുക്ക് മാനസികമായ അസ്വസ്ഥതയും വേദനയും ഉളവാക്കുന്നു. അതിനാൽ യഥാർത്ഥ ധൈര്യം കൈവരുമാറ് ഈ ഭയം നീക്കിക്കളഞ്ഞ് അതിന്റെ സ്ഥാനത്ത് വിശ്വാസത്തെ പ്രതിഷ്ഠിക്കുമ്പോഴാണ് നാം ദൈവസ്നേഹം അനുഭവത്തിലാക്കുന്നത്. ദൈവസ്നേഹം നമ്മിൽ പ്രവേശിക്കുന്നതോടെ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ നമ്മുടെ യഥാർത്ഥാവസ്ഥയെ സമ്മതിക്കുവാൻ ഇനി ഒരിക്കലും നാം ഭയപ്പെടേണ്ടതില്ലെന്ന് നമുക്കു ബോധ്യമാകുന്നു. നിർബ്ബന്ധമോ ആയുധമോ പ്രയോഗിക്കാതെ ദൈവസ്നേഹം നമ്മെ ഭരിക്കുകയും നാം സന്തോഷത്തോടെ അതിനെ അനുസരിക്കുകയും ചെയ്യുന്നു. അങ്ങനെ ജീവിതം ഒന്നാകെ പുതുതായിത്തീരുന്നു. ഈ ദൈവസ്നേഹം നമ്മെ കുറ്റം വിധിക്കാതെ നമ്മുടെ എല്ലാ അപൂർണ്ണതകളും മനസ്സിലാക്കുകയും സ്നേഹപൂർവ്വമായ ശുശ്രൂഷ കൊണ്ട് നമ്മെ പൂർണ്ണരാക്കുവാൻ പരിശ്രമിക്കയും ചെയ്യുന്നു.

നമ്മിലുള്ളതായി ദൈവം കാണുന്ന സകല വിധ കുറവുകൾക്കും എതിരായി, അവയെ ഗണ്യമാക്കാതെ, ദൈവം നമ്മെ കൈക്കൊണ്ടിരിക്കയാൽ നമുക്കും നാമായിരിക്കുന്ന നിലയിൽ നമ്മെത്തന്നെ കൈക്കൊള്ളുവാൻ കഴിയും. അതിനാൽ ഇനിമേൽ മനുഷ്യരുടെ അംഗീകാരം നാമന്വേഷിക്കേണ്ട കാര്യമില്ല. ഇങ്ങനെ നാം ആത്മവിശ്വാസം നിറഞ്ഞവരായിത്തീരുന്നു. നമ്മുടെ കുറ്റബോധം നീങ്ങിപ്പോകുന്നു. നമ്മുടെ മനസ്സാക്ഷി ശുദ്ധീകരിക്കപ്പെടുന്നു. ഭയങ്ങളെല്ലാം ഓടിയൊളിക്കുന്നു. ഒരുപക്ഷേ ഒറ്റയ്ക്കായാൽപ്പോലും നമുക്ക് ഏകാന്തതയനുഭവപ്പെടാതെ ദൈവസ്നേഹമെന്ന മഹാത്ഭുതം നമ്മെ സൗഖ്യപൂർണ്ണരാക്കിത്തീർക്കുന്നു.

ഇപ്രകാരം ക്രിസ്തുവിലുള്ള ദൈവസ്നേഹം ഒരിക്കൽ നിങ്ങൾ കണ്ടെത്തിക്കഴിഞ്ഞാൽ അവനിലുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് നിങ്ങൾ അധികമധികം ബോധവാന്മാരായിത്തീരും. കുറ്റബോധത്തിൽ നിന്നും കുറവുകളെക്കുറിച്ചുള്ള ചിന്തയിൽനിന്നും ഭയങ്ങളിൽനിന്നും വിടുവിക്കപ്പെട്ട് ജീവിതത്തിലാദ്യമായി മറ്റുള്ളവരെ യഥാർത്ഥത്തിൽ സ്നേഹിക്കുവാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കു ലഭിക്കും. ക്രിസ്തുവിലുള്ള ദൈവസ്നേഹം നിങ്ങളിൽ വസിക്കുമ്പോൾ ആവശ്യ

ത്തിലിരിക്കുന്നവരുടെനേരെ നിങ്ങളുടെ ഹൃദയവാതിൽ കൊട്ടിയടയ്ക്കുവാൻ നിങ്ങൾക്കു കഴിവില്ലാതാകും. ക്രിസ്തു എങ്ങനെ നിങ്ങളെ സ്നേഹിച്ചു എന്നറികയാൽ മറ്റുള്ളവരെ സ്നേഹിക്കാതിരിക്കാൻ സാധ്യമല്ലാത്ത ഒരവസ്ഥയിൽ നിങ്ങൾ എത്തിച്ചേരും.

വിശ്വാസികൾ തമ്മിലുള്ള സ്നേഹം വേദനയുളവാക്കുന്ന ഒരു കടമയോ വിരസമായ ഒരു കർത്തവ്യമോ മടുപ്പുളവാകുന്ന ഒരു പ്രയത്നമോ ആയിരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. നാം പല്ലുകടിച്ച് നമുക്കിഷ്ടമില്ലാത്തവരെ ഒരുതരത്തിൽ സഹിച്ചുകൊണ്ട് പരബോധ്യത്തിനുവേണ്ടി മാത്രം "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു" എന്നു പറയുകയല്ല ചെയ്യുന്നത്. വിശുദ്ധന്മാർ തമ്മിലുള്ള യഥാർത്ഥ സ്നേഹം പരിശുദ്ധാത്മാവ് നമ്മുടെയുള്ളിൽ നടത്തുന്ന ഒരു പ്രവർത്തനമായിരിക്കുമ്പോൾ, മതപരമായ സ്നേഹം ലോകത്തിൽ വ്യാപരിക്കുന്ന വ്യാജാത്മക്കളുടെ പ്രവർത്തനമാണെന്ന കാര്യത്തിൽ സംശയമില്ലതന്നെ. ഈ കാര്യം വേണ്ടിടത്തോളം നാം മനസ്സിലാക്കിയിട്ടുണ്ട്. ഒരിക്കൽ സൗജന്യമായി നമുക്ക് നൽകപ്പെട്ടിരുന്ന സ്നേഹം അപ്രകാരം നമ്മെ സ്നേഹിച്ച സഭയിൽ നാം പോകാതാകുന്നതോടെ പെട്ടെന്നു പിൻവലിക്കപ്പെടുന്നതായി നമ്മിൽപ്പലരും അനുഭവത്തിൽ കണ്ടിട്ടുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾ നമ്മെ സ്നേഹിച്ചവരുടെ പ്രതീക്ഷയ്ക്കനുസരിച്ച് ഉയരാതാകുമ്പോൾ ഒരിക്കൽ നമ്മുടെ മേൽ ചൊരിഞ്ഞ സ്നേഹം പെട്ടെന്ന് പിൻവലിക്കപ്പെടുന്നതായും നമ്മിൽ ചിലർ മനസ്സിലാക്കിയിട്ടുണ്ട്. മതപരമായ സ്നേഹത്തിന് തെറ്റിപ്പോയ ഒരു സഹോദരനെ സ്നേഹിക്കുവാൻ കഴിവില്ല. അങ്ങനെ തെറ്റിപ്പോയവന്റെ മേൽ പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നതായ ഒരു പുതപ്പ് അണിയിക്കുവാനുള്ള ആഗ്രഹവും അതിനില്ല. അവനെ വീണ്ടുകൊള്ളുവാൻ വേണ്ടി ദീർഘക്ഷമയും സഹിഷ്ണതയും കാണിക്കുവാനും അതിനു പ്രാപ്തിയില്ല. ക്രിസ്തീയ സ്നേഹമെന്നു നടിക്കുന്ന വെറുമൊരു സ്നേഹവേഷം മാത്രമേ മതം കാണിക്കുന്നുള്ളു. അത് യഥാർത്ഥസ്നേഹത്തിന്റെ ഒരു വികൃതാനുകരണമാണ്. മതപരമായ സ്നേഹം അതിന്റെ ദൃഷ്ടിയിൽ നീതിമാന്മാരായവരെമാത്രം സ്നേഹിക്കുന്നു. തങ്ങളുടെ നിലവാരമനുസരിച്ച് സ്വീകാര്യമായിട്ടുള്ളവരെമാത്രം, തങ്ങളുടെ നോട്ടത്തിൽ നല്ലവരെ മാത്രം, തങ്ങളുടെ സ്നേഹത്തിനു പാത്രരായ ആളുകൾ ഈ യോഗ്യതകൾ പ്രദർശിപ്പിക്കാത്തപ്പോൾ അത് അപ്രത്യക്ഷമാകുകയും ചെയ്യുന്നു.

ദൈവം നിങ്ങളെ സ്നേഹിച്ചത് നിങ്ങളുടെ ഏതെങ്കിലും നന്മകൊണ്ടല്ല. നേരേമറിച്ച് നിങ്ങളിൽ യാതൊരു വിധ നന്മയും ഇല്ലാതിരുന്ന സമയത്താണ് അവിടുന്ന് നിങ്ങളെ സ്നേഹിച്ചത്. നിങ്ങൾ ആയിരുന്ന അവസ്ഥയിൽത്തന്നെ ദൈവം നിങ്ങളെ സ്നേഹിക്കയും മറ്റൊരുവന്റെ–തന്റെ മഹത്വപൂർണ്ണനായ പുത്രന്റെ തന്നെ–അർഹതയുടെ അടിസ്ഥാനത്തിൽ നിങ്ങളെ കൈക്കൊൾകയും ചെയ്തു. ലോകസ്ഥാപനത്തിനു മുമ്പുതന്നെ ദൈവം തന്റെ പുത്രനെ സ്നേഹിച്ച അതേ സ്നേഹത്തോടുകൂടി അവിടുന്ന് നിങ്ങളെ സ്നേഹിച്ചു. ഇതാണ് യഥാർത്ഥസ്നേഹം. എല്ലാ സ്നേഹത്തിന്റെയും ഉറവിടം ദൈവമാണ്. അത് ദൈവത്തിൽ നിന്നുതന്നെ പുറപ്പെട്ട് സ്നേഹപാത്രമായ വ്യക്തിയിലുള്ള യാതൊരു നന്മയെയും ആശ്രയിക്കാതെ പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നെ കൂടുതൽ അറിയുമ്പോൾ, അതിന്റെ ഫലമായി യേശുവിനു നിങ്ങളോടുള്ള സ്നേഹത്തെപ്പറ്റി ബോധം ലഭിക്കുമ്പോൾ, അവന്റെ സ്നേഹം അകാര





ണമായിരിക്കുന്നതുപോലെതന്നെ നിങ്ങൾക്കു മറ്റുള്ളവരോടുള്ള സ്നേഹവും അകാരണമായിരിക്കണമെന്ന് (അതായത് യാതൊരു നന്മയുടെയും അടിസ്ഥാനത്തിലായിരിക്കരുതെന്ന്) നിങ്ങൾ മനസ്സിലാക്കും. അവിടുന്ന് നിങ്ങളെ സ്നേഹിച്ചത് തന്റെ സ്വഭാവം സ്നേഹമായതുകൊണ്ടുമാത്രമാണ്: സ്നേഹിക്കയല്ലാതെ മറ്റൊന്നും അവിടുത്തേക്ക് സാധ്യമല്ലാത്തതുകൊണ്ടാണ്. അങ്ങനെ നിങ്ങളും മറ്റുള്ളവരെ സ്നേഹിക്കുന്നവായിത്തീരും; അത് സ്നേഹിക്കാതിരിക്കുവാൻ നിങ്ങൾക്ക് നിവൃത്തിയില്ലാത്തതുകൊണ്ട് ആയിരിക്കയും ചെയ്യും.

എല്ലാവരെയും ഒരുപോലെ സ്നേഹിക്കയല്ല, പിന്നെയോ ഓരോ വ്യക്തിയെയും താൻ ഇച്ഛിക്കുന്ന വിധത്തിൽ സ്നേഹിക്കുവാൻ നിങ്ങളിൽ വസിക്കുന്ന യേശുവിനെ അനുവദിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. വളരെയധികം പേരെ സ്നേഹിക്കുവാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ അതിനെപ്പറ്റി ഖേദിക്കേണ്ടതില്ല. ചിലരെ യഥാർത്ഥസ്നേഹത്തോടെ സ്നേഹിക്കുവാൻ കഴിവു ലഭിക്കുന്നുവെങ്കിൽ അതിൽ നന്ദിയുള്ളവനായിത്തീരുക. അനേകമാളുകൾ ലോകത്തെ മുഴുവൻ സ്നേഹിക്കുവാൻ ശ്രമിക്കുകയും സുവിശേഷം അറിഞ്ഞിട്ടില്ലാത്തവർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുകയും ചെയ്യുന്നു. അതേസമയം ദിവസംപ്രതി ആഫീസിൽ തങ്ങളുടെ മേശയ്ക്കെതിരെ ഇരിക്കുന്ന മനുഷ്യൻ സ്നേഹം ലഭിക്കാതെ നാശമടയുകയും ചെയ്യുന്നു. അയാൾ ജീവനുള്ള ഒരു വ്യക്തിയാണെന്നോ അയാൾക്ക് സ്നേഹമാവശ്യമാണെന്നോ അവർ ഒരിക്കലും മനസ്സിലാക്കുന്നില്ല.

മനുഷ്യചരിത്രത്തിന്റെതന്നെ ഗതി തിരിച്ചുവിട്ട ആ സ്നേഹത്തിന്റെ പൂർണ്ണസാധ്യതകളോടെയാണ് സ്നേഹശൂന്യമായ ഈ ലോകത്തിലൂടെ നാം മുന്നോട്ടു പോകുന്നത്. എന്നാൽ ഉപദേശത്തെപ്പറ്റി തർക്കിച്ച് മറ്റൊന്നിനും സമയമില്ലത്തവരായി നമ്മുടെ മതപരമായ മുദ്രാവാക്യങ്ങളും അവകാശവാദങ്ങളും മുഴക്കിക്കൊണ്ട് നാം കഴിയുന്നു. എന്നാൽ യേശുവിന്റെ വഴികൾ പഠിക്കുന്നവർ (ശിഷ്യന്മാർ) എന്ന നിലയിൽ നാം ഒരിക്കലും മറ്റുള്ളവർക്ക് നമ്മെത്തന്നെ കാണിച്ചുകൊടുക്കുന്നില്ല. നാം എല്ലാത്തരം മതപരമായ പേരുകളും ധരിക്കുകയും നമ്മുടെ ദൈവശാസ്ത്രത്തിന്റെ സങ്കീർണ്ണതകളിലൂടെ നമ്മെത്തന്നെ പേരിട്ടു വിളിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഈ ആധുനിക ബാബേൽ ഉയർന്നുകൊണ്ടിരിക്കെ നമ്മുടെ ചുറ്റും നരകത്തിലേക്കു നീങ്ങുന്ന സാധാരണ ജനങ്ങൾ ഈ രംഗം പകച്ചുനോക്കി അത്ഭുതസ്തബ്ധരായി നിന്നുപോകുന്നു.

ഇപ്പോൾത്തന്നെ നമുക്ക് ആരംഭിക്കാം. ദൈവം നമ്മെ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ സ്നേഹിക്കുവാനും അവിടുന്നു നമ്മെ കൈക്കൊണ്ടതുപോലെ അന്യോന്യം കൈക്കൊള്ളുവാനും മറ്റുള്ളവരോടൊത്ത് കൂട്ടായ്മയിൽ ജീവിക്കുവാനുമുള്ള ഒരാരംഭം നമുക്കിടാം (റോമർ 15:7). നാം ദൈവത്തിനു കീഴടങ്ങുന്നുവെങ്കിൽ മറ്റുള്ളവർ നമ്മെ സേവിക്കുവാൻ കാത്തിരിക്കാതെ നാം അവരെ സേവിക്കും; നമ്മുടെ ശത്രുക്കളെ അനുഗ്രഹിക്കയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും; മറ്റുള്ളവരുടെ കുറവുകൾ മനസ്സിലാക്കിയാലും അവരെ നാം കുറ്റം വിധിക്കുകയില്ല. ദൈവത്തിന്റെ പൂർണ്ണതയിലേക്ക് മറ്റുള്ളവരെ നയിക്കുവാൻ സ്നേഹത്തോടെ നാം അധ്വാനിക്കും. ആത്മാർത്ഥയുള്ളവരായി അന്യോന്യം സ്നേഹത്താൽ സത്യം സംസാരിക്കും. സഹിഷ്ണുത കാണിക്കുകയും ക്ഷമിക്കുകയും മറ്റുള്ളവരെ നമ്മെപ്പോലെ തന്നെ സ്നേഹിക്കുകയും ചെയ്യും.

(ശേഷം പേജ് 13 ൽ)

അനുഭവം

# യാത്രകളിലെ ദൈവകൃപ

സാക്പുന്നൻ

**ഈ** വർഷം (2007) ഞാൻ പൂർണ്ണസമയം കർത്താവിന്റെ വേലയിലായിട്ട് 40 വർഷം തികയുകയാണ്. കഴിഞ്ഞ വർഷങ്ങളിലും എനിക്കും ആനിക്കും ദൈവം നൽകിയ സംരക്ഷണവും ഞങ്ങളോട് ദൈവം കാണിച്ച നന്മയും ഓർത്തുപോകുകയാണ്. ലോകമൊട്ടാകെ കഴിഞ്ഞ 40 വർഷങ്ങൾ ഞങ്ങൾ ഇരുവരും, സൈക്കിൾ, കാളവണ്ടി, മോപ്പഡ്, സ്കൂട്ടർ, ബസ്സ്, ഓട്ടോറിക്ഷാ, കാർ, ട്രെയിൻ, ബോട്ട്, വിമാനം എന്നീ വിവിധ വാഹനങ്ങളിൽ അനേകായിരും മൈലുകൾ സഞ്ചരിച്ചു കഴിഞ്ഞു. ദൈവത്തിന്റെ വിശ്വസ്തതയും കരുതലും എത്ര വലിയത്!

**അല്പകാര്യങ്ങളുടെ ദിവസം -36**

എനിക്ക് ഓർക്കാൻ കഴിയുന്നിടത്തോളം, ഞാൻ സമ്മതം നൽകിയ ഒറ്റ മീറ്റിംഗുപോലും മുടങ്ങാൻ കഴിഞ്ഞ 40 വർഷങ്ങൾക്കിടയിൽ ഇടയായിട്ടില്ല. അസുഖം മൂലമോ, ബസ്സോ, ട്രെയിനോ, വിമാനമോ കിട്ടാതെ വന്നതുകൊണ്ടോ, മറ്റ് ഏതൊരു കാരണംമൂലമോ നേരത്തെ വാക്കുകൊടുത്ത മീറ്റിംഗുകൾ റദ്ദുചെയ്യേണ്ടിവന്നില്ല എന്നത് ദൈവം ഞങ്ങൾക്കുവേണ്ടി പ്രവർത്തിച്ചതുകൊണ്ടു മാത്രമാണെന്ന് ഉറപ്പാണ്.

ഈ കഴിഞ്ഞ വർഷങ്ങളിലെല്ലാം തികച്ചും ആരോഗ്യവാനായി ദൈവം എന്നെ നിലനിർത്തി. ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ആത്മീയശുശ്രൂഷ എന്താണോ അതിന് ആവശ്യമായ കഴിവുകളോടെ ഒരു ശരീരം അവിടുന്ന് നമ്മുടെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നേ നൽകുന്നു. തുടർച്ചയായി യാത്രചെയ്യേണ്ട എന്നെപ്പോലെയുള്ളവർക്ക് അത്യന്താപേക്ഷിതമായ രണ്ടുകാര്യങ്ങൾ എവിടെയും ഉറങ്ങാനും എന്തും ഭക്ഷിക്കാനുമുള്ള കഴിവാണ്. ഞാൻ പിറന്നപ്പോൾ തന്നെ ഈ രണ്ടുകാര്യങ്ങൾക്കും ഉള്ള പ്രാപ്തി ദൈവം എനിക്കു തന്നിരുന്നു. തന്മൂലം ഈ പ്രായത്തിലും എനിക്ക് എവിടെയും- ഒരു മെത്തയിലോ, തറയിലോ, കാറിലോ, ബസ്സിലോ, ട്രെയിനിലോ, വിമാനത്തിലോ- ഉറങ്ങാൻ പ്രയാസമില്ല. ഏതു തരത്തിലുള്ള ഭക്ഷണവും - പാശ്ചാത്യമോ, പൗരസ്ത്യമോ- കഴിക്കാനും എന്റെ ശരീരത്തിന് ബുദ്ധിമുട്ടില്ല. ചിലദിവസങ്ങളിലേക്ക് ഒന്നും കഴിക്കാതിരിക്കാനും എനിക്ക് യാതൊരു പ്രയാസവുമില്ല. ലോകത്തിന്റെ ഏതുകോണിലേക്കും



യാത്രചെയ്യുന്നത് തന്മൂലം എനിക്ക് എളുപ്പമായിരിക്കുന്നു. എനിക്ക് ഇതിനെപ്പറ്റി ഒട്ടും പ്രശംസിക്കാനില്ല; കാരണം എന്റെ ശരീരത്തെ ഈ നിലയിൽ സൃഷ്ടിച്ച ദൈവമാണ് അതിന് കാരണഭൂതൻ. ദൈവത്തിന്റെ നന്മയ്ക്കായി ഞാൻ അവനെ സ്തുതിക്കുന്നു. തുടർച്ചയായി പലദിവസങ്ങൾ ദൈവവചനം പ്രസംഗിച്ചതുമൂലം രണ്ടോമൂന്നോ സന്ദർഭങ്ങളിൽ എന്റെ ശബ്ദം നഷ്ടപ്പെട്ടതുമാത്രമാണ് ഏറ്റവും വലിയ ബുദ്ധിമുട്ടായി ഞാൻ അനുഭവിച്ചത്.

കഴിഞ്ഞ 24 വർഷമായി ഞാൻ തുത്തുക്കിടിയിലേക്ക് തമിഴ്നാട്ടിലുള്ള സഭകളുടെ കോൺഫറൻസിനായി വർഷത്തിലൊരിക്കൽ പോകാറുണ്ട്. ദീർഘവർഷങ്ങൾ ബാംഗ്ലൂരിൽ നിന്നും തുത്തുക്കുടിയിലേക്ക് ട്രെയിൻ സർവ്വീസ് ഇല്ലായിരുന്നതിനാൽ പതിനാറുമണിക്കൂർ ബസ്സിൽ യാത്രചെയ്ത് അവിടെ എത്തുകയായിരുന്നു പതിവ്. രാത്രിയിൽ ബസ്സ് ഓടുന്ന റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞതായിരുന്നതിനാൽ മിക്കപ്പോഴും രാത്രിമുഴുവൻ ഉണർന്നിരിക്കാൻ ഞങ്ങൾ നിർബ്ബന്ധിതരാകുമായിരുന്നു. ഞങ്ങൾ തുത്തുക്കുടിയിൽ എത്തുമ്പോഴേയ്ക്കും കോൺഫറൻസിന്റെ ആദ്യമീറ്റിംഗ് തുടങ്ങിയിരിക്കും. ബസ്സിൽ നിന്നും ഇറങ്ങി നേരെ വചനം പ്രസംഗിക്കാൻ തുടങ്ങുകയാവും മിക്കപ്പോഴും. തുടർന്ന് മൂന്നു ദിവസം ഒരുമണിക്കൂർ വീതമുള്ള ഒമ്പതോ പത്തോ പ്രസംഗങ്ങൾക്കു ശേഷം സമ്മേളനം തീർന്നാലുടൻ പതിനാറുമണിക്കൂർ മടക്കയാത്രയ്ക്കുള്ള വണ്ടിപിടിക്കാനുള്ള തിരക്കാവും. ദൈവകൃപയാൽ കഴിഞ്ഞ 24 വർഷങ്ങളിലെ തുത്തുക്കുടി കോൺഫറൻസുകളിൽ ഞാൻ ഒരിക്കൽപോലും രോഗിയായിത്തീരുകയോ കോൺഫ്രൻസുകൾ എനിക്കു നഷ്ടപ്പെടുകയോ ചെയ്തിട്ടില്ല.

**എനിക്ക് ഓർക്കാൻ കഴിയുന്നിടത്തോളം, ഞാൻ സമ്മതം നൽകിയ ഒറ്റ മീറ്റിംഗുപോലും മുടങ്ങാൻ കഴിഞ്ഞ 40 വർഷങ്ങൾക്കിടയിൽ ഇടയായിട്ടില്ല. അസുഖം മൂലമോ, ബസ്സോ, ട്രെയിനോ, വിമാനമോ കിട്ടാതെ വന്നതുകൊണ്ടോ, മറ്റ് ഏതൊരു കാരണംമൂലമോ നേരത്തെ വാക്കുകൊടുത്ത മീറ്റിംഗുകൾ റദ്ദുചെയ്യേണ്ടിവന്നില്ല എന്നത് ദൈവം ഞങ്ങൾക്കുവേണ്ടി പ്രവർത്തിച്ചതുകൊണ്ടു മാത്രമാണെന്ന് ഉറപ്പാണ്.**

ഇൻഡ്യയിലെ യാത്രകൾ ചിലപ്പോൾ അവിസ്മരണീയങ്ങളായ ചില അനുഭവങ്ങളും സമ്മാനിക്കുന്നവയത്രേ! രണ്ടുപ്രാവശ്യം ഞാൻ പോക്കറ്റടിക്കപ്പെട്ടിട്ടുണ്ട്-ഒരിക്കൽ മദ്രാസിൽ തിരക്കുള്ള ഒരു ബസ്സിൽ യാത്രചെയ്യുമ്പോഴും രണ്ടാമതൊരിക്കൽ ബോംബെയിൽ തിരക്കുള്ള ട്രെയിനിൽ യാത്രചെയ്യുമ്പോഴും. എന്റെ പണം അപഹരിക്കപ്പെട്ടെങ്കിലും സന്തോഷം മോഷ്ടിക്കാൻ പോക്കറ്റടിക്കാർക്ക് കഴിഞ്ഞില്ല. കാരണം, എന്റെ സന്തോഷം പണസഞ്ചിയിലല്ല, ഹൃദയത്തിലാണെന്ന് ഞാൻ സദാ ഉറപ്പാക്കിയിരുന്നു! ഞാൻ രണ്ടു തവണയും പോക്കറ്റടിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്തു. ആരെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ആവശ്യം ഉണ്ടെന്ന് എനിക്ക് ഉറപ്പായിരുന്നു. ഒരു പക്ഷേ അതുകൊണ്ടാവാം എന്റെ പോക്കറ്റടിക്കാൻ ദൈവം അവരെ അനുവദിച്ചത്!! മാത്രമല്ല, പണസ്നേഹത്തിൽ നിന്ന് എന്നെ അല്പംകൂടെ വിടുവിക്കാനും ദൈവം ഇത് അനുവദിച്ചു. പണത്തോടുള്ള എന്റെ കണക്കു കൂട്ടുന്ന മനോഭാവത്തിൽ നിന്നും കർത്താവിന് എന്നെ സ്വതന്ത്രനാക്കേണ്ടതുണ്ടായിരുന്നു. നഷ്ടപ്പെടുന്ന ഒരോ രൂപയും ഓർത്ത്

ദുഃഖിക്കുന്നവനോ ലഭിക്കുന്ന ഓരോ രൂപയും ഓർത്ത് സന്തോഷിക്കുന്ന ഒരു വനോ ആകാൻ എന്നെപ്പറ്റി ദൈവം ഒരിക്കലും ആഗ്രഹിച്ചില്ല! കർത്താവിൽ (കർത്താവിൽ മാത്രം) എന്റെ സന്തോഷം കണ്ടെത്തുവാനാണ് അവി ടുന്ന് ആഗ്രഹിച്ചത്-ഭൗതികമായ ലാഭ ത്തിന് വർദ്ധിപ്പിക്കാനോ ഭൗതികനഷ്ട ത്തിന് കുറച്ചുകളയാനോ കഴിയാത്ത യഥാർത്ഥ സന്തോഷം.

എന്റെ ക്രിസ്തീയ ശുശ്രൂഷക ളുടെ പ്രാരംഭനാളുകളിൽ റിസർവ്വേഷ നില്ലാത്ത തിരക്കുള്ള ട്രെയിൻ ബോഗി കളിൽ അനേക മണിക്കൂറുകൾ എനിക്ക് യാത്രചെയ്യേണ്ടിവന്നിരുന്നു. മിക്ക സന്ദർഭങ്ങളിലും ഇരിപ്പിടങ്ങ ളെല്ലാം യാത്രക്കാരെക്കൊണ്ട് നിറഞ്ഞി രുന്നതിനാൽ എനിക്ക് നിലത്ത് ഇരി ക്കേണ്ടി വരുമായിരുന്നു. ചിലപ്പോൾ മുഴുവൻ ദൂരവും നിൽക്കേണ്ടി വന്നിട്ടു മുണ്ട്. യാത്രപുറപ്പെടുന്ന സ്റ്റേഷനിൽ നിന്നു തന്നെ, ബോഗിയാത്രക്കാരെയും ലഗ്ഗേജും കൊണ്ട് നിറഞ്ഞിരിക്കും. മുമ്പോട്ടുള്ള ഓരോ സ്റ്റേഷനിലും കൂടു തൽ യാത്രക്കാരും ഭാണ്ഡങ്ങളും ബോഗിയിലേക്ക് വരുന്നതുമൂലം സ്ഥിതി കൂടുതൽ വഷളാകുക സാധാ രണയായിരുന്നു. ശാരീരികമായ അസ്വ സ്ഥതമൂലം തുടർന്നു കയറുന്ന യാത്ര ക്കാരെപ്പറ്റി പിറുപിറുക്കാനുള്ള പരീക്ഷ മിക്കപ്പോഴും ശക്തമായിരുന്നു. ഇങ്ങ നെയുള്ള ഒരു യാത്രാമദ്ധ്യേയാണ് ദൈവം എനിക്ക് ക്രിസ്ത്രീയ ജീവിത ത്തെപ്പറ്റി ഒരു പുതിയ വെളിപ്പാടു തന്ന ത്. "ഞാൻ ഒരു എറുമ്പിനോളം ചെറു തായിത്തീർന്നാൽ തിരക്കുള്ള ട്രെയിൻ ബോഗിയിൽ എനിക്ക് യാതൊരു സമ്മർദ്ദവും ഉണ്ടാകില്ല. ഞാൻ വളരെ വലുതായതുകൊണ്ടാണ് ഈ സമ്മർദ്ദം. ഒരു എറുമ്പിന് തിരക്കുള്ള ഈ ഇടം തികച്ചും വിശാലമായിരിക്കും. ഞാൻ എന്റെ ദൃഷ്ടിയിൽ സദാ ചെറി യവനാണെങ്കിൽ മറ്റുള്ളവരെപ്പറ്റിയുള്ള

**"ഞാൻ ഒരു എറുമ്പിനോളം ചെറുതായിതീർന്നാൽ തിരക്കുള്ള ട്രെയിൻ ബോഗിയിൽ എനിക്ക് യാതൊരു സമ്മർദ്ദവും ഉണ്ടാകയില്ല. ഞാൻ എന്റെ ദൃഷ്ടിയിൽ സദാ ചെറിയവനാണെങ്കിൽ മറ്റുള്ള വരെപ്പറ്റിയുള്ള എല്ലാ പരാതിയിൽ നിന്നും, എല്ലാവിധ സമ്മർദ്ദങ്ങളിൽ നിന്നും പിരമുറുക്കങ്ങളിൽ നിന്നും ഞാൻ തികച്ചും സ്വതന്ത്രനായിരിക്കും; അപ്പോൾ എനിക്ക് എപ്പോഴും ദൈവത്തിലുള്ള സ്വസ്ഥതയിലായിരിക്കാൻ കഴിയും!"**

എല്ലാ പരാതിയിൽ നിന്നും, എല്ലാവിധ സമ്മർദ്ദങ്ങളിൽ നിന്നും പിരിമുറുക്കങ്ങ ളിൽ നിന്നും ഞാൻ തികച്ചും സ്വത ന്ത്രനായിരിക്കും; അപ്പോൾ എനിക്ക് എപ്പോഴും ദൈവത്തിലുള്ള സ്വസ്ഥത യിലായിരിക്കാൻ കഴിയും!" എല്ലാ ജീവിത സാഹചര്യങ്ങളിൽ നിന്നും നമുക്ക് എന്തെങ്കിലും പഠിക്കാനുണ്ടാ വും.

ഒരിക്കൽ റിസർവേഷൻ ഇല്ലാതെ ഞാൻ യാത്ര ചെയ്തപ്പോൾ എല്ലാ ഇരിപ്പിടങ്ങളിലും തിക്കി ത്തിരക്കി യാത്രക്കാരുണ്ടായിരുന്നു. എന്നാൽ ഒരു യാത്രക്കാരൻ രണ്ടുപേ രുടെ സ്ഥലം അപഹരിച്ച് കാലുകൾ ഇരിപ്പിടത്തിൽ പിണച്ചുവച്ച് ഇരിക്കുന്നു ണ്ടായിരുന്നു. രാത്രിമുഴുവൻ ആ വണ്ടി യിൽ എനിക്ക് യാത്രചെയ്യേണ്ടിയിരുന്ന തിനാൽ, എനിക്കുകൂടി അല്പം സ്ഥലം ലഭിക്കത്തക്കവണ്ണം കാലുകൾ താഴ്ത്തിയിടാമോ എന്ന് ഞാൻ അയാ ളോടു ചോദിച്ചു. എന്നാൽ അയാൾ കേട്ടഭാവം നടിച്ചില്ല. സഹയാത്ര ക്കാർക്ക് എന്നോട് സഹതാപം തോന്നുകയാൽ എങ്ങനെയെങ്കിലും എന്നെ സഹായിക്കാൻ ശ്രമിച്ചിരുന്നു; പക്ഷേ ഇയാൾ ഒരിഞ്ചുസ്ഥലം പോലും





തന്നില്ല. അസാധാരണമായ ഒരു പ്രാർത്ഥന അപ്പോൾ എന്റെ മനസ്സി ലൂടെ കടന്നുപോയി. ദൈവം അയാ ളുടെ മൂത്രസഞ്ചി നിറയ്ക്കാനായിരുന്നു എന്റെ പ്രാർത്ഥന! അഞ്ചുമിനിറ്റിനകം അയാൾക്കു മൂത്രമൊഴിക്കാനായി എഴു ന്നേൽക്കേണ്ടിവന്നു!! മറ്റുള്ള യാത്ര ക്കാർ സഹകരിച്ചതിനാൽ ഉടനടി എനിക്ക് ഇരിക്കാനുള്ള ഇടം കിട്ടു കയും ചെയ്തു.

പല ദീർഘദൂര തീവണ്ടികളിലും വളരെ നേരത്തെ (60 ദിവസം മുമ്പുവ രെ) യാത്രയ്ക്കുള്ള റിസർവേഷൻ ചെയ്യേണ്ടതുണ്ട്. ഒരിക്കൽ ദക്ഷിണേ ന്ത്യയിലെ ഒരു സ്ഥലത്ത് മീറ്റിംഗു കൾക്കായി ക്ഷണം ലഭിച്ചതിനാൽ എന്നെ ക്ഷണിച്ച സഹോദരനോട് 60 ദിവസം മുമ്പേ എനിക്കായി മടക്കയാ ത്രക്ക് ഒരു ബെർത്ത് ബുക്കുചെയ്യാൻ ഞാൻ ആവശ്യപ്പെട്ടു. എന്നാൽ ആ സഹോദരൻ ഈ കാര്യം മറന്നുപോ കുകയും ഞാൻ മീറ്റിംഗിനായി ആ സ്ഥലത്ത് എത്തിയപ്പോൾ മാത്രം തന്റെ പിഴവ് മനസ്സിലാക്കുകയും ചെയ്തു. ക്ഷമാപണത്തോടെ ഒരാളെ എനിക്ക് ഒരു ബെർത്ത് ബുക്കു ചെയ്യാൻ അയച്ചെങ്കിലും ഇരിക്കാൻ ഒരു സീറ്റ് മാത്രമേ ആ വൈകിയ വേള യിൽ ലഭിച്ചുള്ളൂ. ബെർത്തുകൾ എല്ലാം നേരത്തെ തന്നെ ബുക്കുചെ യ്യപ്പെട്ടു കഴിഞ്ഞിരുന്നു. മീറ്റിംഗു കൾക്കു ശേഷം ഞാൻ ട്രെയിനിൽ കയറി, എനിക്ക് ഉറങ്ങാൻ ഒരു ബെർത്തു തരാതെ സീറ്റുമാത്രം തന്ന തിന് പിറുപിറുക്കാതെ കർത്താവിനെ സ്തുതിച്ചുകൊണ്ടിരുന്നു. എന്റെ തൊട്ട ടുത്ത് പ്രായമുള്ള ഒരു കത്തോലിക്കാ കന്യാസ്ത്രീയാണ് ഇരുന്നിരുന്നത്. ഞാൻ ഒരു സഹായം ചെയ്തുകൊടു ക്കുമോ എന്ന് അവർ ചോദിച്ചു. മുകൾ തട്ടിലായിരുന്നു അവരുടെ ഉറ ങ്ങാനുള്ള ബെർത്ത്. ഞാൻ ആ ബർത്തിൽ ഉറങ്ങാമെങ്കിൽ അവർ താഴെയുള്ള സീറ്റുകളിൽ ചുരുണ്ടുകൂടി കിടന്നുകൊള്ളാം എന്ന് പറഞ്ഞപ്പോൾ എന്റെ മനോഭാവം ഊഹിക്കാമല്ലോ? സന്തോഷത്തോടെ ഞാൻ ആ 'സഹായം'ചെയ്തുകൊടുത്തു! മടക്ക യാത്രയ്ക്ക് അങ്ങനെ പണം മുട ക്കാതെ എനിക്ക് ദൈവം ഒരു ബെർത്ത് ലഭ്യമാക്കുകയായിരുന്നു.

ഇതുപോലുള്ള സംഭവങ്ങൾ ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്ന സംഭവങ്ങൾ ആയിരുന്നില്ല. എന്നാൽ ഞാൻ അവിടുത്തെ ശുശ്രൂഷയ്ക്കായി സഞ്ചരിക്കുമ്പോൾ സ്നേഹമുള്ള എന്റെ സ്വർഗ്ഗീയപിതാവ് എന്റെ ഏറ്റവും ചെറിയ ആവശ്യങ്ങളെക്കുറി ച്ചുപോലും കരുതലുള്ളവനാണെന്ന സത്യം ഞാൻ പഠിക്കുകയായിരുന്നു. ദൈവം നല്ലവൻ- എല്ലായ്പ്പോഴും. ഹല്ലേലുയ്യാ!! (ഇയ്യോബ് 23:10) ■

## ദൈവസ്നേഹം നമ്മോടും നമ്മിലും *(പേജ് 9 ൽ നിന്ന്)*

യേശുവിന്റെ സ്നേഹം മാത്രമായിരി ക്കട്ടെ നമ്മെ ബന്ധിക്കുന്ന ബന്ധനം. മറ്റുള്ളവരുടെ പെരുമാറ്റം നമുക്ക് മന സ്സിലാക്കുവാനോ അംഗീകരിക്കാനോ നിവൃത്തിയില്ലാതെ വരുമ്പോൾ ദൈവ സ്നേഹമാകുന്ന പുതപ്പ് അവരെ അണിയിച്ച് പാപങ്ങളുടെ ബഹുത്വം മറ യ്ക്കുന്നവരായി നമുക്ക് തീരാം. നമു ക്കുവേണ്ടിയും നമ്മിലും വ്യാപരിക്കുന്ന ദൈവസ്നേഹം അന്യോന്യം നീരസ പ്പെടുന്നതിൽനിന്നും ദോഷം കണക്കി ടുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്ക ട്ടെ. നമുക്ക് മറ്റുള്ളവരെപ്പറ്റി അത്യു ത്തമമായതു വിശ്വസിക്കുകയും പ്രതീ ക്ഷിക്കുകയും ചെയ്യാം. എല്ലാം സഹിക്കാം. യഥാർത്ഥ സ്നേഹം ഒരി ക്കലും പരാജയപ്പെടുകയില്ല എന്ന സത്യം ചുറ്റുമുള്ള ലോകത്തിന്റെ മുമ്പിൽ നമുക്ക് തെളിയിച്ചു കൊടു ക്കാം. ○

# ഗ്രഹാം സ്റ്റെയിൻസ്:

## ജീവിച്ചാലും മരിച്ചാലും ക്രിസ്തുവിനായി

മാത്യു ജോർജ്

മരണത്തിലും അവർ ഒരുമിച്ചായിരുന്നു. തിരിച്ചറിയാൻ കഴിയാത വണ്ണം കത്തിക്കരിഞ്ഞുപോയ മൂന്ന് ശവശരീരങ്ങൾ. അന്യോന്യം ആശ്ലേഷിച്ചായിരുന്നു ആ സ്നേഹധനനായ പിതാവും രണ്ട് കുരുന്നുകളും അഗ്നിജ്വാലകൾക്ക് കീഴടങ്ങിയത്. വിധി നിർണ്ണായകമായ ആ രാത്രിയിൽ– 1999 ജനുവരി 23– ഒറീസയിലെ കിയോത്തോർ ജില്ലയിലെ മനോഹർപൂർ എന്ന ഗ്രാമത്തിൽ നൂറോളം വരുന്ന രക്തദാഹികളായ ജനക്കൂട്ടം ആ പിതാവും ആൺകുട്ടികളും ഉറങ്ങിക്കിടന്ന പഴയ വില്ലീസ് ജീപ്പിന് തീവയ്ക്കുകയായിരുന്നു. മൃഗീയമായ ഈ പ്രവൃത്തിയിലൂടെ അവർ ആസ്ത്രേലിയയിൽ പിറന്ന് ഭാരതത്തിന്റെ മണ്ണിൽ 34 വർഷത്തിലധികം കുഷ്ഠരോഗികളെ സഹായിച്ചും സുവിശേഷം അറിയിച്ചും പോന്ന ഗ്രഹാംസ്റ്റുവർട്ട് സ്റ്റെയിൻസിനെയും, ഫിലിപ്പ്, തിമോത്തി എന്ന രണ്ട് മക്കളെയും നിത്യ നിദ്രയിലേക്ക് പറഞ്ഞയ്ക്കുകയായിരുന്നു. ഒറീസയുടെ മണ്ണിൽ ക്രിസ്തുവിന്റെ സ്നേഹസന്ദേശവുമായി എത്തിയ ഒരു മിഷനറികുടെ തന്റെ ജീവൻ രക്ഷകനായി ബലിയർപ്പിക്കുകയായിരുന്നു. നീചമായ കൊലപാതകത്തിനുശേഷം അഗ്നിനാളങ്ങൾ കെട്ടടങ്ങും മുമ്പേ ആ ജനക്കൂട്ടം ഇരുളിന്റെ മറവിൽ അപ്രത്യക്ഷരായി. പക്ഷേ മനസ്സാക്ഷിയില്ലാത്ത ക്രൂരമായ ഈ കൊലപാതകങ്ങൾ ഉയർത്തിയ ചൂടും പുകയും കെട്ടടങ്ങാൻ കുറെ നാൾ വേണ്ടിവന്നു. ആയിരക്കണക്കിന് ഭാരതീയരുടെ ശബ്ദമായി അന്നത്തെ രാഷ്ട്രപതി ഇപ്രകാരം പറയുകയുണ്ടായി: “ഈ ഹീനമായ കൊലപാതകങ്ങൾ നൂറ്റാണ്ടുകൾ പഴക്കമുള്ള ഭാരതത്തിന്റെ സഹിഷ്ണുതയുടെയും മതസൗഹാർദത്തിന്റെയും മേൽ വീണ തീരാക്കളങ്കമാണ്. മാനവചരിത്രത്തിലെ അതിനീചമായ പ്രവൃത്തികളുടെ പട്ടികയിൽ ഒന്നുകൂടി ചേർക്കപ്പെട്ടിരിക്കയാണ് ഈ കൊലപാതകത്തിലൂടെ.”

ഗ്രഹാം സ്റ്റെയിൻസിന്റെയും രണ്ടു പുത്രന്മാരുടെയും രക്തസാക്ഷിത്വത്തിന്റെ എട്ടാം വാർഷികം ഈ മാസമാണ്. നമ്മുടെ ഓർമ്മകളിൽ നിന്നും ഈ കുടുംബം മാഞ്ഞു പോയോ?

ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസ് 1941 ൽ ആസ്ത്രേലിയയിൽ ക്യൂൻസ്ലാന്റ് പ്രവിശ്യയിലുള്ള പാം വുഡ് എന്ന സ്ഥലത്താണ് പിറന്നത്. സ്കൂൾ പഠനകാലത്ത് സമർത്ഥനായ വിദ്യാർത്ഥിയായിരുന്നു. 15 വയസ്സുള്ളപ്പോൾ ഒറീസയിലെ ബരിപാഡ എന്ന ചെറിയ പട്ടണത്തിൽ ജീവിച്ചിരുന്ന ശന്തനു സത്പതി എന്ന കൗമാരപ്രായക്കാരനുമായി കത്തുകളിലൂടെ ആ ബാലൻ പരിചയപ്പെട്ടു. തൂലികാമിത്രങ്ങളായിത്തീർന്ന അവർ സ്വന്തം ദേശങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ–പ്രകൃതി, മൃഗജാലങ്ങൾ, ജീവിത രീതികൾ– തുടർച്ചയായി കൈമാറിയിരുനനു. ആ കാലത്ത് ശന്തനുവിൽ നിന്നും ജോസിയ സോറൻ എന്ന കുഷ്ഠരോഗം ബാധിച്ച ഒരു ബാലന്റെ ചിത്രം ലഭിച്ചത് സ്റ്റെയിൻസിന്റെ മനസ്സിൽ മായ്ക്കാൻ കഴിയാത്ത ഓർമ്മയായിത്തെളിഞ്ഞു നിന്നു. തന്റെ ജന്മദിവസം പങ്കിടുന്ന ശന്തനു സത്പതിയുടെ ദേശത്തേക്ക് 1965 ൽ ആദ്യമായി ഒരു സന്ദർശനത്തിന് ഒരുമ്പെട്ടതിലും പിൽക്കാലത്ത് കുഷ്ഠരോഗികളുടെ ഇടയിൽ പ്രവർത്തിക്കാൻ തീരുമാനിച്ചതിലും ഒക്കെ ജോസിയ സോറന്റെ ചിത്രത്തിന് നിർണ്ണായകമായ പങ്കുണ്ടായിരുന്നു.





**രക്തസാക്ഷികുടുംബം:***ക്രിസ്തുവിനായി രക്തസാക്ഷികളായ ഗ്രഹാംസ്റ്റെയിൻസും ഫിലിപ്പും തിമോത്തിയും ജീവിച്ചിരിക്കുന്ന രക്തസാക്ഷികളായ ഗ്ലാഡിസിനോടും എസ്തേറിനോടും ഒപ്പം.*

എല്ലാ വിഷയങ്ങൾക്കും ഉയർന്ന മാർക്കു വാങ്ങിയിരുന്ന ഗ്രഹാം സ്റ്റെയിൻസിന് സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കുടുംബത്തെ സാമ്പത്തികമായി സഹായിക്കാൻ പകൽ സമയത്ത് ക്യൂൻസ്ലാന്റിലെ ഒരു മോട്ടോർ വാഹന വർക്ക് ഷോപ്പിൽ ജോലിചെയ്യേണ്ടിവന്നു. തന്മൂലം തുടർന്നുള്ള അക്കൗണ്ടൻസി പഠനം നിശാക്ലാസ്സുകളിലൂടെ ആയിരുന്നു. 1965 ൽ തൂലികാമിത്രമായ ശന്തനു സത്പതിയെ കാണാൻ മാതൃരാജ്യത്തിൽ നിന്നും ബർപാഡയിലെത്തിയ ഈ യുവാവ് ആസ്ത്രേലിയയ്ക്ക് മടങ്ങിപ്പോയില്ല. ആസ്ത്രേലിയയിലുള്ള ‘ലെപ്രസി മിഷൻ’ നൽകുന്ന ധനസഹായം കൊണ്ട് കഴിഞ്ഞ നൂറ്റാണ്ടു മുതൽ നടത്തപ്പെട്ടുവന്ന കുഷ്ഠരോഗികൾക്കായുള്ള സങ്കേതം ഗ്രഹാം സ്റ്റെയിൻസിന്റെ ഹൃദയത്തെ കീഴടക്കി. ആ ചെറുപ്പക്കാരൻ ജീവിതദൗത്യം കണ്ടെത്തുകയായിരുന്നു. ‘ലെപ്രസി ഹോം’ സ്റ്റെയിൻസിന്റെയും ഭവനമായി മാറി. ചെറുപ്പത്തിലെ കർത്താവായ യേശുക്രിസ്തുവിനെ രക്ഷകനും നാഥനുമായി കണ്ടെത്തിയിരുന്ന സ്റ്റെയിൻസ് സുവിശേഷ സത്യങ്ങൾ പഠിപ്പിക്കുന്നതിലും കഷ്ടപ്പെടുന്നവരുടെ സ്വാന്തനത്തിലും മുഴുകി.

1981 ൽ നേഴ്സിംഗ് പഠനം പൂർത്തിയാക്കി ഭാരതം സന്ദർശിക്കാനെത്തിയ ഗ്ലാഡിസ് എന്ന ക്രിസ്തീയ യുവതിയെ, സ്റ്റെയിൻസ് കണ്ടുമുട്ടാൻ ദൈവം ഇടയാക്കി. ഇടപെടുന്ന എല്ലാവരോടും സ്റ്റെയിൻസ് കാണിച്ച സ്നേഹവും, കുഷ്ഠരോഗികളോടുള്ള സഹാനുഭൂതിയും ഗ്ലാഡിസിനെ എന്തെന്നില്ലാതെ ആകർഷിച്ചു. ആ പരിചയം 1983 ൽ വിവാഹത്തിൽ കലാശിച്ചു. കേവലം ഒന്നരപതിറ്റാണ്ടു മാത്രം നീണ്ടുനിന്ന ആ ദാമ്പത്യജീവിതത്തിൽ എസ്തേർ എന്ന മകളും, ഫിലിപ്പ്, തിമോത്തി എന്നീ ആൺകുട്ടികളും പിറന്നു. ഇൻഡ്യയിൽ വളർന്ന മൂന്നുകുട്ടികളും ഈ രാജ്യം അവരുടെ

സ്വന്തം നാടായിക്കരുതിയിരുന്നു.

1965 ൽ ഒറീസ്സയിൽ എത്തിയ ഗ്രഹാം സ്റ്റെയിൻസ് മയൂർബഞ്ചിലെ ഇവാഞ്ചലിക്കൽ മിഷനറി സൊസൈറ്റിയിൽ അംഗത്വം സ്വീകരിച്ച് പ്രവർത്തനം തുടങ്ങുകയായിരുന്നു. മയൂർ ബഞ്ച് ജില്ലയിലെ റായിരംഗ്പൂർ എന്ന സ്ഥലത്തായിരുന്നു ആദ്യവർഷങ്ങളിലെ പ്രവർത്തനം. പിന്നീട് ജില്ലാ ആസ്ഥാനമായ ബരിപാഡയിലേക്ക് ആ കുടുംബം പ്രവർത്തനം മാറ്റുകയായിരുന്നു. 1983 മുതൽ ബരിപാഡയിലെ കുഷ്ഠരോഗികളുടെ സങ്കേതത്തിന്റെ ഉത്തരവാദിത്വം വഹിക്കുമ്പോഴും പ്രാദേശിക സഭകളിൽ ദൈവ വചനം പഠിപ്പിക്കാനും ആരോഗ്യസംബന്ധമായ പരിശീലനം നൽകാനും സ്റ്റെയിൻസ് സമയം കണ്ടെത്തി. കൂടാതെ വനാന്തരങ്ങളിൽ നടത്തപ്പെട്ട തദ്ദേശവാസികൾക്കായുള്ള ക്യാമ്പുകൾക്ക് പ്രസംഗകരെ കണ്ടെത്താനും സ്വയം ബൈബിൾ പഠനങ്ങൾ നടത്താനും അദ്ദേഹം ഉത്സാഹിച്ചു. വനപ്രദേശങ്ങളിൽ നടത്തപ്പെട്ടിരുന്ന ഈ ക്യാമ്പുകൾ ക്രിസ്തീയവിശ്വാസികൾക്ക് ദൈവവചനം പഠിക്കാൻ മാത്രമല്ല, സാന്മാർഗ്ഗികജീവിതത്തിനും ആത്മീയവളർച്ചയ്ക്കും ഉതകിയിരുന്നു. സ്റ്റെയിൻസ് ഒറിയ ഭാഷയിലും, സന്താളി, ഹോ തുടങ്ങിയ നാട്ടുഭാഷകളിലും പ്രാവീണ്യം നേടിയിരുന്നു. ബൈബിളിന്റെ കുറെ ഭാഗങ്ങൾ 'ഹോ' ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിൽ അദ്ദേഹം ഗണ്യമായ സഹായം നൽകി. ലെപ്രസി ഹോമിന്റെ സൂപ്രണ്ടായി ദീർഘ വർഷങ്ങൾ പ്രവർത്തിച്ച സ്റ്റെയിൻസ് ഇവാഞ്ചലിക്കൽ മിഷനറി സൊസൈറ്റിയുടെ കൺവീനറും ഖജാൻജിയും ആയി സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

സമർപ്പിതനായ ഗ്രഹാം സ്റ്റെയിൻസിന്റെ സേവനങ്ങൾ അനേകരുടെ ഹൃദയം കവർന്നു. അദ്ദേഹം

**മരണത്തിലും അവർ ഒരുമിച്ചായിരുന്നു. തിരിച്ചറിയാൻ കഴിയാതെ വണ്ണം കത്തിക്കരിഞ്ഞുപോയ മൂന്ന് ശവശരീരങ്ങൾ. അന്യോന്യം ആശ്ലേഷിച്ചായിരുന്നു ആ സ്നേഹധനനായ പിതാവും രണ്ട് കുരുന്നുകളും അഗ്നിജ്വാലകൾക്ക് കീഴടങ്ങിയത്.... ഗ്രഹാം സ്റ്റെയിൻസിന്റെയും രണ്ടു പുത്രന്മാരുടെയും രക്തസാക്ഷിത്വത്തിന്റെ എട്ടാം വാർഷികം ഈ മാസമാണ്. നമ്മുടെ ഓർമ്മകളിൽ നിന്നും ഈ കുടുംബം മാഞ്ഞുപോയോ?**

കുടുംബമായി പാർത്തിരുന്ന ബർപേഡയിലെ സാമൂഹ്യജീവിതത്തിൽ ഈ ദമ്പതിമാർ നെടുംതുണുകളായിരുന്നു. 1996 ൽ ബർപേഡയിലുണ്ടായ ഭീകരമായ അഗ്നിബാധ ഏകദേശം 100 പേരുടെ മരണത്തിന് ഹേതുവായി. ഒട്ടനേകംപേർക്ക് പൊള്ളലേറ്റു. സ്ഥലത്തെ ഏക ആശുപത്രിക്ക് ഈ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയാതെ വന്നപ്പോൾ സ്റ്റെയിൻസ് ദമ്പതിമാർ അനേകരാത്രികൾ ഉറക്കമിളച്ച് പൊള്ളലേറ്റ നാട്ടുകാരെ ശുശ്രൂഷിക്കാൻ ഇടയായി. പോളിയോ ഭാഷകൾ അനായാസം സംസാരിച്ചിരുന്ന സ്റ്റെയിൻസ് നാട്ടുകാർക്ക് പ്രിയങ്കരനായതിൽ അത്ഭുതമില്ലായിരുന്നു. ബരിപാഡയിലുള്ള മിഷൻ ഭവനത്തിലേക്ക് രോഗംമൂർച്ഛിച്ചവരും പാമ്പുകടിയേറ്റവരും ഒക്കെ ബന്ധുക്കളോടൊപ്പം സഹായത്തിനായി എത്തുന്ന പതിവുണ്ടായിരുന്നു. ബന്ധുക്കളെ സ്വന്തം വീട്ടിൽ താമസിപ്പിച്ചിട്ട് രോഗികളെ വിദഗ്ധചികിത്സയ്ക്കായി സ്റ്റെയിൻസ് കൊണ്ടുപോകും. കുഷ്ഠരോഗികളെ ചികിത്സിക്കുക





മാത്രമല്ല അവരെ പുനരധിവസിപ്പിക്കുന്നതിനായി കൈത്തൊഴിലുകൾ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. സങ്കേതത്തിൽ കറവപ്പശുക്കൾ ഉണ്ടായിരുന്നു. കുഷ്ഠരോഗത്തെപ്പറ്റി പുറംലോകത്തിനുള്ള ഭീതിയും തെറ്റിദ്ധാരണങ്ങളും നീക്കുന്നതിൽ സ്റ്റെയിൻസ് ഒട്ടൊക്കെ വിജയിച്ചിരുന്നു. ലെപ്രസി ഹോമിലെ കറവപ്പശുക്കളുടെ പാൽ പുറത്തുള്ളവർ വിലയ്ക്കു വാങ്ങാൻ തയ്യാറായി എന്നത് ഇതിന് തെളിവാണ്. സങ്കേതത്തിലെ മിക്ക പണികളും അന്തേവാസികൾ തനിയേ ചെയ്തിരുന്നു. കൂടുതൽ വിദഗ്ധചികിത്സയും ശസ്ത്രക്രിയയും ആവശ്യമുള്ളവർക്കായി ഒരു നൂതന ആശുപത്രി ബർപേഡയിൽ ഉണ്ടാക്കുക എന്നത് സ്റ്റെയിൻസിന്റെ സ്വപ്നമായിരുന്നു.

സാമൂഹ്യസേവനത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്നെങ്കിൽ സ്റ്റെയിൻസിനും മക്കൾക്കും ദാരുണമായ അന്ത്യം ഒഴിവാക്കാമായിരുന്നു. യാഥാർത്ഥസ്വാതന്ത്ര്യം യേശുക്രിസ്തുവിലൂടെ മാത്രമാണെന്ന് ബോദ്ധ്യമുണ്ടായിരുന്ന ആ മനുഷ്യസ്നേഹിക്ക് മൗനമായിരിക്കാൻ കഴിയുമായിരുന്നില്ല. അസൂയാലുക്കൾ ഗ്രഹാം സ്റ്റെയിൻസിനെപ്പറ്റി കിംവദന്തികൾ പ്രചരിപ്പിച്ചിരുന്നു. മറ്റുമതങ്ങളെ അദ്ദേഹം വെറുത്തിരുന്നു എന്നും മറ്റു മതസ്ഥരോടൊപ്പം ഭക്ഷണം കഴിക്കാൻ വിസമ്മതിച്ചിരുന്നു എന്നുമെല്ലാം അവർ ആരോപിച്ചിരുന്നു. സ്റ്റെയിൻസ് 'പ്രസാദം' ഭക്ഷിച്ചിരുന്നില്ല എന്നത് സത്യമായിരുന്നു. എന്നാൽ ഏതുമതസ്ഥരോടും സ്നേഹപൂർവ്വം ഇടപെടാൻ ആ ക്രിസ്തുശിഷ്യന് യാതൊരു വിമുഖതയും ഉണ്ടായിരുന്നില്ല. ഏതുവിധേനയും തന്റെ ജീവൻ പരിരക്ഷിക്കുക എന്നതായിരുന്നില്ല ആ മിഷനറി വീരന്റെ ലക്ഷ്യം. തന്നെ സ്വതന്ത്രനാക്കിയ സുവിശേഷ സത്യങ്ങൾക്കായി ജീവൻ കൊടുക്കേണ്ടിവന്നാലും അതിന് മടിക്കാത്ത വ്യക്തിയായിരുന്നു സ്റ്റെയിൻസ്. ഒരു സുവിശേഷകൻ ആയതുകൊണ്ടാണ് മതഭ്രാന്തന്മാർ അദ്ദേഹത്തെയും മക്കളെയും ചുട്ടുകൊന്നത്. അജ്ഞതയും, ശുചിത്വഹീനതയും, പോഷകാഹാരങ്ങളുടെ കുറവും മൂലം പകർച്ചവ്യാധികൾ താണ്ഡവനൃത്തം നടത്തിയിരുന്ന ഒറീസയുടെ പ്രാന്തപ്രദേശങ്ങൾ മതഭ്രാന്തിന്റെ കൂത്തരങ്ങായി മാറുകയായിരുന്നു. ഏതുവിധേനയും ആദിവാസികളെ തങ്ങളുടെ സ്വാധീന വലയത്തിനുള്ളിൽ നിലനിർത്താനുള്ള തൽപരകക്ഷികളുടെ അസഹിഷ്ണുത നരഹത്യയിലാണ് അവസാനിച്ചത്. തീവ്രവാദികളുടെ ഇത്തരം പ്രവൃത്തികൾ സാധാരണ ജനങ്ങളുടെയിടയിൽ ക്രിസ്തീയ മാർഗ്ഗത്തെപ്പറ്റി കൂടുതൽ അവബോധം പകരുകയാണ് ചെയ്തിട്ടുള്ളത്. സ്വന്തം ജീവനും പ്രിയപ്പെട്ടവരുടെ ജീവനും അപകടത്തിലാക്കാൻ ഒരുവന് ധൈര്യം പകരുന്ന, സ്വന്തം ഭർത്താവിനെയും മക്കളെയും ജീവനോടെ ചുട്ടുകരിച്ചവർക്ക് മാപ്പുനൽകാൻ ഒരു വിധവയെ പ്രേരിപ്പിക്കുന്ന ആ ചേതോവികാരത്തിന്റെ ഉറവിടം അവർ അന്വേഷിച്ചു തുടങ്ങിയിരിക്കുന്നു. 'നിങ്ങൾ എന്റെ സാക്ഷികൾ ആകും' എന്നു പറഞ്ഞ യേശുക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന് കേവലം സാമൂഹ്യ പ്രവർത്തനത്തിൽ മാത്രം ഒതുങ്ങി നില്ക്കാൻ കഴിയുമോ?

1999 ജനുവരി മാസം ഒടുവിൽ മനോഹർപൂരിൽ നാലുദിവസത്തെ ഒരു ക്യാമ്പ് വീണ്ടും ക്രമീകരിച്ചപ്പോൾ സ്റ്റെയിൻസ് അപകടം ക്ഷണിച്ചുവരുത്തുകയായിരുന്നു. കഴിഞ്ഞ 14 വർഷങ്ങളായി ആദിവാസികളായ നാട്ടുകാരെ ശുചിത്വബോധവും ദൈവവചന പരിജ്ഞാനവും ഉള്ളവരാക്കാൻ ഈ വാർഷിക ക്യാമ്പ് ഒട്ടേറെ സഹായകമായിരുന്നു. ജനങ്ങളുടെ ബഹുമുഖ

(*ശേഷം പേജ് 40 ൽ*)

തിരുവെഴുത്തുകളെ പരിശോധിക്കുക

# ദൈവം അനുഭവിച്ചറിഞ്ഞത്...

“**ലോ**കത്തിന്റെ (കാലത്തിന്റെ) ആരംഭത്തിൽ തന്നെ ദൈവത്തിന് തന്റെ പ്രവൃത്തികളെക്കുറിച്ചെല്ലാം അറിവുണ്ട്”(പ്രവൃത്തി 15:18 പരാവർത്തനം) താൻ ചെയ്യാൻ പോകുന്നതും ഈ പ്രപഞ്ചത്തിൽ സംഭവിപ്പാനിരിക്കുന്നതുമായ എല്ലാകാര്യങ്ങളെക്കുറിച്ചും ദൈവത്തിന് മുന്നറിവുണ്ട്. എന്നാൽ ഈ കാര്യങ്ങൾ അനുഭവിച്ചറിയുക എന്നതു മറ്റൊരു കാര്യമാണ്. ഉദാഹരണത്തിന് “ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കിയതുകൊണ്ട് ദൈവം അനുതപിച്ചു. അത് അവിടുത്തെ ഹൃദയത്തിനു ദുഃഖമായി” (ഉല്പത്തി 6:6). ദൈവത്തിനും ഒരു മനസ്സുണ്ടെന്ന് യിരെമ്യാവ് പറയുന്നു ‘‘ഞാൻ അവരിൽ സന്തോഷിച്ച് അവർക്കു ഗുണം ചെയ്യും. ഞാൻ പൂർണഹൃദയത്തോടും പൂർണമനസ്സോടും കൂടെ അവരെ ഈ ദേശത്തു നടും” (32:41) ദൈവത്തിനും വികാരങ്ങളുണ്ട്. അവിടുന്ന് തിരുവെഴുത്തിൽ അക്കാര്യം മിക്കപ്പോഴും വെളിപ്പെടുത്തുന്നു. ദൈവം തന്റെ വികാരങ്ങൾ പ്രദർശിപ്പിക്കുമ്പോൾ നാം അത്ഭുതപ്പെടരുത്. ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ പറഞ്ഞത് “നാം നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ ഉണ്ടാക്കുക” എന്നായിരുന്നല്ലോ. അതിന്റെ അർത്ഥം നാം ദൈവത്തെപ്പോലെ ദേഹം, മനസ്സ്, ആത്മാവ് എന്ന ത്രിത്വമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നാണ്. ദൈവം ചിന്തിക്കുന്നു, അറിയുന്നു, ഓർക്കുന്നു, മനസ്സിലാക്കുന്നു. ഇതേ കഴിവുകളെല്ലാം നമുക്കും അവിടുന്നു തന്നിട്ടുണ്ട്. ദൈവിക ത്രിത്വത്തിന് ഓരോന്നിനും ശരീരമുണ്ട്. “നിങ്ങൾ അവിടുത്തെ രൂപം കണ്ടിട്ടില്ല” എന്ന യേശുവിന്റെ വാക്കുകൾ തന്നെ അതിന്റെ തെളിവ് (യോഹന്നാൻ 5:37). തീർച്ചയായും അതൊരു ആത്മികശരീരമാണ്; അസ്ഥിയും മാംസവുമല്ല. പരിശുദ്ധാത്മാവിനും ഒരു ശരീരം ഉണ്ട്. വായുവിൽ ഒഴുകിനടക്കുന്ന ഒരു മൂടൽമഞ്ഞല്ല പരിശുദ്ധാത്മാവ്.

ദൈവത്തിന്റെ വികാരപ്രകടനത്തിന്റെ മറ്റൊരു ഉദാഹരണം യെഹെസ്കേൽ 28:12-19 ൽ രേഖപ്പെടുത്തിയിരിക്കുന്നു. “നീ സോർ രാജാവിനെക്കുറിച്ച് ഒരു വിലാപം തുടങ്ങുക” ഈ വാക്യങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ ലൂസിഫറിനെക്കുറിച്ചാണ് ഇവിടെ പറയുന്നതെന്നു കാണാം. ദൈവത്തോടു മത്സരിച്ച് ഈ പ്രപഞ്ചത്തിലേക്കു പാപം കൊണ്ടുവന്ന ലൂസിഫർ. അതിന്റെ പരിണതഫലങ്ങൾ അറിയാവുന്നതുകൊണ്ടാണ് ദൈവം ഇവിടെ ദുഃഖിക്കുന്നതും വിലാപംതുടങ്ങാൻ ആവശ്യപ്പെടുന്നതും.

അതേ, ദൈവത്തിന് എല്ലാം മുന്നമേ അറിയാം. അവിടുന്ന് എല്ലാം മനസ്സിലാക്കുന്നു. എന്നാൽ എങ്ങനെയാണ് ദൈവത്തിനു തന്റെ സൃഷ്ടിയായ മനുഷ്യനെ മനസ്സിലാക്കാൻ കഴിയുന്നത്? ദൈവം സർവജ്ഞനും സർവശക്തനും സർവവ്യാപിയുമാണ്. അങ്ങനെയെങ്കിൽ പരിധിയില്ലാത്ത ദൈവത്തിന് എങ്ങനെയാണു ‘പരിമിതി’ മനസ്സിലാവുന്നത്?. താൻ ഉണ്ടാക്കിയ പാത്രം എങ്ങനെയാണു കാര്യങ്ങൾ അനുഭവിച്ചറിയുന്നതെന്നു മനസ്സിലാകണമെങ്കിൽ കുശവന് സ്വയം ഒരു പാത്രമായി മാറാതെ കഴിയുമോ? ഹാ! ഇവി





ടെയാണ് വീണ്ടെടുപ്പിന്റെ മനോഹരമായ സത്യം വ്യക്തമാകുന്നത്. ദൈവം തന്റെ പുത്രനെ ഈ ലോകത്തിൽ ഒരു മനുഷ്യനായി അയച്ചു. ദൈവപുത്രൻ ഒരേസമയം ദൈവവും മനുഷ്യനും ആയതുകൊണ്ട് പരിമിതികളുടെ തടവറ എങ്ങനെയാണ് അനുഭവവേദ്യമാകുന്നതെന്ന് സ്വയം അനുഭവിച്ചറിഞ്ഞിട്ട് പിതാവിനെ ധരിപ്പിക്കാൻ അവിടുന്നു പ്രാപ്തനായി. അവിടുന്ന് അനുഭവിച്ചറിഞ്ഞ ഈ പരിമിതികൾ ചിലത് നമുക്കു ശ്രദ്ധിക്കാം.

**ദൈവത്തിന് ദാരിദ്ര്യത്തെക്കുറിച്ച് എന്തറിയാം?**

തന്റെ നീതിയുടെ എല്ലാ സമ്പന്നതയും അവിടുത്തേക്കുണ്ട്-ദൈവത്തിന് ഒന്നിനും മുട്ടില്ല. ആഗ്രഹിക്കുന്നതെന്തും അവിടുത്തേക്കു സൃഷ്ടിക്കാം. അഥവാ ഒന്നും സൃഷ്ടിച്ചില്ലെങ്കിൽത്തന്നെ ദൈവസ്വഭാവത്തിന്റെ മഹത്വം എന്ന ധനം തന്റെ സ്വന്തമാണല്ലോ.

എന്നാൽ ദാരിദ്ര്യമോ?

നക്ഷത്രാലംകൃതമായ ഒരു രാത്രിയിൽ യേശു ഒരു താഴ്ന്ന കാലിത്തൊഴുത്തിൽ ജന്മമെടുത്തു. അവനെ ഒരു പശുത്തൊട്ടിയിൽ കിടത്തി. പിന്നീട് യേശു പരസ്യശുശ്രൂഷാകാലത്ത് ഇപ്രകാരം പറഞ്ഞു “മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല” (മത്തായി 8:20). ആ സമയത്ത് ജീവിതസന്ധാരണത്തിന് അവിടുത്തേക്ക് ഒരു തൊഴിൽ ഉണ്ടായിരുന്നില്ല. നികുതികൊടുക്കാൻ പണമില്ലാഞ്ഞ് പത്രോസിനെ അയച്ച് ഒരു മത്സ്യത്തിന്റെ വായിൽനിന്ന് നാണയം എടുത്ത് അതുകൊടുക്കേണ്ടിവന്നു. ആളുകൾ സംഭാവന ചെയ്ത പണം അടങ്ങിയ മടിശ്ശീല പോലും അവിടുന്നു കൊണ്ടുനടന്നില്ല. (ആരുടെ പക്കലായിരുന്നു അതെന്ന് ഊഹിക്കാമോ?....യൂദാസിന്റെ!). പണത്തെ അവിടുന്ന് എത്രത്തോളം വിലമതിച്ചു? “ നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾസമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ” (2 കൊരിന്ത്യർ 8:9). ദാരിദ്ര്യം എന്നാൽ എന്തെന്ന് യേശുവിലൂടെ ദൈവം വ്യക്തിപരമായ ഒരു തലത്തിൽ കണ്ടെത്തി.

**ദൈവം സർവജ്ഞനും സർവശക്തനും സർവവ്യാപിയുമാണ്. അങ്ങനെയെങ്കിൽ പരിധിയില്ലാത്ത ദൈവത്തിന് എങ്ങനെയാണു ‘പരിമിതി’ മനസ്സിലാവുന്നത്?. താൻ ഉണ്ടാക്കിയ പാത്രം എങ്ങനെയാണു കാര്യങ്ങൾ അനുഭവിച്ചറിയുന്നതെന്നു മനസ്സിലാകണമെങ്കിൽ കുശവന് സ്വയം ഒരു പാത്രമായി മാറാതെ കഴിയുമോ? ഹാ! ഇവിടെയാണ് വീണ്ടെടുപ്പിന്റെ മനോഹരമായ സത്യം വ്യക്തമാകുന്നത്.**

**ദൈവത്തിന് ക്ഷീണത്തെക്കുറിച്ച് എന്തറിയാം?**

നിത്യതയിൽ വസിക്കുന്ന ദൈവം ഒരിക്കലും ഉറങ്ങുന്നില്ല, ഉറക്കം തൂങ്ങുന്നില്ല. ‘ഏഴാം ദിവസം ദൈവം തന്റെ പ്രവൃത്തികളിൽ നിന്നു വിശ്രമിച്ചു’ എന്ന് ഉൽപത്തി രണ്ടിൽ വായിക്കുന്നല്ലോ. അത് അവിടുന്നു ക്ഷീണിച്ചുപോയതുകൊണ്ടു വിശ്രമിച്ചതല്ല. മറിച്ച് പ്രവൃത്തി മുഴുമിപ്പിച്ച് തന്റെ പ്രവർത്തനത്തിൽ തൃപ്തനായി അവിടുന്നു സ്വസ്ഥനായതാണ്. അവിടുത്തെപ്രവർത്തനത്തോട് പിന്നീടൊന്നും കൂട്ടിച്ചേർക്കാനുണ്ടായിരുന്നില്ല. ആറു ദിവസം കൊണ്ട് ദൃശ്യവും അദൃശ്യവുമായതെല്ലാം, അണു മുതൽ ആദം വരെ, എല്ലാം ദൈവം സൃഷ്ടിച്ചുകഴിഞ്ഞു.

എന്നാൽ അവിടുന്നു ക്ഷീണവും തളർച്ചയും അറിഞ്ഞതെങ്ങനെയാണ്? ശമര്യയിലെ കിണറ്റിന്റെ വക്കിൽ യേശു ഇരുന്നപ്പോൾ (യോഹന്നാൻ 4:6) അവി

ടുന്നു യാത്രമൂലം നന്നേ ക്ഷീണിച്ചിരുന്നു. പടകിന്റെ അമരത്ത് തലയിണ വച്ച് ഉറങ്ങുമ്പോൾ യേശു നന്നേ തളർന്നിരുന്നു. ക്ഷീണവും തളർച്ചയും എന്തെന്ന് യേശുവിലൂടെ ദൈവം ഒരു വ്യക്തിപരമായ തലത്തിൽ അറിഞ്ഞു.

**ദൈവത്തിന് പരീക്ഷയെക്കുറിച്ച് എന്തറിയാം?**

“ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു” (യാക്കോബ്1:3) യാക്കോബ് അഞ്ചാം അധ്യായം 11-ാം വചനത്തിൽ അദ്ദേഹം ഇയ്യോബിനെക്കുറിച്ചും തുടർന്നു പറയുന്നു. ഈ രണ്ടു ഭാഗങ്ങളും കൂട്ടിച്ചേർത്തു ചിന്തിക്കുമ്പോൾ ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാണെന്നും അവിടുന്ന് ആരേയും ദോഷങ്ങളാൽ പരീക്ഷിക്കുന്നില്ലെന്നും മനസ്സിലാക്കാം. പ്രത്യേകിച്ച് ഒരു കാരണം ഇല്ലാതെ ഇയ്യോബിനെ നശിപ്പിക്കുവാൻ സാത്താൻ ദൈവത്തെ പ്രേരിപ്പിച്ചു. ദൈവം ആ പരീക്ഷയിൽ വീണുപോയില്ല.

എന്നാൽ ദൈവം പരീക്ഷയെ അറിഞ്ഞത് എങ്ങനെയാണ്?

യേശു നാല്പതുരാവും പകലും മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ടു (മത്തായി 4:1-2). 40 ദിവസവും ഉപവസിച്ചതിന്റെ ഫലമായി അവിടുത്തേക്കു വളരെ വിശപ്പ് അനുഭവപ്പെട്ടു. പക്ഷേ തന്റെ വിശപ്പടക്കുക എന്ന അനുവദനീയമായ കാര്യം പോലും ഒരു പ്രലോഭനമായി വന്നപ്പോൾ അവിടുന്ന് അതിനു കീഴടങ്ങിയില്ല. എല്ലാ രാജ്യങ്ങളുടെ മേലും അധികാരിയായിരിക്കുക എന്ന ശരിയായ കാര്യത്തിനായി പ്രലോഭിക്കപ്പെട്ടപ്പോഴും പിതാവിൽ നിന്നു ‘മുന്നോട്ടുപോകുക’ എന്ന വാക്കു കിട്ടാതിരുന്നതിനാൽ അവിടുന്ന് അതിനു വഴിപ്പെട്ടില്ല. പരീക്ഷിക്കപ്പെടുക എന്നാൽ എന്താണെന്ന് യേശുവിലൂടെ ദൈവം വ്യക്തിപരമായ ഒരു തലത്തിൽ കണ്ടെത്തുകയായിരുന്നു.

**ദൈവം തന്റെ പുത്രനെ ഈ ലോകത്തേക്ക് അയച്ചു. മാനവരാശി അവനെ തള്ളിക്കളഞ്ഞു. ദൈവവും അവനെ കൈവിട്ടു. ക്രൂശിൽ യേശു ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങിക്കിടന്നു. ആരും ഒരു നാളും ആ നിലയിൽ കൈവിടപ്പെട്ടിട്ടില്ല. ആളുകളാൽ നിരസിക്കപ്പെട്ടു. ദൈവത്താൽ ശിക്ഷവിധിക്കപ്പെട്ടു. അവിടുന്ന് ആർക്കും വേണ്ടാത്തവനായി. യേശുവിനെപ്പോലെ ഇത്രയേറെ ഏകാന്തത അനുഭവിച്ചിട്ടുള്ള മറ്റൊരാളില്ല.**

**ദൈവത്തിന് ഏകാന്തതയെക്കുറിച്ച് എന്തറിയാം?**

എല്ലാ ദൂതന്മാരും അവിടുത്തെ കൂട്ടാളികളായിരുന്നു. അവിടുത്തേക്കു താത്പര്യം ഉണ്ടെങ്കിൽ കൂടുതൽ ദൂതന്മാരെ സൃഷ്ടിക്കുകയും ചെയ്യാമായിരുന്നു. ഏകാന്തത? ഓ ഇല്ല. ദൈവത്തിനു തന്റെ പുത്രനോടും പരിശുദ്ധാത്മാവിനോടും മഹത്ത്വപൂർണമായ കൂട്ടായ്മ ഉണ്ടായിരുന്നു. അവിടുന്ന് ഒരിക്കലും ഒറ്റയ്ക്കായിരുന്നില്ല.

എന്നാൽ ദൈവം ഏകാന്തതയെ അറിഞ്ഞത് എങ്ങനെയാണ്?

ദൈവം തന്റെ പുത്രനെ ഈ ലോകത്തേക്ക് അയച്ചു. മാനവരാശി അവനെ തള്ളിക്കളഞ്ഞു. ദൈവവും അവനെ കൈവിട്ടു. ക്രൂശിൽ യേശു ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ‘ആരുടേയും അല്ലാത്ത സ്ഥലത്ത്’ (in a 'no man's land') തൂങ്ങിക്കിടന്നു. ആരും ഒരു നാളും ആ നിലയിൽ കൈവിടപ്പെട്ടിട്ടില്ല. ആളുകളാൽ നിരസിക്കപ്പെട്ടു. ദൈവത്താൽ ശിക്ഷവിധിക്കപ്പെട്ടു. അവിടുന്ന് ആർക്കും വേണ്ടാത്തവനായി. യേശുവിനെപ്പോലെ ഇത്രയേറെ ഏകാന്തത അനുഭവിച്ചിട്ടുള്ള മറ്റൊരാൾ ഭൂമിയിൽ ജീവിച്ചിട്ടില്ല. “വല്ലവനും സഹതാപം തോന്നുമോ എന്നു ഞാൻ നോക്കിക്കൊണ്ടിരുന്നു. ആർക്കും തോന്നിയി





ല്ല. ആശ്വസിപ്പിക്കുന്നവരുണ്ടോ എന്നും നോക്കിക്കൊണ്ടിരുന്നു. ആരേയും കണ്ടില്ലതാനും” (സങ്കീർത്തനം 69:20). യേശുവിന്റെ ആ പ്രത്യേക അനുഭവം ആർക്കും ഒരിക്കലും വേണ്ടവിധത്തിൽ മനസ്സിലാകുകയില്ല. ഒരു പക്ഷേ ചില വിശുദ്ധന്മാർ ഈ ഏകാന്തത ഒരു ചെറിയ അളവിൽ പങ്കിട്ടിട്ടുണ്ടാകാം എന്നുമാത്രം. ഒറ്റയ്ക്കാകുന്നതിന്റെ, എല്ലാവരാലും ത്യജിക്കപ്പെടുന്നതിന്റെ, വ്യഥ യേശുവിലൂടെ ദൈവം വ്യക്തിപരമായതലത്തിൽ കണ്ടെത്തുകയാണുണ്ടായത്.

**സൃഷ്ടിയുടെ മേലുള്ള പാപത്തിന്റെ ശക്തിയെക്കുറിച്ച് ദൈവത്തിന് എന്തറിയാം?**

വിശുദ്ധിയുടെ മൂർത്തീഭാവമാണ് ദൈവം എന്നതുകൊണ്ട് അവിടുന്ന് പാപത്തിന് അതീതനാണ്. തന്റെ സൃഷ്ടികളുടെ മേൽ പാപംകൊണ്ടുവന്ന തകർച്ചയുടെ ആഴം അവിടുത്തേക്കു ബോധ്യമുണ്ട്. ആകാശവും ഭൂമിയും പാപത്താൽ കളങ്കിതമായിപ്പോയി. സ്വർഗ്ഗീയജീവികൾ, ദൂതന്മാർ പോലും, അതിനാൽ ബാധിതരായി. മനുഷ്യൻ മരണവും നാശവും തിരഞ്ഞെടുത്തത് അതുമൂലമാണെന്നും അവിടുത്തേക്കറിയാം. ദൈവം പാപത്തെ വെറുക്കുന്നു. പക്ഷേ മനുഷ്യൻ അതു തിരഞ്ഞെടുത്തുപോയി. ഇനി എന്തു ചെയ്യും?

ഇതിന്റെ മറുപടി ഇങ്ങനെയാണ്:“പാപം അറിയാത്തവനായ യേശുവിനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് ദൈവം നമുക്കുവേണ്ടി പാപം ആക്കി” (2 കൊരിന്ത്യർ 5:21). ഇതേപ്പറ്റി നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഒരു പാപിയുടെ സ്ഥാനം യേശു എടുക്കുക മാത്രമല്ല ചെയ്തത്. അവിടുന്നു പാപമായി. അതിന്റെ ഫലമായി ഈ പ്രപഞ്ചത്തിന്റെ മേലുള്ള പാപത്തിന്റെ എല്ലാ സ്വാധീനവും മായിച്ചുകളഞ്ഞു. എല്ലാക്കാലത്തുമുള്ള എല്ലാ മനുഷ്യരുടേയും പാപം യേശു ക്രൂശിൽ സ്വന്ത

**ബലഹീനതയെന്നുവച്ചാൽ തന്നെതന്നെ പ്രതിരോധിക്കാനുള്ള കഴിവില്ലായ്മയല്ല. ദൈവത്തിന്റെ ഹിതത്തിനായി അവിടുന്നു സമ്പൂർണമായി സമർപ്പിച്ചു എന്നാണർത്ഥം. ദൈവം എന്ന നിലയിലുള്ള തന്റെ പരിമിതിയില്ലായ്മ, പരിമിതിയുള്ള മനുഷ്യനാകാൻ വേണ്ടി അവിടുന്നു വിട്ടുകൊടുക്കുകയായിരുന്നു. ബലഹീനതയെന്നാൽ എന്തെന്ന് യേശുവിലൂടെ ദൈവം വ്യക്തിപരമായ ഒരു തലത്തിൽ കണ്ടെത്തി.**

ശരീരത്തിന്മേൽ വഹിച്ചു. ക്രിസ്തുവിലൂടെ ദൈവം ഈ ലോകത്തെ തന്നോടു നിരപ്പിച്ചു. സൃഷ്ടിയായ മനുഷ്യന്റെ മേലുള്ള പാപത്തിന്റെ ശക്തിയെ യേശുവിലൂടെ വ്യക്തിപരമായ തലത്തിൽ ദൈവം കണ്ടെത്തുകയായിരുന്നു.

**രോഗത്തെക്കുറിച്ച് ദൈവത്തിന് എന്തറിയാം?**

നിതാന്തസൗഖ്യത്തിന്റെ വ്യക്തിഭാവമായ അവിടുത്തെ നാമം തന്നെ യഹോവരോഫേക്കാ (സൗഖ്യമാക്കുന്ന ദൈവം) എന്നാണ്. എന്നാൽ ക്രിസ്തു ക്രൂശിൽ നമ്മുടെ രോഗങ്ങളും വൈകല്യങ്ങളും വഹിച്ചു. പിശാചിന് കണ്ടെത്താൻ കഴിയുന്ന എല്ലാ അസുഖങ്ങൾക്കും പരിഹാരം മാനവരാശിക്കുവേണ്ടി ആ ദിവസം കാൽവറിയിൽ യേശു വഹിച്ചു. എല്ലാ വേദനയും വ്യഥയും അവിടുന്നു മനുഷ്യവർഗ്ഗത്തിനുവേണ്ടി സഹിച്ചു. യേശുവിലൂടെ വേദനയും രോഗവും എന്തെന്നു ദൈവം അറിഞ്ഞു.

**ബലഹീനതയെക്കുറിച്ച് ദൈവത്തിന് എന്തറിയാം?**

കൊടുങ്കാറ്റുകളെ തന്റെ മുഷ്ടിയിൽ ഒതുക്കുന്നവനാണു ദൈവം. ശൂന്യത

*(ശേഷം പേജ് 41 ൽ)*

വചനം

# ക്രിസ്തുവിൽ നിന്ന് അകന്നുപോകുന്നത് എങ്ങനെ തടയാം?

ഡേവിഡ് വിൽക്കേഴ്സൺ

**ഞാ**ൻ ഇപ്പോൾ നിങ്ങൾക്കെഴുതുന്ന ഈ സന്ദേശം പരിശുദ്ധാത്മാവ് എനിക്ക് തന്നിട്ടുള്ളതാണ്. വാസ്തവമായിട്ടും ഈ സന്ദേശം വ്യക്തിപരമായി എന്റെ തന്നെ ഉണർവ്വിനായി തന്നതായും ഞാൻ കരുതുന്നു. ഒരുപാട് വായനക്കാർക്ക് എനിക്ക് വേണ്ടതുപോലെ ഈ ഒരു ഉത്സാഹത്തിന്റെ ആവശ്യമില്ലായിരിക്കും. എങ്കിലും പരിശുദ്ധാത്മാവിന്റെ ഉത്സാഹം എന്നെ ആഴത്തിൽ സ്പർശിച്ചിരിക്കുന്നു. അതുകൊണ്ട് ഈ കുറിപ്പുകൾ വീണ്ടും വീണ്ടും വായിക്കുവാനായി എപ്പോഴും എന്റെ മുമ്പിൽ മേശപ്പുറത്ത് വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഞാൻ എല്ലാറ്റിനെക്കാളും അധികമായി ഭയപ്പെടുന്ന ഒരു കാര്യമുണ്ട്: അത് ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ഞാൻ അകന്നുപോകുമോ എന്ന ചിന്തയാണ്. ഞാൻ ഒരു മടിയനായി തീർന്ന് ആത്മീയ കാര്യങ്ങൾ അവഗണിക്കുന്ന, പ്രാർത്ഥനയില്ലാത്തവനും ദൈവവചനം അന്വേഷിക്കാത്തവനുമായിത്തീരാം എന്ന ചിന്ത എന്നെ ഭയവിഹ്വലനാക്കുന്നു.

എന്റെ കഴിഞ്ഞ നാല് വർഷത്തെ ലോകസഞ്ചാരത്തിനിടയിൽ ഞാൻ ലോകം മുഴുവൻ കണ്ടിട്ടുള്ള ഒന്നാണ് 'ആത്മീയ സുനാമി' എന്നു വിളിക്കാവുന്ന ദൈവത്തിൽ നിന്നുള്ള അകൽച്ച. ഈ സുനാമിയുടെ തിരമാല ഇന്ന് എല്ലാ വിഭാഗങ്ങളിലുമുള്ള സഭകളെ മുക്കിക്കളയുകയാണ്. ഒരിക്കൽ ശക്തമായിരുന്ന സഭകളും സ്ഥാനങ്ങളും അവയ്ക്ക് അടിസ്ഥാനമിട്ട പിതാക്കന്മാരുടെ ദൈവിക വഴികളിൽ നിന്ന് വ്യതിചലിക്കുമ്പോൾ, ഇത് ലോകമെമ്പാടും സംഭവിക്കുന്നു.

സമർപ്പിക്കപ്പെട്ട വിശ്വാസികൾ പോലും ക്രിസ്തുവിൽ നിന്ന് അകലാൻ സാധ്യതയുണ്ടെന്ന് ബൈബിൾ കൃത്യമായി താക്കീത് തരുന്നു. അതുപോലെ തന്നെ അർദ്ധരാത്രിയിൽ ഉറങ്ങിപ്പോകുന്നതിനെതിരായി ദൈവവചനം ശക്തമായി മുന്നറിയിപ്പ് നൽകുന്നു. "അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു എങ്കിൽ.... ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും"? (എബ്രായർ 2: 1-3). ഒരിക്കൽ ശക്തമായിരുന്ന സഭകൾ ഒടുവിൽ ക്രിസ്തുവിൽ നിന്ന് അകന്നുപോയതിന്റെ ഉദാഹരണങ്ങൾ ബൈബിളിൽ തന്നെയുണ്ട്. വെളിപ്പാട് പുസ്തകത്തിൽ എഫേസോസ് സഭ ആദ്യസ്നേഹം വിട്ടു കളഞ്ഞ് ക്രിസ്തുവിനെ ദുഃഖിപ്പിച്ചത് നാം വായിച്ചിട്ടുണ്ടല്ലോ. അങ്ങനെ തന്നെ ലവോദിക്യാ സഭ മന്ദ







അവഗണനയുടെ അല്ലെങ്കിൽ ഉപേക്ഷയുടെ വലിവ് താഴോട്ടാണ്. തന്റെ ഉപേക്ഷയാൽ താഴേക്കുപോയ മന്ദോഷ്ണാവസ്ഥയിലുള്ള ക്രിസ്ത്യാനിയെക്കാൾ ഉണർത്താൻ പ്രയാസമുള്ള മറ്റൊരുവനില്ല.

സ്ഥയിലേക്കും സർദ്ദീസിലെ സഭ മന്ദോഷ്ണാവസ്ഥയിലേക്കും ആത്മീയ മരണത്തിലേക്കും നീങ്ങി. ഗലാത്യയിലെ വിശ്വാസികൾ ക്രിസ്തുവിന്റെ ക്രൂശിന്റെ വിജയത്തിൽ നിന്ന് അകന്ന് അവരുടെ ജഡത്തിന്റെ പ്രവൃത്തികളിലേക്ക് തിരിഞ്ഞതിനെതിരേ പൗലോസ് താക്കീത് നൽകുന്നതും നാം കാണുന്നു.

പൗലോസ് പറയുന്നു: "ഉറങ്ങുന്നവനേ... എഴുന്നേൽക്കുക" "ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ" (എഫേ. 5:15-16) പൗലോസ് ഇങ്ങനെയും ഉത്സാഹിപ്പിക്കുന്നു: "ഇതു ചെയ്യേണ്ടത് ഉറക്കത്തിൽ നിന്നും ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു" (റോമർ 13:11) പൗലോസ് ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "ചിലർ ക്രിസ്തുവിനു വിരോധമായി തിരിഞ്ഞിരിക്കുന്നു.... ഇപ്പോൾ തന്നെ ചിലർ സാത്താന്റെ പിന്നാലെ പോയല്ലോ" (1 തിമൊഥെ. 5:11,15). ഈ ദൈവവചനഭാഗങ്ങൾ ഓരോന്നും അവിശ്വാസികൾക്കായിട്ടല്ല, ആത്മാവിനാൽ നിയപ്പെട്ട ക്രിസ്ത്യാനികൾക്കുള്ളതാണ്. സന്ദേശം വ്യക്തവുമാണ്. "മയക്കത്തിൽ നിന്നെഴുന്നേൽക്കുക. നിങ്ങളുടെ കൃപാവരങ്ങളെ ഉദ്ദീപിപ്പിക്കുക".

എങ്കിലും ഞാൻ പറയട്ടെ, സഭയോ അതിന്റെ ശുശ്രൂഷകളോ ക്രിസ്തുവിൽ നിന്ന് അകലുന്നു എന്നുള്ളതല്ല എന്റെ ആദ്യത്തെ പരിഗണന. ആദ്യമായും പരമപ്രധാനമായും ഞാൻ പരിഗണിക്കുന്നത് ക്രിസ്തുവിനോടൊപ്പമുള്ള എന്റെ വ്യക്തിപരമായ നടപ്പാ

ണ്. ഞാൻ എന്നോടുതന്നെ ചോദിക്കുന്നു. "ക്രിസ്തുവിനെ അവഗണിക്കുകയും തന്നിൽ നിന്ന് അകലുകയും ചെയ്യുന്നതുവഴി ഉണ്ടാകുന്ന പരിണതഫലങ്ങളിൽ നിന്നും ഞാൻ എങ്ങനെ രക്ഷപ്പെടും?"

അലസതയുടെ ചേറിലേക്ക് വീണുപോയ യിസ്രയേലിന്റെ ഉദാഹരണം ശ്രദ്ധിക്കുവാൻ പൗലോസ് പറയുന്നു. "ജനം തിന്നുവാനും കുടിപ്പാനും ഇരുന്നു, കളിപ്പാൻ എഴുന്നേറ്റു... ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10:7, 12). തെറ്റിദ്ധരിക്കരുത്, പൗലോസ് ഇവിടെ ക്രിസ്തുവിൽ നിന്നും വീണുപോകുന്നതിനെക്കുറിച്ചല്ല പറയുന്നത്. ഉത്സാഹത്തിൽ നിന്നുള്ള വീഴ്ചയെക്കുറിച്ചാണ്. അതേപോലെ പത്രോസും താക്കീത് നൽകുന്നു. "എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ട് അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരത വിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" (2 പത്രോസ് 3:17).

അതുകൊണ്ടാണ് പൗലോസ് പറയുന്നത്. "മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായിപ്പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്" (1 കൊരിന്ത്യർ 9: 27) പൗലോസിന്റെ മുഴുവൻ ജീവിതവും ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനെക്കുറിച്ചായിരുന്നു. എന്നിട്ടും ഇവിടെ ഇതാ സ്ഥിരതയിൽനിന്ന് വീണുപോകും എന്ന ചിന്തയെ ഭയപ്പെടുന്ന ഒരുവനായിട്ട് സംസാരിക്കുന്നു.

പൗലോസിനെപ്പോലെ ഞാനും എന്റെ രക്ഷയിൽ സുരക്ഷിതനാണ്. പക്ഷേ, കർത്താവിൽ നിന്നും വലിയ ദൈവപുരുഷന്മാരിൽ നിന്നും ലഭിക്കുന്ന ഈ താക്കീതുകൾ ഞാൻ

**ഞാൻ ലോകം മുഴുവൻ കണ്ടിട്ടുള്ള ഒന്നാണ് 'ആത്മീയ സുനാമി' എന്നു വിളിക്കാവുന്ന ദൈവത്തിൽ നിന്നുള്ള അകൽച്ച. ഈ സുനാമിയുടെ തിരമാല ഇന്ന് എല്ലാ വിഭാഗങ്ങളിലുമുള്ള സഭകളെ മുക്കിക്കളയുകയാണ്. ഒരിക്കൽ ശക്തമായിരുന്ന സഭകളും സ്ഥാനങ്ങളും അവയ്ക്ക് അടിസ്ഥാനമിട്ട പിതാക്കന്മാരുടെ ദൈവിക വഴികളിൽ നിന്ന് വ്യതിചലിക്കുമ്പോൾ, ഇത് ലോകമെമ്പാടും സംഭവിക്കുന്നു.**

ശ്രദ്ധിക്കണം.

**പ്രകൃതിയുടെ നിയമങ്ങൾ ആത്മീയ നിയമങ്ങളെ വരച്ചുകാട്ടുന്നു.**

നാം പ്രകൃതിനിയമങ്ങളിൽ നിന്നുള്ള പാഠങ്ങൾ മനസ്സിലാക്കാൻ പരിശ്രമിക്കണം. എല്ലാ സസ്യങ്ങളെയും മൃഗങ്ങളെയും സൃഷ്ടിച്ചത് ദൈവമാണ്. അവയുടെ ജീവചക്രവും സംരക്ഷണവും സാർവ്വത്രികമായ പ്രകൃതിനിയമങ്ങളെ പ്രതിഫലിപ്പിക്കുന്നു. പൗലോസ് എഴുതുന്നു. "ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്കു വെളിവായിരിക്കുന്നു. ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു: അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ" (റോമർ 1: 19-20) സത്യത്തിൽ യേശു നമ്മോട് പൂക്കളെയും പക്ഷികളെയും കാളകളെയും ചെമ്മരിയാടുകളെയും ഉറുമ്പുകളെയും വിത്തുകളെയും നോക്കുവാൻ പറയുന്നു കാരണം, ഇവയിൽ നിന്നൊക്കെയും നമുക്ക് പാഠങ്ങൾ പഠിക്കാൻ സാധിക്കും.

പ്രകൃതിയെ ഉദാഹരിച്ചുകൊണ്ടിതാ





ഇവിടെ ചില ആത്മീയ സത്യങ്ങൾ:

**1 ഉപേക്ഷ അധഃപതനത്തിനു കാരണമാകും**

കെന്റക്കിയിലെ മാമോത്ത് ഗുഹയിലുള്ള ഒരിനത്തിൽപ്പെട്ട മീനിനെക്കുറിച്ച് വായിച്ചപ്പോൾ എനിക്ക് ഉൾക്കാഴ്ച ലഭിച്ചു. ഈ മത്സ്യത്തിന്റെ തല വിളറിവെളുത്തതാണ്. എന്നാൽ തലയിൽ കണ്ണുകളുടെ സ്ഥാനത്ത് രണ്ടു കറുത്ത പുള്ളികളുണ്ട്. ഇതു മത്സ്യത്തിന്റെ കണ്ണുകളാണെന്നു നമുക്ക് തോന്നും. എന്നാൽ ജീവശാസ്ത്രജ്ഞന്മാർ ഈ കറുത്ത പാടുകൾ സൂക്ഷ്മമായി പരിശോധിച്ചപ്പോൾ അവ യഥാർത്ഥത്തിൽ കണ്ണുകളെന്ന നിലയിൽ പ്രവർത്തനരഹിതമാണെന്നു കണ്ടെത്തി. പുറമേ, ഈ പാടുകൾ കണ്ണുകളാണെന്ന് തോന്നും. എന്നാൽ, ഈ കണ്ണുകളുടെ പിന്നിൽ കാഴ്ച നൽകുന്നതെല്ലാം നശിച്ചുപോയിരുന്നു. കാഴ്ചയുടെ ഞരമ്പ് ചുരുങ്ങുകയും ഉണങ്ങുകയും ഉപയോഗശൂന്യമായ ഒരു നൂലായി മാറുകയും ചെയ്തിരുന്നു. കുറച്ചുകൂടി വ്യക്തമായി പറയട്ടെ, ആ മീനുകൾക്ക് കണ്ണുകൾ ഉണ്ടായിരുന്നു; എന്നാൽ കാണാൻ സാധിച്ചില്ല.

ഇവയ്ക്ക് എന്തു സംഭവിച്ചു? ഈ ഇനത്തിൽപ്പെട്ട മീനുകൾക്ക് ഒരു കാലത്ത് പല നിറമായിരുന്നു, അവയ്ക്ക് സാധാരണ രീതിയിൽ പ്രവർത്തിക്കുന്ന കണ്ണുകളും ഉണ്ടായിരുന്നു. പക്ഷേ, ഈ മത്സ്യങ്ങൾ വെളിച്ചത്തെക്കാൾ സമുദ്രത്തിലെ തണുത്തിരുണ്ട ഒളിസങ്കേതങ്ങളാണ് അഭയകേന്ദ്രമാക്കിയത്. ഇങ്ങനെ ഇരുണ്ട സ്ഥലങ്ങളിൽ വളരെനാൾ കഴിച്ചുകൂട്ടിയതിന്റെ ഫലമായി ഈ മത്സ്യങ്ങളുടെ തിളങ്ങുന്ന നിറങ്ങൾ കാലക്രമേണ മങ്ങുകയും പിന്നീട് അവയ്ക്കു വിളറിവെളുത്ത നിറമാവുകയും ചെയ്തു. ഇരുട്ടിൽ കഴിഞ്ഞതിനാൽ ഈ മത്സ്യങ്ങൾക്ക് കണ്ണുകളുടെ ഉപയോഗവും ആവശ്യമില്ലാതെയായി. അപ്പോൾ

**നിങ്ങൾ ഉപയോഗിക്കാത്തത് നിങ്ങൾക്ക് നഷ്ടപ്പെടും. നിങ്ങൾക്ക് ആത്മീയ ജീവൻ വേണമെങ്കിൽ നിങ്ങളുടെ ആത്മീയ കഴിവുകൾ നിരന്തരം അഭ്യസിച്ചുകൊണ്ടിരിക്കണം. എല്ലാ ഞായറാഴ്ചയും സഭയിൽ പോയി അടുത്ത ഒരാഴ്ചത്തേക്ക് വേണ്ട ജീവൻ നിങ്ങൾക്ക് ഊറ്റി കുടിക്കാൻ കഴിയും എന്നു കരുതണ്ട. നിങ്ങൾക്ക് ദിനംതോറും വ്യക്തിപരമായി ദൈവത്തോടു കൂടിയുള്ള ഒരു നടപ്പാവശ്യമാണ്.**

പ്രകൃതിതന്നെ അവയുടെ കണ്ണുകളെ അവയുടെ ആവശ്യത്തിന് അനുരൂപമാക്കി. വെളിച്ചത്തോടുള്ള ഉപേക്ഷ മൂലം അതിന്റെ കാഴ്ച പിന്നീട് പൂർണ്ണമായി ഇല്ലാതാകുകയും ചെയ്തു.

ഇവിടെ നമ്മുടെ ആത്മീയ നടപ്പിനെക്കുറിച്ച് ശക്തമായ ഒരു പാഠം ഉണ്ട്-നിങ്ങൾ ഉപയോഗിക്കാത്തത് നിങ്ങൾക്ക് നഷ്ടപ്പെടും. നിങ്ങൾക്ക് ആത്മീയ ജീവൻ വേണമെങ്കിൽ നിങ്ങളുടെ ആത്മീയ കഴിവുകൾ നിരന്തരം അഭ്യസിച്ചുകൊണ്ടിരിക്കണമെന്നർത്ഥം. എല്ലാ ഞായറാഴ്ചയും സഭയിൽ പോയി അടുത്ത ഒരാഴ്ചത്തേക്ക് വേണ്ട ജീവൻ നിങ്ങൾക്ക് ഊറ്റിക്കുടിക്കാൻ കഴിയും എന്നു കരുതേണ്ട. നിങ്ങൾക്ക് ദിനംതോറും വ്യക്തിപരമായി ദൈവത്തോടു കൂടിയുള്ള ഒരു നടപ്പാവശ്യമാണ്.

**2 ഉപേക്ഷ, ക്രിസ്തീയ ജീവിതത്തിന്റെ (നടപ്പിന്റെ) പോരാട്ടങ്ങളിൽ നിന്നുണ്ടാകുന്ന തളർച്ചയിൽ നിന്നാകാം**

ഇപ്പോൾ ഒരുപാട് വിലയേറിയ ആത്മാക്കൾ തീർത്തും തളർച്ചയിലാണ് (മടുപ്പിലാണ്). തുടർച്ചയായുണ്ടാകുന്ന കഷ്ടങ്ങളും ഹൃദയവേദനകളും കാരണം അവർ ശാരീരികവും ആത്മീയവുമായുള്ള പോരാട്ടങ്ങളിൽ തളർന്നി

രിക്കുകയാണ്. അവർ ക്രിസ്തുവിനെയല്ല വിട്ടുകളയുന്നത് മറിച്ച് പോരാട്ടങ്ങളെയാണ്. അവർ ബുദ്ധിമുട്ടുകളാൽ ക്ഷീണിതരും പോരാട്ടങ്ങളിൽ തളർന്നവരുമാണ്. അതിനാൽ, അവരുടെ നടപ്പിൽ ഇനി അത്ര തീവ്രതയുള്ളവരായിരിപ്പാൻ അവർ ആഗ്രഹിക്കുന്നില്ല. അവർക്ക് രക്ഷപ്പെട്ടാൽ മാത്രം മതി.

ഒരു പാസ്റ്റർ ഈ അടുത്ത കാലത്ത് എനിക്ക് ഇങ്ങനെ എഴുതുകയുണ്ടായി: "ഈ അടുത്ത കുറച്ച് വർഷങ്ങളിൽ ഞങ്ങളുടെ സഭയിൽ ഉണ്ടായിട്ടുള്ളതുപോലെയുള്ള ബുദ്ധിമുട്ടുകളും നിരുത്സാഹങ്ങളും ബന്ധങ്ങളിലുള്ള പ്രശ്നങ്ങളും സാമ്പത്തിക ക്ലേശങ്ങളും എന്റെ ഇത്രയും കാലത്തെ ശുശ്രൂഷയ്ക്കിടയിൽ ഞാൻ കണ്ടിട്ടില്ല. എന്നിട്ടും, ഞാൻ എത്രയും കൂടുതൽ ഈ പ്രശ്നങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ദൈവത്തെ അന്വേഷിക്കുകയും ചെയ്തുവോ അത്രയും അത് വർദ്ധിക്കുകയാണുണ്ടായത്. ഒടുവിൽ ശുശ്രൂഷ ഉപേക്ഷിച്ചുപോകാനുള്ള ചിന്തകൾപോലും എനിക്കുണ്ടായി. ഞാൻ ഒരിക്കലും ക്രിസ്തുവിനെ ഉപേക്ഷിക്കുകയില്ല. എങ്കിലും ഞാൻ എല്ലാ ദിവസവും ഞങ്ങളുടെ സഭയിൽ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നതിനുമപ്പുറമാണ്".

ഒരുപാട് സങ്കീർത്തനങ്ങളുടെ എഴുത്തുകാരനായ ദാവീദ് തന്റെ പോരാട്ടങ്ങളിൽ ക്ഷീണിതനായി. അവൻ ആത്മാവിൽ തളർന്നവനും ബുദ്ധിമുട്ടിലകപ്പെട്ടവനും കഷ്ടങ്ങളാൽ ചുറ്റപ്പെട്ടവനുമായിരുന്നു. അവൻ അപ്പോൾ ആകെ ആഗ്രഹിച്ചത് സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഒരിടത്തേക്ക് ഓടി രക്ഷപ്പെടുക എന്നതായിരുന്നു. "എന്റെ ഹൃദയം എന്റെ ഉള്ളിൽ വേദനപ്പെട്ടിരിക്കുന്നു. മരണഭീതിയും എന്റെ മേൽ വീണിരിക്കുന്നു. ഭയവും വിറയലും എന്നെ പിടിച്ചിരിക്കുന്നു. പരിഭ്രമം എന്നെ മൂടിയിരിക്കുന്നു. പ്രാവിനുള്ളതുപോലെ എനിക്കു ചിറകുണ്ടായിരുന്നുവെങ്കിൽ! എന്നാൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായിരുന്നു എന്നു ഞാൻ പറഞ്ഞു. അതേ ഞാൻ ദൂരത്തു സഞ്ചരിച്ചു മരുഭൂമിയിൽ പാർക്കുമായിരുന്നു" (സങ്കീർത്തനം 55:4-7)

**പ്രശ്നങ്ങളുടെ കൊടുങ്കാറ്റിൽപ്പെട്ടു വലയുമ്പോൾ നമ്മിൽ പലരും ഇതുപോലെ തന്നെ ചിന്തിച്ചു പോകും: "ഞാൻ ഒരിക്കലും യേശുവിനെ ഉപേക്ഷിക്കുകയില്ല. പക്ഷേ ഈ പ്രശ്നങ്ങളുടെ മുൻപിൽ ഞാൻ എളുപ്പമുള്ള ഒരു വഴി നോക്കുവാൻ പോകുകയാണ്"" എന്നാൽ എനിക്ക് എല്ലാ വിശ്വാസികളോടും ഒരു സത്യം പറയാനുണ്ട്- ക്രിസ്തുവിന്റെ ശക്തിയും മഹത്വവും നാം ഒന്നാമതായി കണ്ടെത്തുന്നതു കൊടുങ്കാറ്റിന്റെ നടുവിലായിരിക്കും!**

ദാവീദിനെപ്പോലെ പ്രശ്നങ്ങളുടെ കൊടുങ്കാറ്റിൽപ്പെട്ടു വലയുമ്പോൾ നമ്മിൽ പലരും ഇതുപോലെ തന്നെ ചിന്തിച്ചു പോകും: "ഞാൻ ഒരിക്കലും യേശുവിനെ ഉപേക്ഷിക്കുകയില്ല. പക്ഷേ ഈ പ്രശ്നങ്ങളുടെ മുൻപിൽ ഞാൻ എളുപ്പമുള്ള ഒരു വഴി നോക്കുവാൻ പോകുകയാണ്"

എന്നാൽ എനിക്ക് എല്ലാ വിശ്വാസികളോടും ഒരു സത്യം പറയാനുണ്ട്- ക്രിസ്തുവിന്റെ ശക്തിയും മഹത്വവും നാം ഒന്നാമതായി കണ്ടെത്തുന്നതു കൊടുങ്കാറ്റിന്റെ നടുവിലായിരിക്കും!

വഞ്ചി മുങ്ങിത്താഴാൻ തുടങ്ങുമ്പോഴാണ് യേശു തന്നെത്തന്നെ വെളിപ്പെടുത്തുന്നത്. അവൻ അന്ന് തന്റെ ശിഷ്യന്മാർക്കുവേണ്ടി ചെയ്തതു





പോലെ നമ്മുടെ കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ തിരമാലകളുടെ മുകളിലൂടെ നടന്ന് തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തിത്തരും. എബ്രായ ബാലന്മാർക്കു വേണ്ടി ചെയ്തതുപോലെ നാം എരിയുന്ന തീച്ചൂളയിലായിരിക്കുമ്പോൾ അവൻ നമ്മുടെ അടുത്തേക്ക് വരും. നമ്മളും സിംഹക്കുഴിയിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ ദാനിയേലിനോടൊപ്പം ഇരുന്നതുപോലെ അവൻ നമ്മോട് കൂടെയുണ്ടായിരിക്കും. വാസ്തവത്തിൽ, നമ്മുടെ ബലഹീനതയിലാണ് അവന്റെ ശക്തി നമുക്ക് ലഭിക്കുന്നത്. പൗലോസ് സാക്ഷ്യപ്പെടുത്തുന്നു. "അവൻ എന്നോട്: എന്റെ കൃപ നിനക്ക് മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു."

**കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ തിരമാലകളുടെ മുകളിലൂടെ നടന്ന് യേശു തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തി തരും. എബ്രായ ബാലന്മാർക്കു വേണ്ടി ചെയ്തതുപോലെ നാം എരിയുന്ന തീച്ചൂളയിലായിരിക്കുമ്പോൾ അവൻ നമ്മുടെ അടുത്തേക്ക് വരും. നമ്മളും സിംഹക്കുഴിയിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ ദാനിയേലിനോടൊപ്പം ഇരുന്നതുപോലെ അവൻ നമ്മോട് കൂടെയുണ്ടായിരിക്കും.**

ദാവീദിനെപ്പോലെ നമ്മളും ഭയത്തിന്റെയും ക്ഷീണത്തിന്റെയും സഹനസമയത്ത് രക്ഷപ്പെടാനാണ് ആഗ്രഹിക്കുന്നത്. നമുക്ക് മനുഷ്യരുടെയും പ്രശ്നങ്ങളുടെയും പോരാട്ടങ്ങളുടെയും കഷ്ടതകളുടെയും ഒക്കെ അടുക്കൽ നിന്ന് തെന്നിയകന്ന് ശാന്തവും സമാധാനപൂർണവുമായ ഒരിടത്തേക്ക് പോകാനാണാഗ്രഹം. അതിനാൽ, ചിലർ ഉള്ളിലേക്ക് വലിയുന്നു. ചിലർ മരവിച്ച് ടി.വി. കണ്ടു രക്ഷപെടാൻ ശ്രമിക്കുന്നു. മറ്റുചിലർ തുടർച്ചയായി നിരുത്സാഹത്തിൽ ജീവിക്കുന്നു. വേറെ ചിലർ ദൈവത്തിന് തങ്ങളെ ഇതിലൂടെ കടത്തിവിടാനാകും എന്ന വിശ്വാസത്തിന്റെ പോരാട്ടം ഉപേക്ഷിക്കാൻ തയ്യാറാകുന്നു.

ചുരുക്കത്തിൽ നമ്മുടെ പോരാട്ടങ്ങളുടെ സമയങ്ങളിൽ നാം താഴെപ്പറയുന്ന പ്രകൃതിനിയമത്തെ അഭിമുഖീകരിക്കും.

**3 ഉപേക്ഷ ആത്മീയ വളർച്ചയെ മുരടിപ്പിക്കും.**

നിങ്ങൾ ചെടികളെയോ മൃഗങ്ങളെയോ അവഗണിച്ച് വെള്ളവും പോഷകങ്ങളും കൊടുക്കാതിരുന്നാൽ അവിടെ മരണം ആരംഭിക്കും. നാം ഗ്രാമങ്ങളിലൂടെ യാത്ര ചെയ്യുകയാണെങ്കിൽ വളരെ മനോഹരമായ ഭൂപ്രകൃതിയും പച്ചപ്പുല്ലുകളും നിറമാർന്ന പൂക്കളും ചെടികളും കാണാൻ കഴിയും. ആഴ്ചയുടെ ഒടുവിൽ വീട്ടുടമകൾ തങ്ങളുടെ മുറ്റങ്ങളിൽ ചെടികൾക്കു വെള്ളമൊഴിക്കുന്നതും വളമിടുന്നതും വെട്ടിയൊതുക്കുന്നതും മോടിപിടിപ്പിക്കുന്നതും കാണാൻ കഴിയും.

പക്ഷേ, ഇതിനിടയിൽ ചില വീടുകളിൽ ചെല്ലുമ്പോൾ ഈ മനോഹര ദൃശ്യം നിങ്ങൾക്കു കാണാൻ കഴിയുകയില്ല. അവിടെ എല്ലാം കാടുകയറിക്കിടക്കുന്നതും കാണാം. പുല്ല് വളർന്നത് ചിലത് വാടുകയും നീളമുള്ള കളകൾ എല്ലായിടത്തും വളർന്ന് ജീവനെ ഞെരുക്കിക്കളയുകയും ചെയ്തിരിക്കുന്നു. ഇതെല്ലാം മരണത്തെയാണു പ്രതിഫലിപ്പിക്കുന്നത്. ഈ മുഴുവൻ ദൃശ്യവും വിളിച്ചു പറയുന്നത് "ഉപേക്ഷ! മടി! അലസത!"

ശലോമോൻ ഇങ്ങനെയൊരു ദൃശ്യം വിശദീകരിക്കുന്നു. "ഞാൻ മടിയന്റെ കണ്ടത്തിനരികെയും ബുദ്ധിഹീനന്റെ മുന്തിരിത്തോട്ടത്തിനു സമീ

പെയും കൂടിപ്പോയി. അവിടെ മുള്ളു പടർന്നുപിടിച്ചിരിക്കുന്നതും തൂവ നിറഞ്ഞു നിലം മൂടിയിരിക്കുന്നതും അതിന്റെ കന്മതിൽ ഇടിഞ്ഞു കിടക്കുന്നതും കണ്ടു. ഞാൻ അതു നോക്കി വിചാരിക്കയും അതുകണ്ട് ഉപദേശം പ്രാപിക്കുകയും ചെയ്തു. കുറെക്കൂടെ ഉറക്കം, കുറെക്കൂടെ നിദ്ര, കുറെക്കൂടെ കൈ കെട്ടിക്കിടക്ക. അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെപോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപാണിയെപ്പോലെയും വരും." (സദൃശവാക്യങ്ങൾ 24: 30–34)

ശലോമോൻ നമ്മോടു പറയുകയാണ് "ഉപേക്ഷയാൽ എല്ലാം നശിച്ചുപോയി. നിങ്ങൾ മടിയരാകുമ്പോൾ ആദ്യമായി എന്താണ് സംഭവിക്കുന്നത് എന്ന് ഞാൻ കണ്ടു. അത് ഹൃദയത്തിൽ ഏറ്റെടുക്കുകയും ചെയ്തു." ദൈവത്തിന്റെ വചനത്തോടും പ്രാർത്ഥനയോടും ഉപേക്ഷ വിചാരിക്കുന്നത് സംബന്ധിച്ചും ഇതൊരു പാഠം നൽകുന്നു. കർത്താവിനോടുള്ള മധുരമായ കൂട്ടായ്മയിലും അവിടുത്തെ വിലയേറിയ വചനത്തിൽ സമയം ചെലവഴിക്കുന്നതിലും ഉദാസീനത കാട്ടിയാൽ ജഡത്തിന്റെ താഴോട്ടുള്ള ആകർഷണശക്തിയിലേക്ക് നിങ്ങൾ പെട്ടെന്ന് അടുത്തു ചെല്ലും. അവഗണനയുടെ അല്ലെങ്കിൽ ഉപേക്ഷയുടെ വലിവ് താഴോട്ടാണ്. തന്റെ ഉപേക്ഷയാൽ താഴേക്കുപോയ മന്ദോഷ്ണാവസ്ഥയിലുള്ള ക്രിസ്ത്യാനിയെക്കാൾ ഉണർത്താൻ പ്രയാസമുള്ള മറ്റൊരുവനില്ല.

ഞാൻ എന്റെ സ്വന്തം തോട്ടത്തിൽ നിന്നു തന്നെയുള്ളൊരു ഉദാഹരണം ഓർക്കുന്നു. ഒരിക്കൽ തണലിൽ നട്ട ഒരു വൃക്ഷം വാടിത്തളർന്നു നില്ക്കാൻ തുടങ്ങി. ഞാൻ അതിനെ തണലത്തുനിന്നു മാറ്റി സൂര്യപ്രകാശമുള്ളിടത്തു വീണ്ടും നട്ടു. എല്ലാ ദിവസവും വെള്ളം ഒഴിച്ചു. വെള്ളത്തിൽ

**നിന്റെ ബൈബിൾ പരിശുദ്ധമായ 'അത്ഭുത വളർച്ച'യുടെ പുസ്തകമാണ്. നിങ്ങൾ അതിനെ അവഗണിക്കുകയാണെങ്കിൽ നിങ്ങളുടെ ആത്മാവ് വാടിത്തളരുന്നത് നിങ്ങൾക്ക് കാണാൻ സാധിക്കും. എന്നാൽ, നിങ്ങളുടെ ആത്മാവിനെ ഈ 'അത്ഭുത വളർച്ച'യാൽ നിങ്ങൾ നിരന്തരം പരിപാലിക്കുകയാണെങ്കിൽ, നിങ്ങൾ പൂർണ്ണശക്തിയോടും ജീവനോടും കൂടെ തിരിച്ചു വരും.**

'അത്ഭുത വളർച്ച' നൽകുന്ന പ്രത്യേകതരം വളവും ചേർത്ത് നനയ്ക്കുകയും ചെയ്തു. ഒരു ദിവസം വെള്ളം ഒഴിക്കാൻ വിട്ടുപോയാൽ മരത്തിന്റെ ഇലകൾ വീണ്ടും തൂങ്ങി വീഴാൻ തുടങ്ങും. പക്ഷേ, ഞാൻ 'അത്ഭുത വളർച്ച'യുടെ വളം ഉപയോഗിച്ചു കൃത്യമായി നനയ്ക്കാൻ തുടങ്ങിയപ്പോൾ അത് ഉത്സാഹത്തോടെ വളരുവാൻ തുടങ്ങി.

പ്രിയപ്പെട്ട ദൈവപൈതലേ, നിന്റെ ബൈബിൾ പരിശുദ്ധമായ 'അത്ഭുത വളർച്ച'യുടെ പുസ്തകമാണ്. നിങ്ങൾ അതിനെ അവഗണിക്കുകയാണെങ്കിൽ നിങ്ങളുടെ ആത്മാവ് വാടിത്തളരുന്നത് നിങ്ങൾക്ക് കാണാൻ സാധിക്കും. എന്നാൽ, നിങ്ങളുടെ ആത്മാവിനെ ഈ 'അത്ഭുത വളർച്ച'യാൽ നിങ്ങൾ നിരന്തരം പരിപാലിക്കുകയാണെങ്കിൽ, നിങ്ങൾ പൂർണ്ണശക്തിയോടും ജീവനോടും കൂടെ തിരിച്ചു വരും.

പരിശുദ്ധാത്മാവിൽ നിന്നുള്ള ഈ സന്ദേശം ആർക്കുവേണ്ടിയിട്ടുള്ളതാണെന്ന് ഞാൻ ഒരിക്കൽ കൂടി വ്യക്തമാക്കാം. ഇത് പാപികളോടുള്ള സന്ദേശമല്ല. മറിച്ച് ജയാളികളായ വിശ്വാസികളോടുള്ളതാണ്. എനിക്കും നിങ്ങൾക്കും വേണ്ടിയുള്ളതാണ്. ആത്മാവ് എന്നോട് പറയുന്നതെനിക്ക്





കേൾക്കാം. "ഡേവിഡ്, ക്രിസ്തുവിനെ സ്നേഹിക്കുന്നവനേ, ബൈബിൾ പ്രഘോഷകാ, നിന്റെ ജീവിതവും ശുശ്രൂഷയും പ്രാർത്ഥന വഴി എങ്ങനെയാണ് മാറിയതെന്ന് മറ്റുള്ളവരോട് നീ പറയാറുണ്ട്. പക്ഷേ, നീ എന്റെ വചനം അവഗണിച്ചിട്ടുണ്ടോ? എനിക്ക് നിന്നോട് പറയാനുള്ളത് നീ ഗൗരവമായി എടുക്കാതിരിക്കുകയും നിനക്ക് ചുറ്റും ഗൗരവമില്ലാത്ത അനേകരുടെ വിശ്വാസക്കപ്പൽ തകർന്നുപോയത് നീ അവഗണിക്കുകയും ചെയ്യുകയാണോ? എങ്കിൽ അലസതയിലേക്ക് ഒരു മൃദുവായ വലിവ് നിനക്ക് അനുഭവപ്പെടും. ദൃഷ്ടിഗോചരമല്ലാത്ത ഒരു ആകർഷണ മയക്കം നിന്റെ ആത്മാവിൽ തുടങ്ങും. അത് നിന്നെ മന്ദോഷ്ണാവസ്ഥയിലേക്ക് നയിക്കും''. തെറ്റിദ്ധരിക്കരുത് ഈ സന്ദേശം നിയമാനുസരണ(legalism)ത്തെപ്പറ്റിയല്ല, വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറിച്ചാണ്. പൗലോസ് തിമൊഥെയോസിനോട് ഇതേ വിഷയത്തെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. യുവാക്കളെ അവരുടെ ചുമതല പഠിപ്പിച്ചുകൊണ്ട്– "ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക. മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിത്തീരേണ്ടതിന് ഇത് കരുതുക; ഇതിൽ തന്നെ ഇരുന്നുകൊൾക. നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറച്ചു നില്ക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും." (1 തിമൊഥെയോസ് 4:13 –16)

പൗലോസ് ഇവിടെ തീർച്ചയായും ദൈവവചനം വായിക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. അവൻ

**"നീ എന്റെ വചനം അവഗണിച്ചിട്ടുണ്ടോ? എനിക്ക് നിന്നോട് പറയാനുള്ളത് നീ ഗൗരവമായി എടുക്കാതിരിക്കുകയും നിനക്ക് ചുറ്റും ഗൗരവമില്ലാത്ത അനേകരുടെ വിശ്വാസക്കപ്പൽ തകർന്നുപോയത് നീ അവഗണിക്കുകയും ചെയ്യുകയാണോ? എങ്കിൽ അലസതയിലേക്ക് ഒരു മൃദുവായ വലിവ് നിനക്ക് അനുഭവപ്പെടും. അത് നിന്നെ ശീതോഷ്ണാവസ്ഥയിലേക്ക് നയിക്കും".**

തിമൊഥെയോസിനോട് "ദൈവവചനം ശ്രദ്ധിക്കുവാനും, ധ്യാനിക്കുവാനും, അതിനുവേണ്ടി പൂർണ്ണമായി അർപ്പിക്കാനും" പറയുന്നു.

**വിശ്വാസത്തിന്റെ കുറവുമൂലം ആത്മീയ പോരാട്ടങ്ങൾ ഉപേക്ഷിക്കുകയും ദൈവത്തിൽ നിന്ന് അകലുകയും ചെയ്യുന്നതിന്റെ നാശകരമായ അനന്തരഫലം പ്രകൃതി നമ്മെ കാണിക്കുന്നു.**

നാം നമ്മുടെ നല്ലപോരാട്ടത്തെ എളുപ്പമാർഗ്ഗത്തിനു വേണ്ടി കൈമാറുകയോ നമ്മുടെ പോരാട്ടങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുകയോ ചെയ്യുമ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് മറ്റൊരു പാഠത്തിലൂടെ പ്രകൃതി തുറന്നു കാട്ടുന്നു. ഈ അടുത്തകാലത്ത് ഞണ്ടുകളെക്കുറിച്ചുള്ള ഒരു ജീവശാസ്ത്രജ്ഞന്റെ പഠനം വായിച്ചു. ഞണ്ടുകൾ വളരെ പരുക്കനായി, അപകടമുള്ള, പരിതഃസ്ഥിതിയിലാണ് ജീവിക്കുന്നത്. മൃദുവല്ലാത്ത പാറകൾക്കിടയിൽ. ഞണ്ടുകൾ എല്ലാ ദിവസവും തിരമാലകളുടെ അടിയേൽക്കുന്നവയാണ്. എല്ലാ വശത്തു നിന്നും ആഴങ്ങളിൽ നിന്നുമുള്ള മറ്റു ജീവികളാൽ അവ

*(ശേഷം പേജ് 43 ൽ)*

**സുവിശേഷം**

## ഞാൻ എന്തുകൊണ്ട് വിശ്വസിക്കുന്നു?-III

# കല്ലുകൾ കഥപറയുന്നു...

**ത്രി**യേകദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നതിന്റെ അടിസ്ഥാനം ബൈബിളിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സത്യങ്ങളാണ്. അപ്പോൾ പ്രസക്തമായ ചോദ്യം ബൈബിളിനെ എങ്ങനെ വിശ്വസിക്കും? എന്നതാണ്. ബൈബിൾ ദൈവവചനമാണെന്ന് വിശ്വസിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്ന് അതിൽ അവിടവിടെയായി പറഞ്ഞിരിക്കുന്ന പ്രവചനങ്ങൾ ചരിത്രത്തിൽ നിറവേറി, ഇന്നും നിറവേറിക്കൊണ്ടിരിക്കുന്നു എന്നതാണ്.

ബാബിലോൺ നഗരത്തേയും അതിന്റെ ചുറ്റുമതിലിനേയും കുറിച്ചുള്ള പ്രവചനങ്ങൾ നൂറ്റാണ്ടുകളിലൂടെ എങ്ങനെ നിറവേറി എന്ന് കഴിഞ്ഞലക്കത്തിൽ നമ്മൾ ചിന്തിച്ചു. മറ്റു രണ്ടു നഗരങ്ങളെപ്പറ്റിയുള്ള പ്രവചനങ്ങളെക്കുറിച്ചും ചുരുക്കമായി ചിന്തിക്കാം.

ശമര്യയും യെരുശലേമും. ഇതിൽ ശമര്യ യിസ്രായേൽ എന്ന വടക്കൻ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. ശമര്യയ്ക്കെതിരേ മീഖാ പ്രവാചകൻ ഇങ്ങനെ പ്രവചിച്ചു:"...അതിനാൽ ഞാൻ ശമരിയായെ വെളിമ്പ്രദേശത്തെ കൂനയാക്കും-മുന്തിരിക്കൃഷി ചെയ്യാനുള്ള സ്ഥലം തന്നെ. അവളുടെ കല്ലുകൾ ഞാൻ താഴ്‌വരയിലേക്കു വലിച്ചെറിയും. അവളുടെ അസ്തിവാരങ്ങൾ ഞാൻ അനാവൃതമാക്കും" (മീഖാ.1:6). ശമര്യാനഗരം ഈ പ്രവചനത്തിനു ശേഷം നശിപ്പിക്കപ്പെട്ടു. ഇന്ന് ആ നഗരത്തിന്റെ അവസ്ഥയെക്കുറിച്ചു യിസ്രായേൽ നാടു സന്ദർശിച്ച ഫ്ളോറിഡാ കോറൽ റിഡ്ജ് പ്രസ്ബിറ്റേറിയൻ സഭാ പാസ്റ്റർ ഡോ. ഡി.ജയിംസ് കെന്നഡി വിവരിക്കുന്നതു ശ്രദ്ധിക്കുക:"ശമര്യയിലെ എന്റെ സന്ദർശനത്തോടുള്ള ബന്ധത്തിൽ മൂന്നുകാര്യങ്ങൾ ഞാൻ ഓർക്കുന്നു. ഈ മൂന്നു കാര്യങ്ങളും പ്രവചനനിവൃത്തിയാണെന്നു ഞാൻ പിന്നീടാണു തിരുവെഴുത്തിൽ നിന്നുമനസ്സിലാക്കിയത്. ഒരു കാലത്തു ശമര്യപട്ടണം സ്ഥിതി ചെയ്തിരുന്ന സ്ഥലം ഒരു പർവ്വതത്തിൽനിന്നു കണ്ടപ്പോൾ അങ്ങുതാഴെ താഴ്‌വരയിൽ ഒരിക്കൽ പട്ടണത്തിന്റെ ചുറ്റുമതിലിന്റെ ഭാഗമായിരുന്ന പടുകൂറ്റൻ കല്ലുകൾ ചിതറിക്കിടക്കുന്നതു കാണാമായിരുന്നു. ഞങ്ങളുടെ ഗൈഡ് അവിടുയുള്ള മുന്തിരിത്തോട്ടങ്ങൾ ചൂണ്ടിക്കാണിച്ചുതന്നതും ഓർക്കുന്നു. മൂന്നാമതു പര്യവേക്ഷണത്തിനായി ശമര്യാകോട്ടയുടെ അസ്തിവാരങ്ങളും അടിസ്ഥാനവും മുപ്പത് നാല്പതടി തറനിരപ്പിൽനിന്നു കുഴിച്ച് നഗ്നമാക്കി നിർത്തിയിരിക്കുന്നതും കണ്ടു" ചുരുക്കത്തിൽ മീഖാ 1:6 ൽ പറഞ്ഞിരിക്കുന്ന മൂന്നു കാര്യങ്ങളും -കല്ലുകൾ താഴ്‌വരയിലേക്കു വലിച്ചെറിയും, മുന്തിരികൃഷിചെയ്യാനുള്ള സ്ഥലമാക്കും. അസ്തിവാരങ്ങൾ അനാവൃതമാക്കും-നിറവേറിയിരിക്കുന്നത് ഇന്ന് അവിടം സന്ദർശിക്കുന്ന ആർക്കും കാണാൻ കഴിയും.

ഇനി യെരുശലേമിനെക്കുറിച്ചുള്ള പ്രവചനങ്ങൾ നോക്കാം. യെരുശലേം തെക്കൻ ദേശമായ യഹൂദ്യായുടെ തലസ്ഥാനമായിരുന്നപ്പോൾ, യെരുശലേം നശിപ്പിക്കപ്പെടുമെന്നും അതിലെ നിവാസികളെ പിടിച്ചുകൊണ്ടുപോകുമെന്നും





മതിൽ നശിപ്പിക്കപ്പെടുമെന്നും പ്രവചനമുണ്ടായി (യിരെമ്യാ.24:9, 29:21, 35:17 എന്നീ ഭാഗങ്ങൾ നോക്കുക). എന്നാൽ പിന്നീട് പ്രവാചകന്മാർ ഈ നഗരവും മതിലും പണിയപ്പെടുമെന്നും ആളുകൾ തിരിച്ചുവരുമെന്നും പ്രവചിച്ചു (യെശയ്യാ.4:3-6). ഇത് ഇതേപോലെ നടന്നു. യെരുശലേം നഗരവും മതിലും നശിപ്പിക്കപ്പെട്ടെങ്കിലും പിന്നീട് പണിയപ്പെട്ടു. ഇന്ന് അവിടം സന്ദർശിക്കുന്ന ആർക്കും പുനഃസൃഷ്ടിക്കപ്പെട്ട നഗരവും മതിലുകളും കാണാം.

നോക്കുക: രണ്ടു നഗരങ്ങൾ. ശമര്യയും യെരുശലേമും. രണ്ടു നഗരങ്ങളും നശിപ്പിക്കപ്പെടുമെന്നു പ്രവചിക്കപ്പെട്ടു. അതുപോലെ സംഭവിച്ചു. എന്നാൽ ഇതിൽ യെരുശലേമും അതിന്റെ മതിലുകളും മാത്രം പണിയപ്പെടുമെന്നു പ്രവചനമുണ്ടായി. അതും നടന്നു. അതിനുപകരം ഇന്ന് യിസ്രായേൽ നാട് സന്ദർശിക്കുന്ന ഒരു സഞ്ചാരി ശമര്യപണിയപ്പെട്ടതായും യെരുശലേം നഷ്ടാവശിഷ്ടങ്ങളായി കിടക്കുന്നതായും കാണാൻ ഇടവന്നിരുന്നെങ്കിലോ?. എങ്കിൽ ബൈബിളിലെ പ്രവചനം തെറ്റാണെന്ന് അതുമൂലം തെളിയിക്കപ്പെടുമായിരുന്നു. ബൈബിളിന്റെ വിശ്വസനീയതയും ചോദ്യം ചെയ്യപ്പെടുമായിരുന്നു. എന്നാൽ അതു സംഭവിച്ചില്ല. ഇതു വിരൽചൂണ്ടുന്നത് ബൈബിൾ പ്രവചനങ്ങളുടെ അപ്രമാദിത്വത്തിലേക്കും ബൈബിളിന്റെ ആധികാരികതയിലേക്കുമല്ലേ?.

നഗരങ്ങൾ മാത്രമല്ല ഒരു രാജ്യവും നശിപ്പിക്കപ്പെടുമെന്ന പ്രവചനം പരിശോധിക്കാം. ചാവുകടലിനു സമീപം ഉണ്ടായിരുന്ന ഒരു പുരാതന രാജ്യമായിരുന്നു ഏദോം. ഏദോമ്യർ ദൈവജനത്തിന് എതിരായിരുന്നതുകൊണ്ട് ഈ രാജ്യവും അതിലെ നഗരങ്ങളും നശിപ്പിക്കപ്പെടുമെന്നു പ്രവചനം ഉണ്ടായി:"ഞാൻ നിനക്കു വിരോധമായിരിക്കുന്നു. ഞാൻ നിന്റെ നേരെ കൈനീട്ടി നിന്നെ പാഴും ശൂന്യവുമാക്കും. ഞാൻ

> **ഇന്ന് യിസ്രായേൽ നാട് സന്ദർശിക്കുന്ന ഒരു സഞ്ചാരി ശമര്യപണിയപ്പെട്ടതായും യെരുശലേം നഷ്ടവശിഷ്ടങ്ങളായി കിടക്കുന്നതായും കാണാൻ ഇടവന്നിരുന്നെങ്കിലോ?. എങ്കിൽ ബൈബിളിലെ പ്രവചനം തെറ്റാണെന്ന് അതുമൂലം തെളിയിക്കപ്പെടുമായിരുന്നു. ബൈബിളിന്റെ വിശ്വസനീയതയും ചോദ്യം ചെയ്യപ്പെടുമായിരുന്നു. എന്നാൽ അതു സംഭവിച്ചില്ല. ഇതു വിരൽചൂണ്ടുന്നത് ബൈബിൾ പ്രവചനങ്ങളുടെ അപ്രമാദിത്വത്തിലേക്കല്ലേ?**

നിന്റെ പട്ടണങ്ങളെ ശൂന്യമാക്കും. നീ പാഴായിത്തീരും...ഞാൻ നിന്നെ ശാശ്വതശൂന്യങ്ങളാക്കും. നിന്റെ പട്ടണങ്ങൾ നിവാസികൾ ഇല്ലാതെയിരിക്കും. ഞാൻ യഹോവ എന്നു നിങ്ങൾ അറിയും" (യെഹെസ്ക്കേൽ 35:3,4,9). ഈ പ്രദേശത്തു പഠനപര്യവേക്ഷണങ്ങൾ നടത്തിയ പുരാവസ്തുഗവേഷകരിൽ ഒരാളായ കോൺസ്റ്റന്റൈൻ വോൾനി ഇങ്ങനെ പറയുന്നു "ഈ പ്രദേശത്തു പല പട്ടണങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തി. എന്നാൽ ഇന്ന് ഈ രാജ്യം മുഴുവൻ തീർത്തും നശിപ്പിക്കപ്പെട്ടുപോയി". പ്രശസ്ത സ്വിസ് പര്യവേക്ഷകനും സഞ്ചാരിയുമായ ജോൺ എൽ. ബുർക്കാർട്ട് പ്രഖ്യാപിക്കുന്നത് ആ പ്രദേശം മുഴുവൻ ഇപ്പോൾ വെറും മണൽക്കാടിന്റെ ഭാഗമായി മാറിയിരിക്കുന്നു എന്നാണ്. ഏദോമിനെക്കുറിച്ചുള്ള പ്രവചനനിവൃത്തിയുടെ തെളിവുകൾ ശാസ്ത്രഗവേഷകരിൽ നിന്നു സംഘടിപ്പിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അലക്സാണ്ടർ കീത്തും വിരൽ ചൂണ്ടുന്നത് ഏദോമിനെതിരായ പ്രവചനം അക്ഷരാർത്ഥത്തിൽത്തന്നെ നിറവേറി എന്നതിലേക്കാണ്. ഒരിക്കൽ ഈ പ്രദേശങ്ങൾ സന്ദർശിച്ച സ്റ്റീഫൻ

എന്ന ദൈവഭൃത്യൻ ഇവിടെ നിന്നുകൊണ്ട് ഇങ്ങനെ പ്രഖ്യാപിച്ചു: "ഒരു കാലത്തു വലിയപട്ടണങ്ങൾ സ്ഥിതി ചെയ്തിരുന്ന ഈ സ്ഥലത്ത് ഇന്ന് ഈ നഷ്ടക്കൂമ്പാരങ്ങൾക്കിടയിൽ ഒരു കൈയിൽ ബൈബിളുമേന്തി നില്ക്കുമ്പോൾ ഈ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ വലിയവനായ ദൈവത്തിന്റെ കൈയെഴുത്താണ് ഞാൻ കാണുന്നത്".

ഉവ്വ്, തകർന്നുപോയ പട്ടണങ്ങളെ സംബന്ധിച്ച ഈ പ്രവചനങ്ങളെ മുൻവിധിയില്ലാതെ സമീപിക്കുന്ന ആർക്കും കാലത്തെയും സംസ്കാരങ്ങളെയും നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന ഒരു സർവശക്തനായ ദൈവത്തിന്റെ വിരൽപ്പാടുകൾ ഈ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ കണ്ടെത്താൻ കഴിയും.

ബൈബിളിലെ പഴയനിയമത്തിൽ മാത്രം കാണുന്ന രണ്ടായിരം പ്രവചനങ്ങളിൽ ചിലതിനെക്കുറിച്ചു മാത്രമാണു നാം പറഞ്ഞത്. എന്നാൽ ബൈബിളിന്റെ വിശ്വസനീയതയെ ഈ പ്രവചനങ്ങളെല്ലാം ശരിവയ്ക്കുന്നുവെന്നാണു നാം കണ്ടത്. ബൈബിൾ മനുഷ്യസൃഷ്ടിയാണെന്നു പറയുന്നവർ സത്യത്തിൽ തങ്ങളുടെ അജ്ഞതയാണു വെളിവാക്കുന്നത്. ലോകത്തിലെ എല്ലാ സാഹിത്യങ്ങളിലും മതങ്ങളിലും ബൈബിളിനു സമാനമായ ഒരു ഗ്രന്ഥം നമുക്കുചൂണ്ടിക്കാണിക്കാനാവില്ല. ബൈബിളിന്റെ പിന്നിൽ പ്രവർത്തിച്ച കരങ്ങൾ ''ഞാനാണ് ആദിയും അന്തവും ജീവിക്കുന്നവനും. ഇപ്പോൾ ഉള്ളവയും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയും ഞാനറിയുന്നു. ഞാൻ അരുളിച്ചെയ്യുന്നു അങ്ങനെ സംഭവിക്കുന്നു" എന്നിങ്ങനെ പ്രസ്താവിപ്പാൻ കഴിവുള്ളവന്റേതാണ്. തീർച്ച.

പ്രവചനങ്ങൾ വാഗ്ദാനങ്ങൾ കൂടിയാണ്. ദൈവം നമുക്കു രണ്ടായിരത്തിലേറെ പ്രവചനങ്ങൾ നൽകിയത് നാം അവിടുത്തെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നതിനുവേണ്ടിയാണെന്നു കരുതാം. യെരുശലേമന്റെ മതിലുകൾ പണിയപ്പെടുമെന്നും ബാബിലോണിന്റെ മതിലുകൾ പണിയപ്പെടുകയില്ലെന്നും ദൈവം അരുളിച്ചെയ്തു. അങ്ങനെ സംഭവിച്ചു. ടയിർ നശിപ്പിക്കപ്പെടുമെന്നും സീദോൻ തുടരുമെന്നും അവിടുന്നു വാഗ്ദാനം ചെയ്തു. അതും നടന്നു. എന്തിനു വേണ്ടി? നാം അവിടുത്തെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നതിനുവേണ്ടിയാണത്.

അവിടുന്നു വീണ്ടും വാഗ്ദാനം ചെയ്തിരിക്കുന്നു-തന്റെ പുത്രനിൽ വിശ്വസിക്കുന്നവൻ നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കും. അതേസമയം പുത്രനിൽ വിശ്വസിക്കാത്തവൻ ജീവനെ കാണുകയില്ല മറിച്ച്; ദൈവക്രോധം അവന്റെ മേൽ വസിക്കും. ഈ വാക്കുകൾ സത്യമാണെന്നും ഇവയും നിറവേറുമെന്നും ഇതിനകം നിവൃത്തിയായ രണ്ടായിരത്തിലേറെ പ്രവചനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടു തന്നെ ഈ വചനങ്ങളെ തിരസ്കരിക്കുന്നവർക്ക് തങ്ങളുടെ നാശത്തിനു തങ്ങളെത്തന്നെയല്ലാതെ മറ്റാരെയും കുറ്റപ്പെടുത്താൻ കഴിയുകയില്ലെന്നതു വ്യക്തമല്ലേ?.

ബൈബിൾ മനുഷ്യസൃഷ്ടിയാണെന്നു പറയുന്നവർ സത്യത്തിൽ തങ്ങളുടെ അജ്ഞതയാണു വെളിവാക്കുന്നത്. ലോകത്തിലെ എല്ലാ സാഹിത്യങ്ങളിലും മതങ്ങളിലും ബൈബിളിനു സമാനമായ ഒരു ഗ്രന്ഥം നമുക്കുചൂണ്ടിക്കാണിക്കാനാവില്ല. ബൈബിളിന്റെ പിന്നിൽ പ്രവർത്തിച്ച കരങ്ങൾ "ഞാനാണ് ആദിയും അന്തവും ജീവിക്കുന്നവനും. ഞാൻ അരുളിച്ചെയ്യുന്നു അങ്ങനെ സംഭവിക്കുന്നു" എന്നിങ്ങനെ പ്രസ്താവിപ്പാൻ കഴിവുള്ളവന്റേതാണ്. തീർച്ച.



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

വായിച്ചു തുടങ്ങുംമുൻപ്......

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ. ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. ഒരു അച്ചടിത്തൊഴിലാളിയായ അയാൾക്ക് പത്തുമാസംമുമ്പ് തൊഴിൽ നഷ്ടപ്പെട്ടു. ദാരിദ്ര്യംമൂലം ഭാര്യമരിച്ചു. ഏകമകളെ ഒരു സ്നേഹിതന്റെ വീട്ടിൽ ആക്കിയിട്ട് ജോലിയന്വേഷിച്ച് വന്നതാണ് അയാൾ. യേശുവിനെ അനുഗമിക്കുക എന്ന പ്രസംഗം അയാൾ സദസ്സിൽ ഇരുന്ന് കേട്ടു. പിന്നീട് 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞ എടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി.*

*തുടർന്നുവായിക്കുക....*

## 4

**പ**ന്തയപ്പോരിന്റെ റിപ്പോർട്ട് പത്രത്തിൽ നിന്നും തിരോധാനം ചെയ്തതിന്റെ പ്രതികരണങ്ങളുമായി ചില കത്തുകൾ ആ ആഴ്ചയിൽ പത്രാധിപർക്കു ലഭിച്ചു. അതിലെ രണ്ടു മൂന്നു കത്തുകൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു:

പത്രാധിപർക്ക്.

സർ, പത്രം ഒന്നു മാറുന്നതിനെക്കുറിച്ചു ഞാൻ ചിന്തിച്ചു വരികയായിരുന്നു. കാലാനുസൃതവും പുരോഗമനവീക്ഷണമുള്ളതും പുതുമകൾ സൃഷ്ടിക്കുന്നതും പൊതുജന താത്പര്യങ്ങൾ പരിഗണിക്കുന്നതുമായ ഒരു പത്രമാണ് എനിക്കാവശ്യം. പ്രശസ്തമായ പന്തയപ്പോരിന്റെ റിപ്പോർട്ടുപോലും ഒഴിവാക്കുന്ന താങ്കളുടെ ഉദ്യമത്തോടു പൊരുത്തപ്പെടാൻ കഴിയുന്നില്ല. ഞാൻ മറ്റൊരു പത്രം കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു. താങ്കളുടെ പത്രം എനിക്ക് എത്തിതച്ചു തരുന്നതു നിർത്തിയാലും.

എന്ന് വിശ്വസ്തതയോടെ

'------------'

അനേകവർഷങ്ങളായി വരിക്കാരനായിരുന്ന ഒരു പ്രശസ്ത ബിസിനസുകാരന്റെ കത്താണ് മുകളിൽ ഉദ്ധരിച്ചത്.

അടുത്ത കത്ത്:

പ്രിയ പത്രാധിപരേ,

താങ്കളുടെ ഈ പുതിയ വിഭവത്തിനു എന്തു സ്വാദാണുള്ളത്? എന്തു നയമാണ് താങ്കൾ സ്വീകരിച്ചിരിക്കുന്നത്? പത്രത്തിലൂടെ ഒരു 'നവീകരണ'മൊന്നും നടത്താൻ ഉദ്ദേശ്യമില്ലെന്നു ആശിക്കട്ടെ. ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ അപകടകരമാണെന്നു പറയട്ടെ. താങ്കൾ ഇതുവരെ ചെയ്തു വിജയിപ്പിച്ച നവീന സംരംഭങ്ങൾ തുടരുന്നതാണ് ബുദ്ധി എന്നാണ് എന്റെ അഭിപ്രായം. പൊതുജനത്തിനു വേണ്ടതു പന്തയപ്പോരും ഒക്കെയാണ്. അവർക്കു വേണ്ടത് അവർക്കു നൽകുക. 'നവീകരണം' മറ്റാരെങ്കിലും നടത്തട്ടെ.

എന്നു താങ്കളുടെ ---

ഇതു നോർമന്റെ പഴയ സുഹൃത്തായ മറ്റൊരു പത്രാധിപരുടെ കത്താണ്. അദ്ദേഹം മറ്റൊരു നഗരത്തിൽ ഒരു പത്രം നടത്തുന്നു.

പ്രിയ നോർമൻ,

താങ്കൾ വാക്കു പാലിച്ചതിൽ താങ്കളെ അഭിനന്ദിക്കാൻ എന്റെ ഹൃദയം വെമ്പൽ കൊള്ളുന്നതുകൊണ്ടാണ് ഈ കത്തയച്ചത്. ഇതു തീർച്ചയായും വളരെ നല്ല ഒരു തുടക്കമാണ്. അതിന്റെ മൂല്യം എനിക്കു മനസ്സിലാക്കാൻ കഴിയുന്നിടത്തോളം മറ്റാർക്കും കഴിയുമെന്നു തോന്നുന്നില്ല. എങ്കിലും അതിനു താങ്കൾക്കു കൊടുക്കേണ്ടിവരുന്ന വിലയെക്കുറിച്ച് എനിക്കല്പമേ അറിയൂ.

എന്ന് പാസ്റ്റർ ഹെൻട്രി മാക്സ് വെൽ.

ഹെൻട്രി മാക്സ് വെല്ലിന്റെ കത്തിനു ശേഷം തുറന്ന കത്ത് നോർമനു സഹിക്കേണ്ടി വരുന്ന നഷ്ടത്തെക്കുറിച്ചു ഏതാണ്ട് വെളിപ്പെടുത്തുന്നതായിരുന്നു.

എഡ്വാർഡ് നോർമൻ

പത്രാധിപർ, ഡെയ്‌ലി ന്യൂസ്

സർ,

കരാർ കാലാവധി അവസാനിക്കുന്നതോടെ എന്റെ പരസ്യം പ്രസിദ്ധീകരിക്കുന്നതു നിർത്തുമല്ലോ. കരാർ പുതുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുവരെയ്ക്കുള്ള മുഴുവൻ തുകയ്ക്കുമുള്ള ചെക്ക് ഇതോടൊപ്പം അയയ്ക്കുന്നു. എന്റെ കമ്പനിക്ക് താങ്കളുടെ പത്രത്തോടുള്ള ഇടപാടുകൾ തീർത്തതായി പരിഗണിക്കുമല്ലോ.

എന്ന്, വിശ്വസ്തതയോട്

നഗരത്തിലെ ഒരു വലിയ പുകയില വ്യാപാരിയുടേതായിരുന്നു ഈ കത്ത്. അദ്ദേഹത്തിന്റെ വകയായി വലിയ കണ്ണഞ്ചിക്കുന്ന പരസ്യങ്ങൾ സ്ഥിരമായി നൽകിയിരുന്നു. അതിനു പ്രതിഫലമായി വലിയ തുക പത്രത്തിനു ലഭിച്ചിരുന്നു.

നോർമൻ ആ കത്തു താഴെ വച്ച് പത്രമെടുത്ത് പരസ്യ കോളങ്ങളിലൂടെ കണ്ണോടിച്ചു. പന്തയപ്പോരിന്റെ പരസ്യങ്ങൾ അപ്രത്യക്ഷമായതും പുകയിലക്കമ്പനി പരസ്യങ്ങൾ നിർത്താനാഗ്രഹിക്കുന്നതും തമ്മിലെന്താണു ബന്ധം? പ്രത്യേകിച്ചൊന്നും പ്രത്യക്ഷത്തിൽ കാണുന്നില്ല. എന്നാൽ തമ്മിൽ ബന്ധമില്ലെന്നു കരുതുക വയ്യ. പിന്നീടു നോർമൻ ഒരു കാര്യം മനസ്സിലാക്കി.

പത്രത്തിന്റെ പ്രചാരം ഗണ്യമായി കുറയ്ക്കുന്ന എന്തോ തീരുമാനം നോർമൻ എടുത്തിരിക്കുന്നതായി പുകയിലക്കമ്പനിക്കാർ മനസ്സിലാക്കിയിരിക്കുന്നു.

കുറഞ്ഞ പ്രചാരം പരസ്യ







"എനിക്കു തോന്നിയ, ഞാൻ വിശ്വസിക്കുന്ന ചില മാറ്റങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുവരെയും ഞാൻ ചെയ്ത ചില കാര്യങ്ങൾ തന്നെ ആളുകൾ വിചിത്രമെന്നു കരുതുന്നു എന്നെനിക്കറിയാം. ഞാൻ ചെയ്ത കാര്യങ്ങൾക്കു പിന്നിലെ ഉദ്ദേശ്യമെന്തെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ത്തിന്റെ സാദ്ധ്യത കുറയ്ക്കും. നോർമൻ ഇതിനു മുമ്പ് ഈ വഴിക്കു ചിന്തിച്ചിരുന്നില്ല. പരസ്യങ്ങളിലൂടെ കണ്ണോടിച്ചപ്പോൾ അതിൽ പലതും തന്റെ യജമാനൻ അനുവദിക്കുന്നതല്ലല്ലോ എന്ന പുതിയ ബോദ്ധ്യം അദ്ദേഹത്തിനുണ്ടായി.

വിവിധതരത്തിലുള്ള മദ്യത്തിന്റെയും ചുരുട്ടിന്റെയും നെടുങ്കൻ പരസ്യങ്ങളുടെ കാര്യത്തിൽ ഇനി എന്തു ചെയ്യും? ഒരു ക്രിസ്തീയസഭാംഗം എന്ന നിലയിലോ ആദരണീയനായ ഒരു പൗരനെന്ന നിലയിലോ അദ്ദേഹത്തിനു ഇതിൽ ആക്ഷേപം ഒന്നുമുണ്ടായിരുന്നില്ല. കാരണം, ഈ കോളങ്ങൾ മദ്യരാജാക്കന്മാർ വിലയ്ക്കെടുത്തവയായിരുന്നു. അതെക്കുറിച്ചു ആർക്കും ആക്ഷേപമുണ്ടായിരുന്നില്ല. പൂർണ്ണമായും നിയമാനുസൃതവും ന്യായയുക്തവുമായിരുന്നു. മദ്യശാലയും ബില്യാർഡ്സ് കളിക്കുന്ന ക്ലബ്ബും ബീയർ വിളമ്പുന്ന ഉദ്യാനവും ഒക്കെ റെയ്മണ്ടിലെ ക്രിസ്തീയ സംസ്കാരത്തിന്റെ ഒരു ഭാഗമായിരുന്നതിനാൽ ദുഃസ്വാതന്ത്ര്യത്തിന് മാന്യതയുടെ ഒരു മറ നൽകപ്പെട്ടിരുന്നു. റെയ്മണ്ടിൽ മറ്റെല്ലാ ബിസിനസുകാരും ചെയ്തിരുന്നതു മാത്രമായിരുന്നു അദ്ദേഹവും ചെയ്തിരുന്നത്. ഏറ്റവും വലിയ റവന്യൂ വരുമാനവും ഈ മേഖലയിൽ നിന്നായിരുന്നു. ഇതൊക്കെ ഒരു പത്രം വേണ്ടെന്നു വച്ചാൽ എന്തു സംഭവിക്കും? അതു നിലനിലനില്ക്കുമോ? അതായിരുന്നു ചോദ്യം.

പക്ഷേ പരിഗണിക്കേണ്ട ചോദ്യം അതല്ലല്ലോ. യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു? ഈ ആഴ്ചയിൽ ഉത്തരം കണ്ടെത്താൻ നോർമൻ ശ്രമിച്ചു കൊണ്ടിരുന്ന ചോദ്യം അതാണ്. യേശു തന്റെ പത്രത്തിൽ പുകയിലയുടെയും വിസ്കിയുടെയും പരസ്യം നൽകുമായിരുന്നോ?

എഡ്വാർഡ് നോർമൻ സത്യസന്ധമായിത്തന്നെ തന്നോട് അതു ചോദിച്ചു. സഹായത്തിനായും ജ്ഞാനത്തിനായും പ്രാർത്ഥിച്ചു. തുടർന്ന് മാനേജിംഗ് എഡിറ്റർ ക്ലാർക്കിനെ വിളിച്ചു.

ക്ലാർക്ക് കടന്നു വന്നു, പത്രം ഒരു പ്രതിസന്ധിയിലാണെന്ന മുഖഭാവത്തോടെ. തിങ്കളാഴ്ചത്തെ സംഭവങ്ങൾക്കു ശേഷം എന്തിനും തയ്യാറായി നില്ക്കുന്ന ഒരു അവസ്ഥയിലായിരുന്നു അദ്ദേഹം. ഇന്നു വ്യാഴാഴ്ചയാണ്.

നോർമൻ ശബ്ദം താഴ്ത്തി ശ്രദ്ധയോടെ സംസാരിച്ചു: "ഞാൻ നമ്മുടെ പരസ്യകോളങ്ങളിലൂടെ കണ്ണോടിച്ചു കൊണ്ടിരിക്കുകയാണ്. കരാർ തീരുന്ന മുറയ്ക്ക് ചില പരസ്യങ്ങൾ നിർത്തി വയ്ക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഇവിടെ അടയാളമിട്ടിരിക്കുന്ന പരസ്യങ്ങൾക്കു കരാർ പുതുക്കുകയോ അത്തരം പുതിയ പരസ്യങ്ങൾ ക്ഷണിക്കുകയോ വേണ്ട എന്നു പരസ്യക്കമ്പനിയ്ക്ക് അറിയിപ്പു കൊടുക്കണം." ഇതു പറഞ്ഞിട്ട് താൻ അടയാളപ്പെടുത്തിയ പത്രം അദ്ദേഹം ക്ലാർക്കിന്റെ കയ്യിൽ കൊടുത്തു. ക്ലാർക്ക് അതുവാങ്ങി വളരെ ശ്രദ്ധയോടും ഗൗരവത്തോടും അതിലൂടെ കണ്ണോടിച്ചു.

"ഇതു പത്രത്തിനു വലിയ നഷ്ടം ഉണ്ടാക്കും. ഇത്തരം കാര്യങ്ങളുമായി എത്ര നാൾ മുമ്പോട്ടു പോകാൻ കഴിയുമെന്നാണ് താങ്കൾ കരുതുന്നത്?" പത്രാധിപരുടെ തീരുമാനങ്ങളിൽ ക്ലാർക്ക് സ്തബ്ധനായിപ്പോയി. അദ്ദേഹത്തിനിതെല്ലാം മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല.

"ക്ലാർക്ക്, യേശു നമ്മുടെ പത്രത്തിന്റെ ഉടമസ്ഥനും പത്രാധിപരുമായിരുന്നെങ്കിൽ വിസ്കിയുടെയും പുകയിലയുടെയും പരസ്യങ്ങൾ അദ്ദേഹം പത്രത്തിൽ അനുവദിക്കുമായിരുന്നു എന്നു താങ്കൾക്കു തോന്നുന്നുവോ?"

"ഞാനൊരിക്കലും അങ്ങനെ വിചാരിക്കുന്നില്ല. പക്ഷേ, നമുക്ക് അതുമായിട്ടെന്തു കാര്യം? യേശു ചെയ്തതൊക്കെ നമുക്കു ചെയ്യാൻ കഴിയുമോ? ഒരു പത്രം അത്തരത്തിൽ ഒരിക്കലും നടത്താൻ കഴിയില്ല."

"എന്തുകൊണ്ടില്ല?"നോർമൻ ശാന്തമായി ചോദിച്ചു.

''എന്തുകൊണ്ടില്ലെന്നോ? വില്പന നടക്കില്ല. സാമ്പത്തികമായി നഷ്ടത്തിൽ ചെന്നവസാനിക്കും. അത്രതന്നെ.'' ക്ലാർക്ക് ഉള്ളിൽ പതഞ്ഞ നീരസം പുറത്തേക്കൊഴുക്കി. "അത്തരം ഒരു നയം കൈക്കൊണ്ടാൽ നാം കടക്കെണിയിൽ ആയിത്തീരും."

"നീ അങ്ങനെ തന്നെ വിചാരിക്കുന്നോ?" ഒരു ഉത്തരം പ്രതീക്ഷിക്കാതെ, എന്നാൽ സ്വയം ചോദിക്കുന്നതു പോലെ നോർമൻ ചോദിച്ചു. അല്പ സമയത്തെ മൗനത്തിനു ശേഷം അദ്ദേഹം പറഞ്ഞു:

"ഞാൻ പറഞ്ഞതു ചെയ്വാൻ മാർക്സിനോടു പറയുക. ക്രിസ്തു ആയിരുന്നെങ്കിൽ അങ്ങനെ തന്നെ ചെയ്യുമായിരുന്നു. ഞാൻ താങ്കളോടു മുമ്പു പറഞ്ഞിരുന്നതുപോലെ ഒരു വർഷത്തേക്ക് അങ്ങനെ ചെയ്യുമെന്നു ഞാൻ പ്രതിജ്ഞയെടുത്തിരിക്കുന്നു. അതിന്റെ ഫലം എങ്ങനെയായിരുന്നാലും. വിസ്കിയെക്കുറിച്ചും പുകയിലയെക്കുറിച്ചും പത്രത്തിൽ പരസ്യം കൊടുക്കുന്നതു സംബന്ധിച്ച കാര്യങ്ങളിൽ നാം യുക്തിപരമായി ചില നിഗമനങ്ങളുണ്ടാക്കിക്കൊണ്ടു യേശുവിനോടു ഒരു ധാരണയിലങ്ങു പോകാം എന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഞാൻ ഇനിയും പഠിക്കേണ്ട ചില പരസ്യങ്ങളുണ്ട്. അവ സംശയാസ്പദമായ സ്വഭാവം വഹിക്കുന്നവയാണ്. എന്നിൽ നിശ്ശബ്ദമാക്കാൻ കഴിയാത്ത ബോദ്ധ്യം ഉണ്ടാകുന്നതുവരെ അവ തുടരട്ടെ."

തികച്ചും വിചിത്ര സ്വഭാവക്കാരനായ ഒരാളുടെ മുമ്പിൽ നിന്നെന്നവണ്ണം ക്ലാർക്ക് എണീറ്റ് തന്റെ





ഡെസ്ക്കിലേക്കു പോയി. അദ്ദേഹത്തിനിതൊന്നും ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. എന്തോ ആപത് സൂചനയാൽ അദ്ദേഹത്തിന്റെ മനസ്സ് പ്രക്ഷുബ്ധമായിരുന്നു. അർത്ഥശൂന്യമായ ഒരു ധാർമ്മികനിലവാരത്തിന്റെ പേരിൽ പത്രാധിപർ ചെയ്യുന്ന കാര്യങ്ങൾ പത്രസ്ഥാപനത്തെ ഇല്ലാതാക്കും എന്നു ക്ലാർക്ക് വിശ്വസിച്ചിരുന്നു. ഈ നിലവാരം ഒരു ബിസിനസിൽ എന്തിനാണ്? ഇതു സമൂഹത്തെത്തന്നെ തകിടം മറിക്കുകയില്ലേ? ഇതു വങ്കത്തമല്ലാതെന്താണ്? ശുദ്ധ ഭോഷത്തം. പരസ്യങ്ങളുടെ ചുമതലയുള്ള മാർക്സിനെ ഇക്കാര്യങ്ങൾ അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണങ്ങളും മറിച്ചായിരുന്നില്ല. മുഖ്യനെന്തുപറ്റി? ഭ്രാന്തുപിടിച്ചോ? മുഴുവൻ ബിസിനസിനെയും കടക്കെണിയിലെറിയാൻ പോകുകയാണോ?

എഡ്വാർഡ് നോർമൻ ഇതുവരെയും പ്രശ്നത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കു കടന്നിരുന്നില്ല. വെള്ളിയാഴ്ച കാലത്തെ അദ്ദേഹം ഓഫീസിലെത്തിയപ്പോൾ ഞായറാഴ്ച പ്രഭാതപ്പതിപ്പിനു വേണ്ട പതിവു ജോലികളെ അഭിമുഖീകരിക്കാൻ തുടങ്ങി. ഒരു ഞായറാഴ്ച ദിനപ്പത്രം ഇറക്കുന്ന അപൂർവ്വം പത്രങ്ങളിലൊന്നായിരുന്നു നോർമന്റേത്. അതു സാമ്പത്തികമായി നല്ല വിജയമുണ്ടാക്കിയിരുന്നു. അതിൽ സാഹിത്യം, ആദ്ധ്യാത്മികം മുതലായ വിഷയങ്ങൾക്കായി ഓരോ പേജും കായികം, കല, നാടകം, ഫാഷൻ, സാമൂഹികം, രാഷ്ട്രീയം, സാമ്പത്തികം, കണ്ടതും കേട്ടതും ഒക്കെയായി മുപ്പതു നാല്പതു പേജും ഉണ്ടായിരുന്നു. ഇതു രസകരമായ ഒരു വായനയ്ക്കു വേണ്ട എല്ലാ വിഭവങ്ങളും ഒരുക്കിയിരുന്നതിനാൽ എല്ലാത്തരത്തിലുള്ള ആളുകളുടെയും ഞായറാഴ്ചകളിലെ ഒഴിവാക്കാൻ കഴിയാത്ത ഒന്നായിരുന്നു ഈ വാരാന്ത്യപ്പതിപ്പ്.

ഇക്കാര്യത്തിലും എഡ്വേർഡ് നോർമൻ തന്നോടു ചോദിച്ചു: 'യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?' വിശുദ്ധവും നല്ലതുമായ കാര്യങ്ങൾക്കു വേണ്ടി ചെലവഴിക്കേണ്ട ഒരു ദിവസം റെയ്മണ്ടിലെ ക്രിസ്ത്യാനികൾക്കു വേണ്ടി ഇത്തരം കാര്യങ്ങൾ യേശു തന്റെ പത്രത്തിൽ ഒരുക്കുമായിരുന്നോ? ഇതരദിവസങ്ങളിൽ ജോലിക്കു പോകുന്ന സാധാരണക്കാരായ ആളുകൾക്കു ആകെ കിട്ടുന്ന ഒരേ ഒരു വിശ്രമ ദിവസത്തിൽ അവർ ആഗ്രഹിക്കുന്നത് അറിവിനും ഉല്ലാസത്തിനും പറ്റിയ എന്തെങ്കിലും വായനകളാണ്. അവരൊന്നും പള്ളികളിൽ പോകുന്നവരല്ല. അങ്ങനെയുള്ള സന്ദർഭത്തിൽ ഞായാറാഴ്ചപ്പത്രം ഇറങ്ങാതിരുന്നാൽ, അതിനു കഴിയാതെ വന്നാൽ ഇത്രയും സാധാരണക്കാരായ ജോലിക്കാരുടെ ആവശ്യങ്ങളെ എങ്ങനെ നികത്തും? നോർമൻ ഈ സാഹചര്യത്തെക്കുറിച്ച് ഗാഢമായി ചിന്തിച്ചു.

ഇതൊക്കെ ഗൗരവമായി പരിഗണിച്ചുകൊണ്ടുതന്നെ യേശു ഞായറാഴ്ച പ്രഭാതത്തിൽ ഒരു പത്രം ഇറക്കുമോ? സ്ഥിരം വരിക്കാർ അതിനുള്ള പണം മുൻകൂർ അടച്ചിട്ടുണ്ടെന്നു തന്നെ കരുതുക. അത്തരം ഒരു ചോദ്യം തികച്ചും അപ്രസക്തമാണ്. ഞായാറാഴ്ചപ്പത്രം വരിസംഖ്യ ഇനത്തിൽ വലിയ നേട്ടമുണ്ടാക്കുന്ന ഒന്നു തന്നെയാണ്. അതു നിർത്തേണ്ടി വന്നാൽ ആയിരക്കണക്കിനു ഡോളറുകൾ ആയിരിക്കും നഷ്ടമാവുക. സ്ഥിരംവരിക്കാർ മുൻകൂർ അടയ്ക്കുന്ന പണത്തിനു പുറമെയാണിത്. അവർ അടച്ചു കഴിഞ്ഞതു അവർക്കു നിഷേധിക്കാൻ യേശുവിനാണെങ്കിൽ കഴിയുമോ?

ഈ ചോദ്യം അദ്ദേഹത്തെ കുഴക്കി. ഞായറാഴ്ചപ്പത്രം ഇറക്കാതിരിക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങൾ വളരെ അധികമാകയാൽ ആദ്യമായി യേശുവിന്റെ തീരുമാനത്തിനു

വിപരീതമായി തീരുമാനമെടുക്കുവാൻ നോർമൻ നിർബ്ബന്ധിതനായി. പത്രത്തിന്റെ ഉടമസ്ഥത പൂർണ്ണമായും അദ്ദേഹത്തിന്റേതായിരുന്നതിനാൽ തന്റെ തീരുമാനം പോലെ എന്തും ചെയ്യാൻ അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ടായിരുന്നു. അവിടെ ഡയറക്ടറന്മാരുടെ ബോർഡോ ഉപദേശകസമിതിയോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഞായാറാഴ്ചപ്പത്രത്തിനു വേണ്ട നിരവധി ലേഖനങ്ങളുടെ നടുവിലിരിക്കുമ്പോൾ അദ്ദേഹത്തിനു വ്യക്തമായ ചില തീരുമാനങ്ങളുണ്ടായിരുന്നു. അതിൽ തന്റെ ഉദ്ദേശ്യവും ലക്ഷ്യവും തുറന്നു പറയുവാൻ പത്രത്തിന്റെ സ്വാധീനവും ശക്തിയും ഉപയോഗിക്കുവാനുള്ള തീരുമാനവും ഉണ്ടായിരുന്നു. അദ്ദേഹം ക്ലാർക്കിനോടും മറ്റു സഹപ്രവർത്തകരോടും റിപ്പോർട്ടർമാരോടും മെയിലിംഗ് റൂമിലേക്കു വരുവാൻ ആഹ്വാനം ചെയ്തു. ഈ മുറി താരതമ്യേന വിസ്തൃതമായിരുന്നു. എല്ലാവരും വന്ന് മേശയ്ക്കും കൗണ്ടറുകൾക്കും ചുറ്റുമായി ഇരുന്നു. ഇതു പതിവില്ലാത്ത ഒരു നടപടിയായിരുന്നു. അവർ നോർമൻ സംസാരിക്കുന്നതു ശ്രദ്ധയോടെ കേൾക്കുകയും പത്രം ഇപ്പോൾ പ്രവർത്തിക്കുന്നതു ചില പുതിയ തത്വങ്ങൾക്കു വിധേയമായിട്ടാണെന്നു സമ്മതിക്കുകയും ചെയ്തു.

‘‘ഞാൻ നിങ്ങളെ ഇവിടെ വിളിച്ചു കൂട്ടിയത് പത്രത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തെ സംബന്ധിച്ച് എനിക്കുള്ള പദ്ധതി നിങ്ങളെ അറിയിക്കുവാനാണ്. ആവശ്യമെന്നു എനിക്കു തോന്നിയ, ഞാൻ വിശ്വസിക്കുന്ന ചില മാറ്റങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുവരെയും ഞാൻ ചെയ്ത ചില കാര്യങ്ങൾ തന്നെ ആളുകൾ വിചിത്രമെന്നു കരുതുന്നു എന്നെനിക്കറിയാം. ഞാൻ ചെയ്ത കാര്യങ്ങൾക്കു പിന്നിലെ ഉദ്ദേശ്യമെന്തെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.”

തുടർന്ന് അദ്ദേഹം ക്ലാർക്കിനോട് പറഞ്ഞ കാര്യങ്ങൾ അവരോടും വിശദീകരിച്ചു. അവർ പരിഭ്രമത്തോടെ തുറിച്ചു നോക്കിയിരുന്നു.

“ഈ നിലവാരത്തിൽ കാര്യങ്ങൾ തുടരാൻ തീരുമാനിച്ചിരിക്കന്നതുകൊണ്ട് ഞാൻ എത്തിച്ചേർന്നിരിക്കുന്ന ചില തീരുമാനങ്ങൾ നിങ്ങളെ അത്ഭുതപ്പെടുത്തുമായിരിക്കാം. ഈ വരുന്ന ഞായറാഴ്ചയ്ക്കു ശേഷം തുടർന്നുള്ള ഞായറാഴ്ചകളിൽ ഞായറാഴ്ചപ്പതിപ്പുകൾ ഇറക്കുന്നതല്ല. അത് പ്രസിദ്ധീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ ഈ ഞായറാഴ്ചത്തെ പത്രത്തിലുണ്ടാകും. വായനക്കാർക്ക് കൂടുതൽ വായന നൽകാൻ വേണ്ടി ശനിയാഴ്ചപ്പത്രങ്ങൾക്ക് ഇരട്ടി പേജുകൾ നമുക്ക് നൽകാം. ഒരു ക്രിസ്തീയ വീക്ഷണത്തിൽ നിന്നുകൊണ്ടു നോക്കുമ്പോൾ നമ്മുടെ ഞായറാഴ്ചപ്പതിപ്പിനെ തികഞ്ഞ ദ്രോഹമായി മാത്രമേ എനിക്കിപ്പോൾ കാണാൻ കഴിയുന്നുള്ളു. എന്റെ സ്ഥാനത്ത് യേശു ആയിരുന്നു എങ്കിൽ ഇങ്ങനെ ഒരു കാര്യം ഒരിക്കലും ചെയ്യുമായിരുന്നില്ല. പരസ്യങ്ങൾ തന്നിരുന്നവർക്കും വരിക്കാർക്കും ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ മനസ്സിലാക്കി വരാൻ അല്പം കൂടി സമയമെടുക്കും. അതൊക്കെ ഞാൻ നോക്കിക്കൊള്ളാം. എന്നാൽ മാറ്റം നടക്കുക തന്നെ ചെയ്യണം. ഞാൻ മനസ്സിലാക്കുന്നിടത്തോളം നഷ്ടം എനിക്കു മാത്രമേ ഉണ്ടാവൂ. റിപ്പോർട്ടർമാരോ പ്രസ്സ് ജീവനക്കാരോ അവരുടെ പ്രവർത്തനപദ്ധതികളിൽ മാറ്റമൊന്നും വരുത്തേണ്ടാ.”

അദ്ദേഹം മുറിയിൽ ചുറ്റും നോക്കി. ആരും ഒന്നും സംസാരിച്ചില്ല. തന്റെ പത്രപ്രവർത്തന കാലയളവിൽ ഒരിക്കൽപോലും ഇങ്ങനെ പത്രത്തിന്റെ സമസ്തമേഖലകളും തന്റെ മാത്രം തീരുമാനത്തിലേക്കു കൊണ്ടുവരുന്ന ഒരു സന്ദർഭം പോലും ഇതിനു മുമ്പ് ഉണ്ടായിട്ടില്ല എന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. യേശു ആയിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നോ? അവിടുന്ന് സ്നേഹം നിറഞ്ഞ ഒരു കുടുംബത്തിലെപ്പോലെ കാര്യങ്ങൾ ചെയ്തേനേം. എഡിറ്റർമാർ, റിപ്പോർട്ടർമാർ, പ്രസ്സ് ജോലിക്കാർ എല്ലാം കൂടിയിരുന്ന് തങ്ങളുടെ പത്രം എങ്ങനെയായിരിക്കണമെന്ന് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കും.





സാധാരണ വലിയ പത്രങ്ങളുടെ വ്യവസായിക വിജയത്തിനുള്ള സാങ്കേതികതകളിൽ നിന്നും തന്ത്രങ്ങളിൽ നിന്നും ഓഫീസ് നിയമങ്ങളിൽ നിന്നും അവിടുന്ന് അകന്നു തന്നെ നില്ക്കും. മെയിലിംഗ് ഹാളിലെ രംഗങ്ങൾ അദ്ദേഹത്തിന്റെ കൺമുമ്പിൽ മായാതെ തെളിഞ്ഞു തന്നെ നിന്നു. തന്റെ തീരുമാനങ്ങളിൽ ചകിതരായ ജോലിക്കാർ, അവരുടെ ചോദ്യങ്ങൾ, കണ്ണുകളിൽ തെളിയുന്ന ഭാവങ്ങൾ എല്ലാമെല്ലാം.

ക്ലാർക്ക് തിരികെ വന്ന് മുഖ്യനുമായി ദീർഘനേരം സംവാദിച്ചു. അദ്ദേഹം വികാരഭരിതനായിരുന്നു. അദ്ദേഹത്തിന്റെ പ്രതിഷേധം രാജിവയ്ക്കുന്നിടത്തോളം എത്തി. നോർമൻ സ്വയം നിയന്ത്രിച്ചു. ആ കൂടിക്കാഴ്ചയുടെ ഓരോ നിമിഷങ്ങളും അദ്ദേഹത്തെ സംബന്ധിച്ച് വേദനാജനകമായിരുന്നു. എന്നിരുന്നാലും ക്രിസ്തുവിനെപ്പോലെ കാര്യങ്ങളെ ചെയ്യുന്നതിനുള്ള ആവശ്യബോധം അദ്ദേഹത്തിൽ തീവ്രമായിരുന്നു. ക്ലാർക്ക് വളരെ കഴിവും സമർപ്പണവുമുള്ള ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ സ്ഥാനത്തു മറ്റൊരാളെ കണ്ടെത്തുക വളരെ വിഷമകരമായിരുന്നു. എന്നിരുന്നാലും ‘യേശു ആയിരുന്നെങ്കിൽ എങ്ങനെ’ എന്ന ചോദ്യവുമായി ഞായറാഴ്ചപ്പത്രം എങ്ങനെ തുടരാൻ കഴിയും എന്നതിനു ഉത്തരം കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. യേശു അതു പ്രസിദ്ധീകരിക്കില്ല.

“മുപ്പതു ദിവസത്തിനകം നാം കടബാദ്ധ്യതയിൽ ചെന്നവസാനിക്കും” ക്ലാർക്ക് പറഞ്ഞു. “കാര്യങ്ങൾ അതിലേക്കാണ് പോകുന്നത്. ഇക്കാര്യം നമുക്കു കണ്ടു മനസ്സിലാക്കാം”.

“ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. നാം കടക്കാരായിത്തീരും വരെ താങ്കൾക്കു പത്രത്തിൽ തുടരാൻ കഴിയുമോ?” നോർമൻ ഒരു പുഞ്ചിരിയോടെ ചോദിച്ചു.

“നോർമൻ, താങ്കളെ എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഞാനിതുവരെയ്ക്കും അറിഞ്ഞിരുന്ന ആളല്ല താങ്കൾ ഈ ആഴ്ചയിൽ.”

“എനിക്കു തന്നെ എന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല ക്ലാർക്ക്. എന്തോ ശക്തിയേറിയ ഒന്ന് എന്നെ പിടികൂടിയിരിക്കുന്നു. അതെന്നെ ഭരിക്കുന്നു. അതുകൊണ്ട് പത്രത്തിന്റെ വിജയ സാദ്ധ്യതയെക്കുറിച്ചും സ്വാധീനശക്തിയെക്കുറിച്ചും മുമ്പില്ലാത്ത വിധം ബോദ്ധ്യം ഇപ്പോൾ എനിക്കുണ്ട്. പക്ഷേ താങ്കൾ എന്റെ ചോദ്യത്തിനുത്തരം പറഞ്ഞില്ലല്ലോ. താങ്കൾക്ക് എന്നോടൊപ്പം നിൽക്കാൻ കഴിയുമോ?”

ക്ലാർക്ക് ചിന്താമഗ്നനായി. നിമഷങ്ങൾ കടന്നുപോയി. ഒടുവിൽ അദ്ദേഹം സമ്മതിച്ചു. നോർമൻ അദ്ദേഹത്തിന്റെ കരം പിടിച്ചു കുലുക്കി. എന്നിട്ടു തന്റെ ഡെസ്ക്കിലേക്കു തിരിഞ്ഞു. ക്ലാർക്ക് വികാരവിക്ഷുബ്ധനായി തന്റെ മുറിയിലേക്കു പോയി. ഈ ഒരാഴ്ച താൻ കടന്നു പോയതു പോലെ വിക്ഷുബ്ധമായ അനുഭവങ്ങൾ ഒരിക്കലുമുണ്ടായിട്ടില്ല എന്ന് അദ്ദേഹം ഓർത്തു: ഇപ്പോൾ താൻ ഏറ്റെടുക്കുവാൻ നിർബ്ബന്ധിതനായിത്തീർന്നിരിക്കുന്ന ഈ സാഹസകൃത്യം ഏതു നിമിഷവും തകർന്നടിയുകയും അതു തന്നെയും ഇതോടു ചേർന്നു നില്ക്കുന്ന എല്ലാറ്റിനെയും നശിപ്പിക്കുകയും ചെയ്യും. ക്ലാർക്കിന്റെ ഭയാശങ്കകൾ ഇതായിരുന്നു.

(*തുടരും*)

## ഗ്രഹാംസ്റ്റെയിൻസ് *പേജ് 17 ൽ നിന്ന് തുടർച്ച*

മായ പുരോഗതിക്ക് ഇതുപോലെയുള്ള ക്യാമ്പുകൾ സഹായിച്ചിട്ടുള്ളതായി ജില്ലാ ഭരണാധികാരികൾ പോലും സമ്മതിച്ചിട്ടുണ്ട്. സ്റ്റെയിൻസ് ആരേയും നിർബ്ബന്ധിച്ച് ക്രിസ്ത്യാനികളാക്കാൻ ശ്രമിച്ചില്ല. പ്രലോഭനങ്ങളാൽ ഒരുവനെ മതം മാറ്റാൻ കഴിഞ്ഞേക്കും. യഥാർത്ഥക്രിസ്തീയത മനസ്സുമാറ്റം ആകയാൽ ഒരുവനെ യഥാർത്ഥ ക്രിസ്ത്യാനിയാക്കാൻ സ്റ്റെയിൻസിനെന്നല്ല ആർക്കും തന്നെ കഴിയുകയില്ല. എന്നാൽ ക്രിസ്തീയ ഭവനങ്ങളിലെ വിവാഹങ്ങളിലും സ്നാന ശുശ്രൂഷകളിലും അവസരം കിട്ടിയാൽ അദ്ദേഹം സംബന്ധിച്ചിരുന്നു. മാതൃരാജ്യത്തേക്ക് ഇടയ്ക്കിടെ അയച്ചിരുന്ന കത്തുകൾ നൽകുന്ന സൂചന വനാന്തരങ്ങളിൽ യഥാർത്ഥ മാനസാന്തരങ്ങൾ നടന്നതായാണ്. സ്റ്റെയിൻസ് ദരിദ്രരായ ആദിവാസികളുടെയും ഗോത്രവർഗ്ഗക്കാരുടെയും ഇടയിൽ കുഷ്ഠരോഗ നിർമ്മാർജ്ജന യജ്ഞത്തിൽ ഏർപ്പെട്ടിരുന്ന സാമൂഹ്യ പ്രവർത്തകൻ മാത്രമായിരുന്നില്ല. രക്ഷകനായ യേശുക്രിസ്തുവിനോടുള്ള വിധേയത്വത്താൽ താൻ ശുശ്രൂഷിക്കുന്നവർ യേശുവിലൂടെയുള്ള യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കണം എന്നും അദ്ദേഹം ആഗ്രഹിച്ചു.

മനോഹർപൂരിൽ വച്ച് 58 വയസ്സുണ്ടായിരുന്ന ഗ്രഹാം സ്റ്റെയിൻസിനെയും പതിനൊന്നും ഒമ്പതുംവയസ്സു മാത്രം പ്രായമുള്ള ഫിലിപ്പ്, തിമോത്തി എന്നീ മക്കളെയും ധാരാസിംഗിന്റെ നേതൃത്വത്തിൽ കോപാക്രാന്തരായ ആ ജനക്കൂട്ടം രാത്രിയുടെ ഭീകരതയിൽ തീനാളങ്ങൾക്ക് ഇരയാക്കിയതിനു ശേഷമാണ് പുറംലോകം സ്റ്റെയിൻസ് കുടുംബത്തെപ്പറ്റി കൂടുതലായി ഗ്രഹിക്കുന്നത്. 13 കാരിയായ മകൾ എസ്തേറിനെയും പത്നി ഗ്ലാഡിസിനെയും തനിച്ചാക്കി ആ മനുഷ്യസ്നേഹിയും മക്കളും നിത്യതയിലേക്ക് പ്രവേശിച്ചപ്പോഴും 'അവർ വിശ്വാസത്താൽ സംസാരിക്കുകയായിരുന്നു'. മരണവാർത്ത അറിഞ്ഞ ഗ്ലാഡിസിന്റെ പ്രതികരണം ലോകമനഃസാക്ഷിയെ പിടിച്ചുകുലുക്കി. "എനിക്ക് ആരോടും പകയും കൈപ്പുമില്ല. എന്റെ ഭർത്താവിന്റെയും മക്കളുടെയും മരണത്തിന് ഉത്തരവാദികളായവരെ ശിക്ഷിക്കണം എന്ന ചിന്തയല്ല, മറിച്ച് അവർ അനുതപിച്ച് നല്ല പൗരന്മാരായിത്തീരണം എന്ന പ്രാർത്ഥനമാത്രമാണ് എന്റെ ഉള്ളിൽ." ഈ രാജ്യത്തെ ഓരോ പൗരനും അവരുടെ പാപങ്ങൾക്കു വേണ്ടി മരിച്ച യേശുക്രിസ്തുവുമായി വ്യക്തിപരമായ ബന്ധത്തിലേക്ക് വരണം എന്നും അവർ ആഗ്രഹിച്ചു. "നമുക്ക് വെറുപ്പും വിദ്വേഷവും കത്തിച്ചുകളയാം. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ദീപനാളങ്ങൾ പരത്താം" ഗ്ലാഡിസ് പറഞ്ഞു. "യേശു ജീവിക്കുന്നതുകൊണ്ട് എനിക്ക് നാളെയെ അഭിമുഖീകരിക്കാം' എന്നുള്ള ഗീതമാണ് സ്റ്റെയിൻസിന്റെ ശവസംസ്കാര ശുശ്രൂഷയിൽ അവർ പാടിയത്. മാദ്ധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ ഗ്ലാഡിസ് പറഞ്ഞു: "ഈ ക്രൂരകൃത്യം ചെയ്തവർക്ക് മാപ്പു നൽകണം. എന്റെ ഭർത്താവിന്റെയും മക്കളുടെയും ജീവിതത്തിന്റെ ദൈർഘ്യം നിർണ്ണയിച്ചത് സർവ്വശക്തനായ ദൈവമാണ്. അവിടുന്നാണ് ജീവൻ നൽകുന്നത്. തിരികെ എടുക്കുന്നതും അവിടുന്നുതന്നെ. മറ്റുള്ളവരെ ശുശ്രൂഷിക്കാനായി ഇത്രനാൾ അദ്ദേഹത്തിന് ഒരു ജീവിതം നൽകിയ ദൈവത്തോട് എനിക്ക് നന്ദിയുണ്ട്. ദൈവം നിർണ്ണയിച്ചതിലേറെ ദിനങ്ങൾ ആവശ്യപ്പെടാൻ നമുക്ക് അവകാശമില്ല. വീടിന്റെ വാരാന്തയിൽ നിരത്തിവച്ചിരുന്ന മൂന്നു ശവപ്പെട്ടികൾക്കരികെ നിന്ന ഗ്ലാഡിസ് സ്റ്റെയിൻസ്, യേശുക്രിസ്തുവിനുമാത്രം നൽകാൻ കഴിയുന്ന





ദിവ്യസമാധാനത്തിന്റെയും, സ്നേഹത്തിന്റെയും, ക്ഷമയുടെയും മൂർത്തീഭാവമായിരുന്നു. ആ മഹതിയുടെ ഉജ്ജ്വല വിശ്വാസം 13 കാരിയായ മകളിലേക്കും പകർന്നിരുന്നു. എസ്തേർ പറഞ്ഞു: "തനിക്കായി മരിക്കുവാൻ കർത്താവ് എന്റെ പിതാവിനെ യോഗ്യനായി എണ്ണിയതിന് ഞാൻ അവിടത്തെ സ്തുതിക്കുന്നു." പ്രവൃത്തികളുടെ പുസ്തകത്തിലെ ഒരു ഉദ്ധരണിയാണ് നാം കേട്ടതെന്ന് തോന്നിയാൽ അത്ഭുതം വേണ്ട. അതേ, രക്തസാക്ഷികളുടെ രക്തമാണ് എക്കാലത്തും സഭയുടെ വിത്തുകൾ!!

ഭർത്താവിന്റെ പൂർത്തിയാകാത്ത ദൗത്യം തുടരാനായി ഒറീസയുടെ മണ്ണിൽ തുടരാനുള്ള ഗ്ലാഡിസിന്റെ തീരുമാനത്തെയും മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി ബർപേഡയിലെ സാധുക്കളെ സേവിക്കാനുള്ള എസ്തേറിന്റെ ആഗ്രഹത്തെയും ദൈവം ആദരിക്കട്ടെ. ജീവിക്കുന്ന ഈ രക്തസാക്ഷികൾ നമ്മുടെ തണുപ്പൻ ക്രിസ്തീയതയ്ക്കു നേരെ ഉയർത്തുന്ന വെല്ലുവിളി നാം ശ്രദ്ധിക്കുമോ? "ലോകം അവർക്ക് യോഗ്യമായിരുന്നില്ല..." സാക്ഷികളുടെ ഇത്രവലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് .... നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം. ■

## ദൈവം അനുഭവിച്ചറിഞ്ഞത്... *പേജ് 21 ൽ നിന്ന് തുടർച്ച*

യിൽ ഭൂമിയെ തൂക്കുകയും അതവിടെ നില്ക്കുകയും ചെയ്യുന്നു. അവിടുന്നു ശക്തിയുടെ ആൾരൂപമാണ്.

എങ്കിലും അവിടുന്നു 'ബലഹീനതയിൽ ക്രൂശിക്കപ്പെട്ടു' (2 കൊരിന്ത്യർ 13:4).. ബലഹീനതയെന്നുവച്ചാൽ തന്നെ തന്നെ പ്രതിരോധിക്കാനുള്ള കഴിവില്ലായ്മയല്ല. ദൈവത്തിന്റെ ഹിതത്തിനായി അവിടുന്നു സമ്പൂർണമായി സമർപ്പിച്ചു എന്നാണർത്ഥം. ദൈവം എന്ന നിലയിലുള്ള തന്റെ പരിമിതിയില്ലായ്മ, പരിമിതിയുള്ള മനുഷ്യനാകാൻ വേണ്ടി അവിടുന്നു വിട്ടുകൊടുക്കുകയായിരുന്നു. ബലഹീനതയെന്നാൽ എന്തെന്ന് യേശുവിലൂടെ ദൈവം വ്യക്തിപരമായ ഒരു തലത്തിൽ കണ്ടെത്തി.

**തടവിലാകുന്ന അവസ്ഥ ദൈവത്തിന് എങ്ങനെ അറിയാം?**

മരണമടയുന്നവരുടെ ആത്മാക്കൾ ചെന്നു ചേരുന്ന പാതാളപറുദീസയും യാതനാസ്ഥലവും ദൈവമാണു സൃഷ്ടിച്ചതെങ്കിലും അവിടെയുള്ള ബദ്ധന്മാരുടെ അവസ്ഥ അവിടുന്ന് അനുഭവിച്ചറിഞ്ഞിരുന്നില്ല. എന്നാൽ യേശു ഭൂമിയുടെ അധോഭാഗങ്ങളിലേക്കിറങ്ങി അവിടെ മൂന്നു ദിനരാത്രങ്ങൾ കഴിച്ചു. (സങ്കീർത്തനം 18:5) എന്നാൽ അവിടെ നിന്നുവിടുതൽ നേടാൻ യേശു ഒരു ശ്രമവും നടത്തിയില്ല. മറിച്ച് അവിടുന്നു പിതാവിന്റെ കരുണയിൽ തന്നെത്തന്നെ ഭരമേല്പിക്കുകയാണുണ്ടായത്. ബദ്ധനായിരിക്കുന്ന അനുഭവം യേശുവിലൂടെ ദൈവം വ്യക്തിപരമായ തലത്തിൽ സ്വയം കണ്ടെത്തുകയായിരുന്നു.

എന്നാൽ ദൈവം യേശുവിനെ കല്ലറയിൽ നിന്ന് ഉയിർപ്പിച്ചു. ഫലം ഇന്ന് അവിടുന്ന് ഉയരങ്ങളിൽ നമ്മുടെ 'ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയുന്ന' മഹാപുരോഹിതനായി വാഴുന്നു (എബ്രായർ 4:15). മനുഷ്യന്റെ എല്ലാ ആവശ്യങ്ങളുടെ മേഖലയിലും യേശുവിലൂടെ കൂട്ടായ്മ പങ്കിടുവാൻ ദൈവത്തിനു ഇന്നു കഴിയും. യേശു മനുഷ്യനെ ദൈവത്തിന്റെ അടുത്തേക്കു കൊണ്ടുവന്നു; ഒപ്പം ദൈവത്തെ മനുഷ്യനിലേക്കും. യേശുവിലൂടെ അവിടുന്നു ചെയ്ത ഈ വലിയ പ്രവൃത്തിയെ-ഇത്രവലിയ രക്ഷയെ-തിരിച്ചറിയുമ്പോൾ ദൈവത്തെ സ്തുതിക്കുകയല്ലാതെ മറ്റെന്താണു നമുക്കു ചെയ്യാൻ കഴിയുക?

(**കടപ്പാട്:ഗ്രേയ്സ് ആൻഡ് ഗ്ലോറി**).

*ക്രിസ്തീയലോകത്തെ വാർത്തകൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ...*

# യിസ്രായേലിനെ തുടച്ചു നീക്കും:ഇറാൻ പ്രസിഡന്റ്

***ടെഹ്റാൻ:***സോവിയറ്റ് യൂണിയൻ അസ്തമിച്ചതുപോലെ ഒരുനാൾ യിസ്രായേലും ലോകഭൂപടത്തിൽനിന്ന് തുടച്ചുനീക്കപ്പെടുമെന്ന് ഇറാൻ പ്രസിഡന്റ് അഹമ്മദി നെജാദ് പ്രസ്താവിച്ചു. യിസ്രായേലിന്റെ ദിനങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞു എന്നും അദ്ദേഹം ഭീഷണിപ്പെടുത്തി.

രണ്ടാംലോകമഹായുദ്ധകാലത്ത് നാസികൾ യഹൂദവംശജരെ കൂട്ടക്കൊല ചെയ്തുവെന്നത് ഊതിപ്പെരുപ്പിച്ച പ്രചാരണമായിരുന്നുവെന്നു വിശ്വസിക്കുന്നവരുടെ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അഹമ്മദി നെജാദ്. ഇറാൻ മുൻകൈയെടുത്ത് ടെഹ്റാനിലാണ് ഈ ദ്വിദിനസമ്മേളനം വിളിച്ചുകൂട്ടിയത്.



രണ്ടാംലോകമഹായുദ്ധകാലത്ത് ജർമ്മനിയിൽ നടന്ന യെഹൂദവംശഹത്യയാണ് യെഹൂദർക്കനുകൂലമായി ലോകവ്യാപകമായി സഹതാപതരംഗം ഉണർത്തിവിട്ടതും ഒടുവിൽ യിസ്രായേലിന്റെ ജനനത്തിനു വഴിവച്ചതും. എന്നാൽ ഇത് യഹൂദരാജ്യം സൃഷ്ടിക്കാൻ വേണ്ടി നടത്തിയ നുണപ്രചാരണമായിരുന്നു എന്ന് സമ്മേളനം വിലയിരുത്തി. ഇതേക്കുറിച്ചു പഠിച്ചു യാഥാർത്ഥ്യം പുറത്തുകൊണ്ടുവരുവാൻ ഒരു കമ്മീഷനും ഈ സമ്മേളനം രൂപം നൽകി.

## പൗലോസിന്റെ പേരിൽ...

***വത്തിക്കാൻ സിറ്റി:***അപ്പോസ്തലനായ പൗലോസിന്റെ തിരുശേഷിപ്പുകൾ ഉള്ളടക്കം ചെയ്തതെന്ന് അവകാശപ്പെടുന്ന മാർബിൾകൊണ്ടുള്ള ഒരു ശവപ്പെട്ടി റോമിലെ ഒരു പള്ളിയിൽ ഭക്തജനദർശനത്തിനായി റോമൻകത്തോലിക്കസഭ പ്രദർശിപ്പിക്കാൻ ആരംഭിച്ചു!. പൗലോസ് കൊല്ലപ്പെട്ടതെന്നു കരുതുന്ന പ്രദേശത്ത് എ.ഡി.324 ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി പണികഴിപ്പിച്ച പള്ളിയിലാണ് ഈ തിരുശേഷിപ്പ് പ്രദർശനം. നാലുവർഷമായി ഈ പ്രദേശത്തു നടത്തിയ പര്യവേക്ഷണത്തിന്റെ അന്ത്യത്തിലാണ് പെട്ടികിട്ടിയതെന്ന് വത്തിക്കാൻ വൃത്തങ്ങൾ അവകാശപ്പെട്ടു.

## എയിഡ്സ്: ഒന്നാം സ്ഥാനം ഇന്ത്യയ്ക്ക്!

***ന്യൂഡൽഹി:*** ഐക്യരാഷ്ട്രസഭയുടെ ഏറ്റവും പുതിയ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ 57 ലക്ഷം എയ്ഡ്സ് രോഗികൾ ഉണ്ട്. യു.എൻ.റിപ്പോർട്ട് ശരിയാണെങ്കിൽ ലോകത്ത് ഏറ്റവും കൂടുതൽ എച്ച്.ഐ.വി.ബാധിതരുള്ള രാജ്യം ഇന്ത്യയാണ്. എയ്ഡ്സിനെതിരേയുള്ള ഐക്യരാഷ്ട്രസംഘടനയുടെ വിഭാഗമായ യു.എൻ. എയ്ഡ്സ് 2006 ഡിസംബറിൽ പുറത്തിറക്കിയ റിപ്പോർട്ടിലാണ് ഈ വിവരം ഉൾക്കൊള്ളിച്ചിരിക്കുന്നത്. പക്ഷേ ഇതിനൊരു മറുവശമുണ്ട്. അതായത് ഇന്ത്യയിലെ ജനസംഖ്യയുടെ 0.9 ശതമാനം മാത്രമാണ് എച്ച്. ഐ.വി.ബാധിതർ. അതേസമയം ദക്ഷിണാഫ്രിക്കയുടെ കാര്യത്തിൽ ഇതു 19 ശതമാനമാണ്. ഇന്ത്യയേക്കാൾ ഏകദേശം 19 ഇരട്ടി. ലോകത്ത് ഏറ്റവും കൂടുതൽ എച്ച്.ഐ.വി.ബാധിതരുള്ള രാജ്യം ഇന്ത്യ ആയതിന്റെ പ്രധാനകാരണങ്ങളിൽ ഒന്ന് ഇന്ത്യയുടെ വർദ്ധിച്ച ജനസംഖ്യയാണ്. ലോകത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഒന്നാമത് ചൈനയാണ്. പക്ഷേ അവിടെ ആറര ലക്ഷം പേർ മാത്രമാണ് എച്ച്.ഐ.വി. ബാധിതർ എന്നതും പറയാതെ വയ്യ.

●





# ക്രിസ്തുവിൽ നിന്ന് അകന്നുപോകുന്നത് എങ്ങനെ തടയാം?*പേജ് 29 ൽ നിന്ന്*

ആക്രമിക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് ഞണ്ടുകൾ സ്വയരക്ഷയ്ക്കുവേണ്ടി നിരന്തരം പോരാടുന്നു. കാലക്രമേണ, അവയ്ക്കു ഒരു പുറംതോട് വളരുന്നു; അതോടൊപ്പം തന്റെ നിലനിൽപ്പിനുവേണ്ടി ശക്തമായ സഹജവാസനയും. അസാധാരണമെന്നു പറയട്ടെ, ചിലപ്പോൾ ഞണ്ടുകളുടെ കുടുംബത്തിൽപ്പെട്ട ചിലവ നിലനില്പിനുവേണ്ടിയുള്ള ഈ പോരാട്ടം ഉപേക്ഷിക്കും. സുരക്ഷിതമായ അഭയസ്ഥാനം തേടി, അവ കടലിലെ മറ്റു ജീവികൾ ഉപേക്ഷിച്ച പുറംന്തോടിൽ അഭയം പ്രാപിക്കും. ഈ ഞണ്ടുകൾ 'സന്യാസി ഞണ്ടുകൾ' എന്ന പേരിലാണ് പിന്നീട് അറിയപ്പെടുന്നത്. സുരക്ഷിതത്വത്തിനുവേണ്ടി അവ നേരിട്ടുള്ള പോരാട്ടങ്ങളിൽ നിന്ന് പിൻമാറി മുൻകൂട്ടി തയ്യാറായിരിക്കുന്ന പുറന്തോടുകളെന്ന വീടുകളിലേക്ക് രക്ഷപ്പെടുന്നു.

പക്ഷേ സന്യാസി ഞണ്ടുകളുടെ 'സുരക്ഷാഭവനങ്ങൾ' വിലകൊടുക്കേണ്ടതും നാശകരവുമാണ് എന്ന് പിന്നീടു തെളിയും. പോരാട്ടക്കുറവു മൂലം സന്യാസി ഞണ്ടുകളുടെ ശരീരത്തിലെ പ്രധാന ഭാഗങ്ങൾ ക്രമേണ നശിക്കാൻ തുടങ്ങും. അവയുടെ അവയവങ്ങൾ ഉപയോഗക്കുറവു നിമിത്തം തളരും. കാലക്രമേണ, അവയ്ക്ക് ചലനശക്തി നഷ്ടപ്പെടും.

അതേസമയം, പോരാട്ടങ്ങളിൽ തുടർന്ന ഞണ്ടുകൾ വളരുകയും പുഷ്ടിപ്പെടുകയും ചെയ്തു. ശക്തമായ തിരമാലകളെ എതിരിട്ട ഇവരുടെ അഞ്ച് ജോടി കാലുകൾ മാംസളമാവുകയും ശക്തമാവുകയും ചെയ്തു. അവയെ പിടികൂടാൻ വരുന്ന ജീവികളിൽ നിന്ന് തന്ത്രപൂർവ്വം പാറക്കെട്ടുകളുടെ അടിയിൽ ഓടി രക്ഷപ്പെടാനും അവ പഠിച്ചു കഴിഞ്ഞു.

ഈ പ്രകൃതിനിയമവും ആത്മാവിന്റെ നിയമത്തെ ഉദാഹരിക്കുന്നു. വിശ്വാസികളായിരിക്കെ കഷ്ടങ്ങളാകുന്ന തിരമാലയ്ക്കു പുറമേ തിരമാല നമ്മെ മേലോട്ടെറിയുകയും ശക്തമായി ആവർത്തിച്ച് അടിക്കുകയും ചെയ്യാം. നമ്മെ പിടികൂടാനായെത്തുന്ന ദുഷ്ട മൃഗങ്ങളെ സാത്താന്റെ വാഴ്ചയിലും അധികാരത്തിലും നാം കണ്ടുമുട്ടുന്നു. നാം പോരാടുന്തോറും ശക്തിയാർജ്ജിക്കുന്നു. സാത്താൻ നമുക്കെതിരായി തന്ത്രങ്ങൾ ഉപയോഗിക്കുമ്പോൾ നാം അത് മനസ്സിലാക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നതുവഴി നാം നമ്മുടെ യഥാർത്ഥ അഭയം കണ്ടുപിടിക്കുന്നു- "പാറയിലെ പിളർപ്പ്". അങ്ങനെ എങ്കിൽ മാത്രമേ നമ്മുടെ പോരാട്ടത്തിന്റെ നടുവിൽ നാം സുരക്ഷിതരായിരിക്കൂ.

## നസ്രേത്തിലെ തച്ചന്റെ പണിശാലയിലെ വാഗ്വാദം

ഒരിക്കൽ ഒരു ആശാരിയുടെ പണിയായുധങ്ങൾ ഒരു കോൺഫറൻസിനായി ഒരു മിച്ചുകൂടി. ബ്രദർ കൊട്ടുവടിയായിരുന്നു അദ്ധ്യക്ഷൻ. മീറ്റിംഗിൽ ചില ആളുകൾ എഴുന്നേറ്റ് അയാൾ വളരെ ശബ്ദമുണ്ടാക്കുന്ന ഒരുവനായതിനാൽ അയാളെ പുറത്താക്കണമെന്ന് അഭിപ്രായപ്പെട്ടു.

അപ്പോൾ ബ്രദർ കൊട്ടുവടി പറഞ്ഞു:"ഞാൻ പോകുന്ന പക്ഷം ബ്രദർ തിരിയുളിയും പോയേ മതിയാവൂ. കാരണം, വളരെ നിസ്സാരമായ ഒരു പ്രവൃത്തിയേ അയാൾ ചെയ്യുന്നുള്ളൂ. വളരെ ചെറിയ ഒരു ദ്വാരം സൃഷ്ടിക്കുക- അത്രമാത്രം."

ബ്രദർ തിരിയുളി എഴുന്നേറ്റ് പറഞ്ഞു:"അങ്ങനെയെങ്കിൽ സഹോദരൻ പിരിയാണിയും പോയേ മതിയാവൂ. എന്തെന്നാൽ അയാളെ ഒരിടത്തൊന്നു കയറ്റണമെങ്കിൽ പിന്നേയും പിന്നേയും തിരിച്ചു തിരിച്ച് നാം വശംകെട്ടുപോകും."

സഹോദരൻ പിരിയാണി പറഞ്ഞു:"നിങ്ങൾക്ക് അതാണ് അഭിപ്രായമെങ്കിൽ ഞാൻ പൊയ്ക്കൊള്ളാം. എന്നാൽ ബ്രദർ ചിന്തേരുളിയെക്കൂടി പുറത്താക്കിയേ പറ്റൂ. എന്താണെന്നോ കാരണം? അശേഷം പോലും ആഴമില്ലാതെ ഉപരിതലത്തിൽ മാത്രമുള്ള ഒരു വേലയല്ലേ അയാൾ ചെയ്യുന്നത്.?"

ഇതു കേട്ട് ചിന്തേരുളി പറഞ്ഞു:"കൊള്ളാം കൊള്ളാം! ഞാൻ പോകുന്ന പക്ഷം സഹോദരൻ മുഴക്കോലും പോകണം. തന്റെ കണക്കാണു ശരിയെന്നു പറഞ്ഞ് സകലരേയും അളന്നു നോക്കുകയാണല്ലോ അയാളുടെ പണി"

അപ്പോൾ മുഴക്കോൽ സഹോദരൻ പറഞ്ഞു:"ഞാൻ പൊയ്ക്കൊള്ളാം. എന്നാൽ ഈ ബ്രദർ സാൻഡ്പേപ്പറിനെ നോക്കൂ. വേണ്ടാത്തിടത്തൊക്കെ ഉരസലുണ്ടാക്കുന്ന ആ ശല്യക്കാരനെ നിങ്ങൾ വെച്ചുപൊറുപ്പിക്കരുത്."

ഈ ചർച്ച ഇങ്ങനെ മുന്നേറിക്കൊണ്ടിരിക്കെ നസ്രേത്തിലെ ആ മരയാശാരി അവിടെ പ്രവേശിച്ചു. അദ്ദേഹം തന്റെ പണിക്കുപ്പായം എടുത്തണിഞ്ഞു. തന്റെ അന്നത്തെ പണിക്കായി അദ്ദേഹം ആലയിൽക്കയറി. പിരിയാണി, തിരിയുളി, സാൻഡ്പേപ്പർ, ചീപ്പ് വാൾ, കൊട്ടുവടി, ചിന്തേര്, മുഴക്കോൽ എല്ലാവരേയും അദ്ദേഹം തക്കതക്ക സ്ഥാനത്തും സമയത്തും ഉപയോഗിച്ചു.

അന്നത്തെ പണികഴിഞ്ഞപ്പോൾ ബ്രദർ ചീപ്പ് വാൾ എഴുന്നേറ്റ് ഇപ്രകാരം പറഞ്ഞു:"സഹോദരന്മാരേ, നാം എല്ലാവരും ദൈവത്തിന്റെ കൂട്ടുവേലക്കാരാണെന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു."

ഈ ആയുധങ്ങളിൽ ഓരോന്നിനേയും പറ്റി പറഞ്ഞ ആരോപണങ്ങളെല്ലാം ഒരളവിൽ സത്യമായിരുന്നു. എന്നാൽ നസ്രേത്തിലെ തച്ചൻ അവയിലോരോന്നിനേയും തന്റെ പണിക്ക് ഉപയോഗിച്ചു. അവയിലേതെങ്കിലും ഒന്നിനെ ഉപയോഗിച്ച സ്ഥാനത്ത് മറ്റൊന്നിനെക്കൊണ്ട് ആ കൃത്യം സാധിക്കുമായിരുന്നില്ല.

ദൈവം നമ്മെ ഒരേതരത്തിലല്ല സൃഷ്ടിച്ചിട്ടുള്ളത്. നമ്മിലോരോരുത്തരേയും അവിടുന്ന് ഓരോ പ്രത്യേകകൃത്യത്തിനായി ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. ആ കൃത്യം മറ്റൊരാൾ ചെയ്യുന്ന പ്രവൃത്തിയിൽ നിന്ന് വ്യത്യസ്തമായിരിക്കുകയും ചെയ്യും. "അതുകൊണ്ട് നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ......ബഹുമാനിക്കുന്നതിൽ മുന്നിട്ടുനിൽക്കുവിൻ" (റോമർ 12:10).




# ജീവ മൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 5 ജനുവരി 2007 ലക്കം 1



**എഡിറ്റോറിയൽ ബോർഡ്**

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**

**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)



'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്:
0469-2606720, 9847397369 (mobile)

**വാർഷികവരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

*എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :*

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള 686 016, ഫോൺ: 0481 - 2392753,
e-mail : jeevamozhikal@gmail.com

*മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.*



**വിദേശപ്രതിനിധികൾ**

*യു. എസ്. എ*
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
ഇ-മെയിൽ: benoyjames@hotmail.com

*ദുബായ്*
ഫ്രാൻസിസ് ജോൺ (റജി)
മൊബൈൽ: 97150 - 6584700
ഇ-മെയിൽ : francis@kitgulf.com